# WETLAND CONSERVATION
# നീർത്തട സംരക്ഷണം

*"Umayanalloor Ela Wetland Conservation:*
*From Ponds to Agriculture and Panchayat Members"*



HELP Foundation
Human Empowerment & Livelihood Promotion



Pullankuzhi Vayal
Eeerathu Chira
Kudiiruthu Vayal
Eerathu Chira-Ambala Chira Thoodu
Kundu Kulam
Ambala Chira


പാരമ്പര്യത്തിന്റെ
കൈയൊപ്പ്!
അനുഭവം,
അതാണ് സത്യം!
916 BIS HALLMARKED
CELEBRATING 100 YEARS
CHUNGATH
Jewellery
M.G. Road, ERNAKULAM Ph : 0484-2369916
Ayurveda College Jn., THIRUVANANTHAPURAM Ph : 0471-2464916
KOLLAM Ph : 0474-2745214
KARUNAGAPPALLY Ph : 0476 - 2632030
Valet Parking Available | OPEN ON SUNDAYS
HUES


Paranthi Vayal
Oottu Kulam
Kovur Kulam
Kovur Chira
Pattaru Kullam
Muthukulathu Kuzhi

# WETLAND CONSERVATION
## നീർത്തട സംരക്ഷണം

## A STUDY REPORT BY
HELP Foundation on
Umayanallor Ela Wetland Conservation
to ensure Water and Food security

(മയ്യനാടിന്റെ കുടിവെള്ള ലഭ്യതയും, ഉമയനല്ലൂർ ഏലായിലെ നെൽക്കൃഷിയുടെ
പുനരുജ്ജീവനവും ഉറപ്പാക്കുന്നതിനുവേണ്ടി ഉമയനല്ലൂർ ഏലാ
സംരക്ഷിക്കുന്നതിനുള്ള സമഗ്രമായ പഠന റിപ്പോർട്ട്)

ഉപഭോക്താക്കൾ:
മയ്യനാട് ഗ്രാമപഞ്ചായത്ത്, മുഖത്തല ബ്ലോക്ക് പഞ്ചായത്ത്,
കൊല്ലം ജില്ലാ പഞ്ചായത്ത്, മയ്യനാട് കൃഷിഭവൻ, ഫിഷറീസ് ഡിപ്പാർട്ട്മെന്റ്,
മയ്യനാട് വില്ലേജ് ഓഫീസ്, ഗ്രാമവികസനസമിതി,
കർഷകർ, പരിസ്ഥിതി സംരക്ഷകകർ)

Kayavil House, Kayavil Junction, Mayyanad PO, Mukkam, Kollam 691303,
Ph: 0474-2556414, +918891502154
www.helpfoundation.in, Email:help.foundation@rocketmail.com

## AUTHORS

Shri Sivanandan, Panavilla Veedu, Pullichira
Late Smt.  Vijayalekshmi, Velikkattu, Umayanalloor
Shri. Hameed Muzhangodi, Umayanallor
Shri. Rafeeq Latheef, Umayanallor
Shri. Gopalakrishna Pillai, Umayanallor
Shri. V Sisupalan, Sasthamthodiyil, Mayyanad
Smt. Lovecy Antony, Kakkottumoola
Shri. Jesmis Kavunthanam, Kollam
Shri. G. Sasikumar, Naduvelil Thodiyil, Umayanallor
Shri. Manoj V, Ashramam
Shri. K. Vijayakumar, Puthazhikatu Veedu, Umayanallor
Shri. Rajkumar, Thazhathucherry, Kootikkada
Ms. Mrinalini Sherly Peter, Umayanalloor
Shri. Chandrababu, Puthazhikatu Veedu, Umayanallor
Shri. Padmajan K.S., Changattu, Mayyanadu

Research & Analysis: Prof. Peter Pradeep, HELP Foundation

Editor : Shri Arch Bald, Nediyazhicom, Mukkam, Mayyanad

Publisher : Shri Jesmis J Kavumthanam, HELP Foundation
Shri Sanoj Herbert, HELP Foundation

# ഉള്ളടക്കം


**1. ആമുഖം....................................................................9**

**2. ഉമയനല്ലൂർ ഏലാ തണ്ണീർത്തടം........................................ 10**

**3. ഉമയനല്ലൂർ ഏലാ കുടിയിരുത്ത് വയൽ ആവാസവ്യവസ്ഥ ............. 11**

3.1. പുല്ലാംകുഴി വയൽ ..........................................................12

3.2. ഏറത്ത് ചിറ (പുല്ലാംകുഴി കുളം)........................................12

3.3. കുടിയിരുത്ത് വയൽ ......................................................13

3.4. കുണ്ടുകുളം ............................................................... 14

3.5. ഏറത്ത് ചിറ – അമ്പലചിറ – തോട്.................................... 14

**4. അമ്പലച്ചിറ ആവാസവ്യവസ്ഥ (Ambalachira Ecosystem) ...................15**

4.1. അമ്പലച്ചിറ ..................................................................16

4.2. അമ്പലക്കുളം...............................................................17

**5. കോവൂർ ചിറ ആവാസവ്യവസ്ഥ ............................................. 17**

5.1. മുതുകുളത്തിൽ കുഴി.......................................................18

5.2. കോവൂർകുളം ..............................................................19

5.3. ഊറ്റുകുളം .................................................................19

5.4. പട്ടരുകുളം ................................................................ 20

5.5. പറന്തിവയൽ............................................................... 20

6. ഉമയനല്ലൂർ ഏലാ ആവാസവ്യവസ്ഥ (Umayanalloor Ela Ecosystem)................. 22

ഉമയനല്ലൂർ എലായുടെ തെക്കുഭാഗത്തുള്ള കുളങ്ങൾ ........................... 23

6.1. കാര്യത്തുകുളം (മൃഗാശുപത്രി കുളം)....................................... 23

6.2. കുറ്റിക്കാട്ട് കുളം.............................................................. 24

6.3. കാണ്ടശ്ശേരികുളം.............................................................. 25

**ഉമയനല്ലൂർ എലായുടെ പടിഞ്ഞാറു ഭാഗത്തുള്ള കുളങ്ങൾ.................. 26**

6.4. ആലക്കുളം (ആറാട്ട് കുളം) മണ്ണാണികുളം............................... 26

6.5. ആറാട്ടുകുളം ................................................................. 26

6.6. അടവുതേനുഅമ്മക്കുളം. ...................................................... 27

6.7. കീഴ്ച്ചേരിക്കുളം. ............................................................. 27

**ഉമയനല്ലൂർ ഏലായുടെ വടക്കേഭാഗത്തുള്ള കുളങ്ങൾ ........................ 28**
6.8. മണ്ണാണിക്കുളം........................................................ 28
6.9. കളീയ്ക്കൽ കുളം...................................................... 28
6.10. ഈഴരകുളം ............................................................ 29
6.11. മറ്റപള്ളി വടക്കുംഭാഗം കുളം...................................... 30
6.12. കോൺക്രീറ്റ് തോട്.................................................... 30
**ഉമയനല്ലൂർ ഏലായുടെ കിഴക്കെഭാഗത്തുള്ള കുളങ്ങൾ ........................31**
6.13. കോവിപുറം കുളം.....................................................31
6.14. വെളുത്തേടം കുളം ....................................................31
6.15. മറ്റപള്ളി തെക്കേ കുളം .............................................. 32
**7. ഉമയനല്ലൂർ ഏലാ കാരിക്കുഴി ഏലാ ബാന്ധവം ......................... 33**
(Umayamallor Ela Wetlands Thodu Linkage through to Kazhikkuzhi Ela Wetlands) ............................. 33
7.1. അമ്പലചിറ – ഉമയനല്ലൂർ ഏലാതോട്........................................ 33
7.2. കോവൂർചിറ ഉമയനല്ലൂർ ഏലാ തോട് ....................................... 34
7.3. വള്ളിയമ്പലം തോട്....................................................... 35
7.4. മണ്ണാണിക്കുളം തോട് ...................................................... 35
7.5. ആറാട്ട്കുളം തോട് ........................................................ 36
**8. ഉമയനല്ലൂർ ഏലായും ശ്രീ ബാലസുബ്രമണ്യസ്വാമിക്ഷേത്രവും ........ 37**
വാർഷിക ഉത്സവം............................................................ 38
ആനവാൽ പിടി............................................................... 39
ഉമയനല്ലൂർ ഏലായുടെ പ്രസക്തി ........................................... 39
**9. സംരക്ഷണ പരിപാലന നിർദ്ദേശങ്ങൾ ...................................40**
9.1. ജനറൽ ............................................................... 40
9.2. പഞ്ചായത്ത്............................................................ 41
9.3. മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പു പദ്ധതി ............................ 41
9.4. ചെറുകിട ജലസേചന വകുപ്പ്............................................. 42
9.5. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്.................................. 42
9.6. റവന്യൂ വകുപ്പ്.......................................................... 42
9.7 ആരോഗ്യവകുപ്പ്.......................................................... 43
9.8 മലിനീകരണ നിയന്ത്രണ ബോർഡ്........................................... 44
9.9 യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പിലാക്കേണ്ട നിർദ്ദേശങ്ങൾ
*(Specific Conservation Recommendations to be taken up on urgent basis)....... 44*
**10. റഫറൻസ്................................................................ 46**
1. മയ്യനാട് ഗ്രാമപഞ്ചായത്ത്................................................. 46
2. കൃഷി ഓഫീസ് ............................................................ 46
3. വില്ലേജ് ഓഫീസ്........................................................... 46
4. പാടശേഖര സമിതി.......................................................... 47
**11. ഐശ്വര്യത്തിലേക്കുള്ള രാജപാത ഒരുക്കുന്നു.......................... 47**

# അവതാരിക

ആറ്റിങ്ങൽ
23 - 05 - 2016

അഭിനന്ദനങ്ങൾ കടുത്ത പരിശ്രമം ഈ പഠനത്തിന് വേണ്ടി വന്നിട്ടുണ്ട്. പലരും പലയിടത്തും മാത്രം കേട്ടിരുന്ന ഒരാശയം ഗ്രാമതലത്തിൽ പാടത്തും യാഥാർത്ഥ്യമാക്കാൻ കഴിയുന്ന മാർഗ്ഗരേഖയാണ് ഈ പഠന റിപ്പോർട്ട്.

കൊല്ലം ജില്ലയിലെ മയ്യനാട് ഗ്രാമപഞ്ചായത്തിലെ ഉമയനല്ലൂർ ഏലായിൽ പരമ്പരാഗതമായി ഒരുപ്പൂ കൃഷി ചെയ്യുന്ന 250 ഏക്കറോളം വരുന്ന പാടശേഖരങ്ങൾ പൂർണ്ണമായും ഇരുപ്പൂവാക്കി മാറ്റി ജല സേചനം പൂർണ്ണമായി നിയന്ത്രണവിധേയമാക്കുവാനുള്ള സ്ഥിതി ഉണ്ടാക്കിയാൽ മൂന്ന് പൂവും യന്ത്ര വൽക്കൃത സഹായത്തോടുകൂടി കൃഷി ചെയ്യാനുള്ള സാഹചര്യം സമാഗതമായിട്ടുണ്ട്. കല്ലട ജല സേചന പദ്ധതിയിൽ നിന്ന് കിട്ടുന്ന ജലം കുടിവെള്ളത്തിന് ലഭ്യമാക്കിയതിൽ സിദ്ധിക്കപ്പെട്ട ഒരു സാധ്യതയെ മികച്ച രീതിയിലുള്ള നെൽകൃഷി വികസനത്തിന് ഉപയോഗപ്പെടുത്തുകയാണ്. അത് മാതൃകാപരമാണ്.

ഈ പദ്ധതി നടപ്പിലാക്കുക വഴി അതും വിപുലമായ കർഷക പങ്കാളിത്തത്തിലൂടെ നെല്ലുല്പാദനം ഇപ്പോഴത്തിന്റെ ഇരട്ടിയിലേറെ ആക്കുവാൻ കഴിയും.

വിപുലമായ അധിക തൊഴിൽ സൗകര്യം, അധികരിച്ചുള്ള കുടിവെള്ള ലഭ്യത, അധിക ആദായവും ലാഭവും കർഷകർക്ക് എത്തിക്കുവാൻ കഴിയുമെന്നാണ് ലക്ഷ്യമാക്കിയിരിക്കുന്നത്. പദ്ധതിയുടെ പ്രോജക്റ്റും ഇത് സംബന്ധിച്ച് സർക്കാരിൽ നിന്നും വിവിധ ഏജൻസികളിൽ നിന്നും സാമ്പത്തികസ ഹായങ്ങൾ നേടിയെടുക്കുന്നതിന് കർഷകരെ സഹായിക്കുവാൻ മുന്നോട്ട് വന്നിരിക്കുന്നത് സന്നദ്ധ സംഘടനയായ ഹെൽപ്പ് ഫൗണ്ടേഷൻ ആണ്. അനുമോദനാർഹമായ പ്രവൃത്തിയാണിത്.

നമ്മുടെഗ്രാമതല വികസന പ്രവർത്തനങ്ങളുടെ മേഖലയിൽ ഒരു പുതിയ കാൽവയ്പാണ്. വിപുലമായ കർഷക കൂട്ടായ്മയിലൂടെ പരിസ്ഥിതിക്കും കോട്ടം വരുത്താതെ നെൽവയലുകളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുകയും അതേ സമയം സാമ്പത്തികവും സാമൂഹികവുമായ കർഷക ശാക്തീകരണവും യാഥാർത്ഥ്യമാവുകയാണ്. ഇതിനായി തയ്യാറാക്കിയിരിക്കുന്ന പഠനരേഖ നീർത്തട സംരക്ഷണ മേഖലയിലെ ഒരു മാതൃകാ പ്രസ്ഥാനമായി വളരുമെന്നത് നിസ്സംശയമാണ്.

150ൽപരം കർഷക കുടുംബങ്ങൾ ഒത്തുചേർന്ന് പ്രവർത്തിക്കുന്നതും മുപ്പത്തിഅഞ്ചോളം ഔദ്യോഗിക അനൗദ്യോഗിക ഏജൻസികളുടെ കൂട്ടായ്മയും ലക്ഷ്യമിടുന്നതും മറ്റൊരു സവിശേഷതയാണ്.

ഇരുനൂറ്റമ്പതോളം ഏക്കർ വരുന്ന ഒരുപ്പൂ നിലങ്ങളെ ഒരുപ്പൂവിൽ നിന്നും ഇരുപ്പൂവും മൂന്ന് പൂവും ആക്കുകയും ചെയ്യുമ്പോൾ അത് സൃഷ്ടിക്കുന്നത് നെല്ലും വയ്ക്കോലും മാത്രമായിരിക്കരുത്. ഇതു രണ്ടിനേയും മൂല്യവർദ്ധിത ഉൽപന്നങ്ങളുടെ ശ്രേണിയാക്കി മാറ്റാനുള്ള പരിശ്രമങ്ങളും തുടക്കത്തിലേ തന്നെ ആരംഭിക്കണം. അതോടൊപ്പം തന്നെ കുടിവെള്ളമേഖലയിൽ അധികമായി കൃഷി ചെയ്യാൻ കഴിയുന്ന പുതിയ വയലേലകൾ സൃഷ്ടിക്കുന്ന ജലസമൃദ്ധിയുടെ മൂല്യം വരൾച്ച അനുഭവിക്കുന്ന വർത്തമാനകാലം കണക്കിലെടുത്ത് തിട്ടപ്പെടുത്തേണ്ടതുണ്ട്.

സാമൂഹ്യ സംഘടനകൾക്ക് (എൻ.ജി.ഒ.) ഇടപെടാൻ പാത ഒരുക്കുകയും നിലം നികത്തലുകൾക്ക് വഴിയൊരുക്കുകയും ചെയ്യുന്ന വിലപ്പെട്ട നീർത്തട പ്രദേശങ്ങളെ ആധുനിക രീതിയിൽ ഉപയോഗപ്പെടുത്തുന്ന വികസന യത്നങ്ങളുടെ അഭാവമുണ്ടെങ്കിൽ അതിന്റെ പരിഹാരം ഇവിടെ വിഭാവനം ചെയ്യുന്ന ജനകീയ കൂട്ടായ്മയിലൂടെ ഒരു പുതിയ മാർഗ്ഗം പടുത്തുയർത്തും.

ഇതിന്റെ വിജയം വികസനം മോഹിക്കുന്ന എല്ലാ ഉൾനാടൻ ഗ്രാമങ്ങൾക്കും മാർഗ്ഗദർശമാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു. അതിന് സമ്പൂർണ്ണമായ ജനപങ്കാളിത്തം ലഭിക്കുമെന്ന് എനിക്ക് ഉറപ്പുണ്ട്. കാർഷിക രംഗത്തെ പുത്തൻ ജനകീയ മുന്നേറ്റത്തിന് ത്രിതല പഞ്ചായത്തുകളുടെ സർവ്വാത്മനായുള്ള സാമ്പത്തിക സഹായസഹകരണങ്ങൾ ലഭിക്കുമെന്ന് പ്രത്യാശിക്കുന്നു.

**ആർ. ഹേലി**
**മുൻ കൃഷി വകുപ്പ് ഡയറക്ടർ**

# 1. ആമുഖം

നീർത്തടങ്ങളുടെ ആരോഗ്യമാണ് വികസനത്തിന്റെ കാതൽ. നീർത്തടങ്ങളുടെ ആരോഗ്യം അവിടുത്ത മണ്ണ്, ജലം, ജൈവസമ്പത്ത് എന്നിവയുടെ സംരക്ഷണത്തിനു വേണ്ടി ഉപയോഗിക്കുന്ന മാർഗ്ഗങ്ങളെ അടിസ്ഥാനമാക്കിയായിരിക്കും. ഒഴുകുന്ന ജലത്തിന്റെ ദിശയും വ്യാപനവും പ്രകൃതിയാൽ നിശ്ചയിക്കപ്പെട്ടതാണ്. ഇതിനെ ഒന്നാകെ കൈകാര്യം ചെയ്യുവാനും പരിപാലിക്കുവാനും പറ്റിയ അടിസ്ഥാന യൂണിറ്റുകളാണ് നീർത്തടങ്ങൾ. സമഗ്രവും സുസ്ഥിരവുമായ വികസനം സാധ്യമാവണമെങ്കിൽ നീർത്തടത്തിലെ എല്ലാ വികസന മേഖലകളും ഒരു പോലെ പ്രവർത്തിക്കണം. ഇങ്ങനെ സാമൂഹിക, സാംസ്ക്കാരികമേഖലയിലുള്ള വികസനത്തിലൂടെ വിഭവങ്ങളുടേയും മനുഷ്യരുടേയും ഉന്നമനത്തിനുവേണ്ടി പദ്ധതികൾ ആസൂത്രണം ചെയ്യണം. ഇത്തരം പ്രവർത്തനങ്ങളിൽ ജനങ്ങളുടെ പങ്കാളിത്തവും ഉറപ്പുവരുത്തേണ്ടതുണ്ട്. തങ്ങളുടേയും ഭാവിതലമുറയുടേയും നിലനിൽപ്പിനുവേണ്ട പ്രവർത്തനങ്ങളിലാണ് തങ്ങളെന്ന ബോധ്യം ജനങ്ങളിലെത്തിക്കുകയും അവരിലൂടെ അവർക്കുതകുന്ന പരിപാടികൾ ആസൂത്രണം ചെയ്യുകയും വേണം. ഇത്തരം സാഹചര്യത്തിലാണ് നീർത്തടപരിപാലനം അതിന്റെ പൂർണ്ണതയിൽ എത്തുന്നത്.

തണ്ണീർത്തടങ്ങൾ പ്രകൃത്യാതന്നെ സമൂഹത്തിനു വളരെയധികം പ്രയോജനം ചെയ്യുന്നു. മുൻ കാലങ്ങളിൽ കാർഷിക മേഖയിൽ പ്രധാന സംഭാവന നൽകിയ നെൽ പാടശേഖരങ്ങൾ ഇന്ന് അപ്രത്യക്ഷമാകുന്ന കാഴ്ച്ചയാണ് കണ്ടുവരുന്നത്. ഫലഭൂയിഷ്ഠവും വിവിധോദ്ദേശപ്രദവുമായ കൃഷിഭൂമി നമുക്ക് വിലപ്പെട്ട സമ്പത്തായതുകൊണ്ടു തന്നെ അതിനെ പൊതുവേ പ്രതിലോമ വികസനനീക്കങ്ങളിൽ നിന്നും സംരക്ഷിക്കേതുണ്ട്. മയ്യനാട് പഞ്ചായത്തിന്റെ നഷ്ടപെട്ടുകൊണ്ടിരിക്കുന്ന കാർഷികമേഖലയെ, പ്രത്യേകിച്ച് നെൽവയലുകളെ പുനരുജ്ജീവിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി കേരളസർക്കാരിന്റെ കാർഷികവികസന നയം- 2015 ൽ പ്രതിപാദിച്ചിരിക്കുന്ന പ്രസക്തമായ നയങ്ങൾ ചുവടെ ചേർക്കുന്നു.

**നയം** (6) കൃഷി ഭൂമിയുമായി ബന്ധപ്പെട്ട നയങ്ങൾ

**നയം** (7) ജല ബന്ധിത നയങ്ങൾ

**നയം** (8) മണ്ണിനെ സംബന്ധിക്കുന്ന നയങ്ങൾ

**നയം** (9) കാലാവസ്ഥയേയും പ്രകൃതിയേയും സംബന്ധിക്കുന്ന നയങ്ങൾ

**നയം** (10) നീർമറി വികസന സമീപനവുമായി ബന്ധപ്പെട്ട നയങ്ങൾ

ഇവ അടിസ്ഥാനമാക്കിയാണ് HELP FOUNDATION ന്റെ നേതൃത്വത്തിൽ മുൻ കാല കൃഷിക്കാരേയും ഇതര കർഷികമേഖലാ പ്രവർത്തകരേയും, സർക്കാർ ഓഫീസുകളേയും പങ്കെടുപ്പിച്ചു കൊണ്ട് ഉമയനല്ലൂർ പാടശേഖരത്തിന്റെ ആരംഭം തുടങ്ങി ഏലായുടെ വിവിധ ഭാഗങ്ങളിലുള്ള വയൽപ്രദേശങ്ങൾ സന്ദർശിച്ച് പഠനങ്ങളും ചർച്ചകളും നടത്തിയത്. കൊല്ലം ജില്ലയിലെ ഏറ്റവും വലിയ നെൽവയൽ, തണ്ണീർത്തടങ്ങളിലൊന്നായ ഉമയനല്ലൂർ ഏലായുടെ പുനഃരുജ്ജീവനവും, അതിലുപരി മയ്യനാടിന്റെ

കുടിവെള്ള സുരക്ഷയും ഉറപ്പാക്കുകയുമാണ് ഈ പഠനത്തിന്റെ ലക്ഷ്യം. ഉമയനല്ലൂർ ഏലാ കൃഷി യോഗ്യമായി തന്നെ നിലനിൽക്കണമെങ്കിൽ ഏലായിൽ ജലസേചന സൗകര്യം ഒരുക്കുന്ന മൂന്ന് തലച്ചിറകളും അതിന്റെ ആവാസവ്യവസ്ഥിതിയും നിലനിർത്തുന്നതോടൊപ്പം ഉമയനല്ലൂർ ഏലായ്ക്ക് ചുറ്റുമുള്ള കുളങ്ങളുടെ ശൃംഖലയും നീരൊഴുക്കും നിലനിർത്തേണ്ടതിന്റെ ആവശ്യകതയിലും ഊന്നിയാണ് ഈ പഠനം നടത്തിയത്.

പഴമക്കാർ ഉരിയകുറയ ആയിരപ്പറകണ്ടം എന്നുവിളിച്ചിരുന്ന ഉമയനല്ലൂർ ഏലാ 250 ഏക്കറായി (അതിന്റെ അഞ്ചിൽ ഒന്നായി) കുറഞ്ഞു എന്നാണ് കൃഷി ഓഫീസിൽ നിന്നു കിട്ടിയ വിവരം. പഠനത്തിലൂടെ ഉരുത്തിരിഞ്ഞുവന്ന ആശയങ്ങളും നിർദേശങ്ങളും അവയുടെ പ്രായോഗിക വശങ്ങളും ഉൾപ്പെടുത്തി ഈ മേഖലയുടേയും ഇതിനെ ചുറ്റിപ്പറ്റി നിൽക്കുന്ന ജനങ്ങളുടെ ജീവിതാഭിവൃദ്ധിക്കും ഈ പഠന റിപ്പോർട്ട് സമർപ്പിക്കുന്നു.

## 2. ഉമയനല്ലൂർ ഏലാ തണ്ണീർത്തടം

ജലസമൃദ്ധമായതും ഈർപ്പം നിലനിൽക്കുന്നതുമായ പ്രദേശങ്ങളെയാണ് തണ്ണീർത്തടങ്ങൾ എന്നു പറയുന്നത്. കായലും ചതുപ്പുകളും പാടങ്ങളും ജലാശയങ്ങളുമെല്ലാം തണ്ണീർത്തടങ്ങളാണ്. ഭൂമിയുടെ വൃക്കകൾ എന്നാണ് ഇവ അറിയപ്പെടുന്നത്. അണക്കെട്ടുകൾപോലെ ജലം സംഭരിച്ചുവെയ്ക്കുന്ന റിസർവോയറുകളാണ് ഇവ. ചെളിയും മണ്ണും കലർന്ന അതിസൂക്ഷ്മസുഷിരങ്ങളിലൂടെ അവ ജലത്തെ ഭൂമിക്കടിയിലേക്ക് കൊണ്ടുപോയി ഭൂഗർഭ ജലവിതാനത്തെ ഉയർത്തുകയും ജലത്തിന്റെ കരുതൽ ശേഖരങ്ങളായി വർത്തിക്കുകയും ചെയ്യുന്നു. കേരളത്തിലെ ഏറ്റവും വലിയ തണ്ണീർത്തടങ്ങളായിരുന്നു നമ്മുടെ പാടങ്ങൾ. കേരളത്തിന്റെ വരൾച്ചയ്ക്കും ഭൂഗർഭ ജലവിതാനത്തിന്റെ താഴ്ച്ചക്കും കാരണം ഏറ്റവും വലിയ ആ ജലസ്രോതസുകളുടെ നാശമാണ്. ഈ ജീവൽപരപ്പുകൾ ജലസുരക്ഷയുടെ നട്ടെല്ലാണ്. ഒരേക്കർ നെൽപ്പാടത്തിന് 1200 ഘന അടി വെള്ളം സംരക്ഷിച്ച് നിർത്താൻ കഴിയും. ഓരോപ്രദേശത്തിന്റേയും ജൈവസന്തുലിതാവസ്ഥയിൽ നിർണ്ണായകസ്ഥാനം വഹിക്കുന്ന നെൽവയലുകളെ സംരക്ഷിച്ച് നിർത്തേണ്ടത് നമ്മുടെ നിലനിൽപ്പിന് അത്യന്താപേക്ഷിതമാണ്. റിയലെസ്റ്റേറ്റ്-ഭൂമാഫിയ ബന്ധങ്ങൾ മണ്ണിട്ട് മൂടുന്ന ഈ ജീവന്റെ പച്ചത്തുരുത്തുകളെയോർത്ത് നാളെ ഇവിടെ ജനിക്കാൻ പോകുന്ന തലമുറവിലപിക്കും. കൊല്ലം ജില്ലയിലെ തന്നെ ഏറ്റവും വലിയ പാടശേഖരങ്ങളിൽ ഒന്നായ ഉമയനല്ലൂർ ഏലായെ നിലനിർത്തേണ്ടത് നമ്മുടെ ഓരോരുത്തരുടേയും കടമയാണ്. കൃഷിയും സംസ്ക്കാരവും ഒന്നായി നിലനിന്ന ഒരു കാലഘട്ടത്തിന്റെ തുടർച്ചയാണ് ഈ പാടശേഖരം. പ്രകൃതി ഒരുക്കിയ നിരവധി കുളങ്ങളും ചതുപ്പുകളും അടങ്ങിയതാണ് ഈ പരിസ്ഥിതിവ്യൂഹം. ഇവയൊന്നും നശിക്കാൻ പാടില്ല. എന്നുമാത്രമല്ല അവയുടെ നിലനിൽപ്പ് ഈ ഏലയുടെ ആവശ്യമാണ്. ഇത് മനസിലാക്കി ഹെൽപ്പ് ഫൗണ്ടേഷന്റെ നേതൃത്വത്തിൽ നടത്തിയ പഠനത്തിന്റേയും അന്വേഷണത്തിന്റേയും ഫലമാണ് ഈ റിപ്പോർട്ട്.

കൊല്ലം ജില്ലയിലെ മുഖത്തലബ്ലോക്കിൽ മയ്യനാട് ഗ്രാമപഞ്ചായത്തിലെ ഏറ്റവും കൂടുതൽ വാർഡുകൾ ഉൾപ്പെടുന്ന നീർത്തടമാണ് ഉമയനല്ലൂർ നീർത്തടം. പ്രസ്തുത നീർത്തടത്തിൽ 20, 21, 22, 17, 18, 19, 7, 5 എന്നീ വാർഡുകളും 6, 9 എന്നീ വാർഡുകളുടെ കിഴക്കുഭാഗത്തെ 50% പ്രദേശങ്ങളും ഉൾപ്പെടുന്നു. മയ്യനാട് പഞ്ചായത്തിൽ

ഏകദേശം നാൽപത്തിരണ്ട് കുളങ്ങൾ ഉള്ളതിനാൽ പകുതിയിൽ കൂടുതൽ ഉമയനല്ലൂർ ഏലായുമായി ബന്ധപ്പെട്ടു കിടക്കുന്നു.

ആകെ മൂന്ന് തലച്ചിറകളാണ് ഉമയനല്ലൂർ ഏലായിൽ ഉപരിതല ജലസംഭരണം നടത്തുന്നത്.

1) ഏറത്തുചിറ

2) കോവൂർചിറ

3) അമ്പലച്ചിറ

ചരിത്രം പരിശോധിച്ചാൽ മുപ്പതോ നാൽപ്പതോ വർഷങ്ങൾക്ക് മുൻപ് എക്കാലത്തും ജലലഭ്യത ഉണ്ടായിരുന്ന തോടുകളായിരുന്നു ഇവയിൽ നിന്ന് ഉത്ഭവിച്ചിരുന്നത്. എന്നാൽ ഇന്ന് മൂന്നു ചിറകളുമായി ബന്ധപ്പെട്ട എല്ലാ തോടുകളും വേനൽ തുടങ്ങുമ്പോൾത്തന്നെ വറ്റിപ്പോകുന്നു. അതിനാൽ തന്നെ ഭുഗർഭ ജലലഭ്യതയിൽ വളരെയധികം വ്യതിയാനങ്ങളാണ് ഈ ചെറിയ പഞ്ചായത്തിൽ അനുഭവപ്പെടുന്നത്.

## 3. ഉമയനല്ലൂർ ഏലാ കുടിയിരുത്ത് വയൽ ആവാസവ്യവസ്ഥ

(Umayanalloor Ela Wetlands Upper Stretch EcoSystem)




ഉപഗ്രഹമാപ്പിൽ അടയാളപ്പെടുത്തിയിരിക്കുന്നപോലെ പുല്ലാംകുഴി വയൽ, ഏറത്ത് ചിറ (പുല്ലാംകുഴി കുളം), കുടിയിരുത്ത് വയൽ, കുണ്ടുകുളം, ഏറത്ത്ചിറ- അമ്പലചിറ- തോട്, എന്നിവ ഉൾപ്പെടുന്നതാണ് ഉമയനല്ലൂർ ഏലാ കുടിയിരുത്ത് വയൽ ആവാസവ്യവസ്ഥ.

## 3.1. പുല്ലാംകുഴി വയൽ



പുല്ലാംകുഴി വയലിൽ നിന്നും ഏറത്ത് ചിറയിലേക്ക് വരുന്ന തോട്

പുല്ലാംകുഴി വയൽ എന്ന പേരുമാത്രമേയുള്ളു, വയൽ നികത്തപെട്ടു. നീരൊഴുക്ക് പാടേ നിലച്ച് കൃഷിയോഗ്യമല്ലാതായി തൂർന്നു. ബാക്കിയുള്ള ഭാഗം തണ്ണീർത്തടമായോ ചതുപ്പുനിലയമോ നിലനിർത്തിയാൽ കുടിവെള്ള ദൗർലഭ്യത്തിന് ഒരു പരിഹാരം ആകും.

## 3.2. ഏറത്ത് ചിറ (പുല്ലാംകുഴി കുളം)



ഉമയനല്ലൂർ ഏലായുടെ തലചിറകളിലൊന്നായ ഏറത്ത് ചിറ



ഏറത്ത് ചിറയിലെ മനുഷ്യ വിസർജ്യമുൾപ്പെടെയുള്ള മാലിന്യങ്ങൾ

പുല്ലാംകുഴി വയൽ പൂർണ്ണമായും നശിച്ചതിനുശേഷം പുല്ലാംകുഴി വയലിനു സമീപമുള്ള ചിറ എന്ന നിലയ്ക്ക് ഈ ചിറയ്ക്ക് പുല്ലാംകുഴി കുളമെന്നുംകൂടി പേരുവന്നു. കൃഷി ആവശ്യങ്ങൾക്കും പരിസരത്തെ ജനങ്ങൾക്ക് കുടിവെള്ളത്തിനും ഈ ചിറയിലൂടെ ഒഴികിവരുന്ന വെള്ളം മതിയായിരുന്നു. എന്നാൽ ഇന്നു കൊട്ടിയം-കൊല്ലം നാഷണൽ ഹൈവേയുടെ അരികിലുള്ള പട്ടരുമുക്കിൽ പല ദിക്കുകളിലുള്ള ചാലുകളിൽ നിന്നും മലിന ജലം ഒഴുകി ഒരു ഓടയിലെത്തി അവിടെ നിന്നും ഏറത്ത് ചിറയിൽ എത്തുന്നു. കൊട്ടിയം മുതൽ ഉമയനല്ലൂർ വരെയുള്ള ഹോട്ടലുകളിലേയും, വ്യവസായശാലകളിലേയും കക്കൂസ്മാലിന്യങ്ങൾ, വർക്ക്ഷോപ്പ് മാലിന്യങ്ങൾ എന്നിവ അടങ്ങിയ മലിനജലമാണ് ഈ ഓടയിലൂടെ ഒഴുകി എത്തുന്നത്. രണ്ടാൾ താഴ്ച്ച ഉണ്ടായിരുന്നു എന്ന് പഴയ കൃഷിക്കാർ രേഖപെടുത്തുന്ന ഈ കുളം, മാലിന്യങ്ങൾ

കൊണ്ട് നികന്ന് കൊച്ചു കുട്ടികൾക്ക്പോലും കുളത്തിനു നടുവിലൂടെ നടന്നു പോകാവുന്ന അവസ്ഥയിൽ എത്തിയിരിക്കുന്നു. ഈ കുളത്തിലെ മലിനജലമാണ് ഒന്നര കിലോമീറ്റർ നീളം വരുന്ന തോട്ടിലൂടെ ഒഴുകി മറ്റൊരു തലച്ചിറയായ അമ്പലചിറയൽ പതിച്ച് തുടർന്ന് ഉമയനല്ലൂർ പാടശേഖരത്തിലും എത്തുന്നത്.

## 3.3. കുടിയിരുത്ത് വയൽ



*കുടിയിരുത്ത് വയൽ*

മുതിർന്ന കർഷകതൊഴിലാളികൾ അവരുടെ ഓർമ്മയിലെ കുടിയിരുത്ത് വയലിനെക്കുറിച്ച് പറഞ്ഞതനുസരിച്ച് കല്ലട ഇറിഗേഷൻ പദ്ധതി വരുന്നതിനുമുൻപ് മേടമാസത്തിൽ വയൽ ഉണങ്ങി കിടക്കുമായിരുന്നു. ആ സമയത്ത് വയലിൽ ചാണകവും, ചാരവും, പച്ചിലകളും ഇട്ട് കാളയെ ഉപയോഗിച്ച് വയൽ പൂട്ടി നെൽ വിത്ത് വയലിൽ വിതറി ഞാറ് പിടിച്ചെടുക്കുന്ന രീതിയാണ് ഉണ്ടായിരുന്നത്. മേടമാസത്തിൽ വിത്തുനട്ട് ചിങ്ങമാസത്തിലും അതിനുമുൻപായും കൊയ്യുമായിരുന്നു. എന്നാൽ കല്ലട ഇറിഗേഷൻ കനാൽ വന്നതോടുകൂടി വയലിൽ ഈ സമയങ്ങളിൽ വെള്ളം കെട്ടിക്കിടക്കുന്നതിനാൽ മുൻപേ പറഞ്ഞരീതിയിലുള്ള കൃഷി നടത്താൻ ആകുന്നില്ല.



*വയലിന്റെ കരയിൽ നിന്നും മാലിന്യം വയലിലേയ്ക്ക് വരുന്ന നിലയിൽ*



*ടിൻ ഷീറ്റ് ഉപയോഗിച്ചുള്ള വയൽ കൈയേറ്റ രീതി*

ചിങ്ങമാസം കഴിയുമ്പോൾ മഴപെയ്ത് വെള്ളം പാടത്ത് കെട്ടിനിൽക്കുന്നതുകൊണ്ട് കരപ്പുരയിടങ്ങളിൽ വിത്തുപാകി ഞാറ് വളർത്തി വയലിൽ നടും. ഞാറ്റടികൾ മൂത്ത് അലിവ് പരിപ്പ് (ഞാറ്റു ചെടി വീതി ഉള്ളതും പുഷ്ടി ഇള്ളതും ആയത്) ഉള്ള ചെടിയാവണം. ഇത് കൂടുതൽ വിളവു തരും. ഇവിടത്തെ കാർഷിക സംസ്ക്കാരത്തിന്റേയും

ആചാരത്തിന്റേയും ഭാഗമായി മല്ലശ്ശേരി ദേവിയുടെ ഒരു പ്രതിഷ്ഠ കുടിയിരുത്ത് വയലിൽ ഉണ്ട്. മല്ലശ്ശേരി ദേവിയുടെ പ്രതിഷ്ഠ ഏലായുടെ ഐശ്വര്യത്തിനായി ഉമയനല്ലൂർ ക്ഷേത്രത്തിൽ നിന്നു മോഷ്ടിച്ചു കൊണ്ടുവന്ന് കുടിയിരുത്തി എന്നാണ് ഐതീഹ്യം.

ഏറത്ത് ചിറയിൽ (പുല്ലാംകുഴി കുളം) നിന്നുള്ള വെള്ളമാണ് കൈത്തോടുകൾ വഴി കുടിയിരുത്ത് വയലിൽ എത്തുന്നത്. ഈ മലിനജലത്തോടൊപ്പം വയലിനോട് ചേർന്നുള്ള കോഴിവളർത്തൽ കേന്ദ്രത്തിൽ നിന്നുള്ള മാലിന്യങ്ങൾ, വീട്ടുമാലിന്യങ്ങൾ, അറവ് ശാലയിലെ മാലിന്യങ്ങൾ എന്നിവയും കുടിയിരുത്തുവയലിൽ നിക്ഷേപിക്കപ്പെടുന്നു. ഈ വക കാരണങ്ങളാൽ കുടിയിരുത്ത് വയലിൽ കൃഷി പൂർണമായും നടക്കാതിരിക്കുകയാണ്. കുടിയിരുത്ത് വയലിൽ നാല് ദിശയിൽ നിന്നും കയ്യേറ്റങ്ങൾ നിർലോഭം നടന്നു വരുന്നു. ടിൻ ഷീറ്റ് കൊണ്ട് കൂര അടിച്ച് താമസം തുടങ്ങിയതിനുശേഷം വയൽ നികത്തികൊണ്ടിരിക്കുന്ന ഒരു സംവിധാനം ആണ് ഇവിടെ കണ്ടുവരുന്നത്. കൃഷി ഓഫീസർ ഇവിടെ വന്നതായിപ്പോലും കർഷകർക്ക് അറിവില്ല.

## 3.4. കുണ്ടുകുളം

ചുവടേ ചേർത്തിരിക്കുന്ന സർവ്വേ നമ്പരും വിസ്തീർണ്ണവും ആണ് വില്ലേജിൽ നിന്നും വിവരാവകാശ നിയമപ്രകാരം ലഭിച്ചിരിക്കുന്നത്.

(സർവ്വേ നമ്പർ 361/18 വിസ്തീർണ്ണം 02.60 ആർസ്)



*കുടിയിരുത്ത് വയലിന്റെ കരയ്ക്ക്*



*കുണ്ടുകുളത്തിന്റെ ശോചനീയാവസ്ഥ*

ക്ഷേത്രപരിസരത്ത് കുടിയിരുത്ത് വയലിൽ തന്നെയുള്ള മറ്റൊരു കുളമാണ് കുണ്ടുകുളം. ഇതും സർവ്വനാശത്തിന്റെ വക്കിലാണ്. കുണ്ടുകുളത്തിനും അമ്പലത്തിനും ഇടയിൽ 2015-ൽ പുതുതായി ഒരു ഇരു നിലക്കെട്ടിടം വയൽ നികത്തി നിർമ്മിച്ചിരിക്കുന്നു.

## 3.5. ഏറത്ത് ചിറ – അമ്പലചിറ – തോട്

ഏറത്ത് ചിറയിൽ (പുല്ലാംകുഴികുളം) നിന്നു തുടങ്ങി, ഉമയനല്ലൂർ അമ്പലച്ചിറയിൽ എത്തിച്ചേരുന്ന ഈ തോടിന് ഒന്നര കിലോമീറ്റർ നീളവും രണ്ടര മീറ്റർ വീതി ഉണ്ട്.

ഏറത്ത് ചിറയിൽ നിന്നാരംഭിക്കുന്ന തോടിൽ, ചിറയിൽ നിന്നുള്ള മലിനജലം കൂടാതെ സമീപപ്രദേശങ്ങളിൽ നിന്നുള്ള മാലിന്യങ്ങളും കെട്ടികിടക്കുന്നു. തോടുകളുടെ കരയിൽ വയൽ നികത്തി മൂന്നോ അഞ്ചോ സെന്റ് സ്ഥലത്ത് വീടുവെച്ച് താമസിക്കുന്ന



*ഏറത്ത് ചിറ- അമ്പലചിറതോട് മാലിന്യം കൊണ്ട് നിറഞ്ഞ അവസ്ഥയിൽ*



*കിണറും പൈപ്പും തോടും (ഗവൺമെന്റ് പ്ലാനിംഗ്)*



*കക്കൂസ് മാലിന്യം തോട്ടിലേക്ക് കളയാനായി നിർമ്മിച്ച ചാൽ*



*മനുഷ്യവിസർജ്ജ്യവും പ്ലാസ്റ്റിക്, വർക്ക്ഷോപ്പ് വേസ്റ്റ് എന്നിവ കൊണ്ട് നിറഞ്ഞ തോട്*

ഒട്ടേറെ കുടുംബങ്ങൾ ഉണ്ട്. മലിനജലത്തിന്റെ സാന്നിധ്യം കാരണം കുടുംബങ്ങളിലെ മുതിർന്നവർക്കും കുട്ടികൾക്കും മഞ്ഞപ്പിത്തം സ്ഥിരമായി ഉണ്ടാകുന്നു. കൂടാതെ തോടിന്റെ കരയിലുള്ള വീടുകളുടെ കക്കൂസ് ഡ്രൈനേജ്പൈപ്പുകളും തോടിലേക്ക് തുറന്നിരിക്കുന്നു. തോടിനടുത്ത് കിണറും സർക്കാർവക കുടിവെള്ള പൈപ്പും നില നിൽക്കുമ്പോൾ മഞ്ഞപ്പിത്തം പോലുള്ള പകർച്ച വ്യാധികൾ സ്ഥിരമായി ഉണ്ടാകുന്നതിൽ യാതൊരു അത്ഭുതവുമില്ല. തോടിന്റെ മേൽഭാഗം കോൺക്രീറ്റ് ചെയ്ത് റോഡ് നിർമ്മിച്ചിരിക്കുന്നതിനാൽ ഈ തോട് വൃത്തിയാക്കുവാൻ സാധ്യമല്ലാതായിരിക്കുന്നു. ചെറിയ സ്ലാബുകൾ ഇട്ട് തോട് നിർമ്മിച്ചിരുന്നെങ്കിൽ തോട് യഥാസമയം വൃത്തിയാക്കുവാൻ സാധിക്കുമായിരുന്നു.

## 4. അമ്പലച്ചിറ ആവാസവ്യവസ്ഥ (Ambalachira Ecosystem)



ഉപഗ്രഹമാപ്പിൽ അടയാളപ്പെടുത്തിയിരിക്കുന്നപോലെ അമ്പലച്ചിറ, അമ്പലകുളം എന്നിവ ഉൾപ്പെടുന്നതാണ് ഉമയനല്ലൂർ ഏലാ അമ്പലച്ചിറ ആവാസവ്യവസ്ഥ.

## 4.1. അമ്പലച്ചിറ



*ഏറത്ത് ചിറ തോട് അമ്പലചിറയുമായി സന്ധിക്കുന്നു*



*ഏറത്ത് ചിറ ആവാസവ്യവസ്ഥയിൽ നിന്നും അമ്പലചിറയിൽ പതിച്ച മാലിന്യം*



*അമ്പലചിറയിലെ കൈയേറ്റം*

ഉമയനല്ലൂർ ഏലായെ കൃഷിക്ക് യോഗ്യമാക്കുന്ന മൂന്ന് തലച്ചിറകളിൽ ഒന്നാണിത്. ഈ ചിറയും അനധികൃതമായ കയ്യേറ്റങ്ങൾക്ക് വിധേയമായിക്കൊിരിക്കുന്നു. എക്കലും മണ്ണും പ്ലാസ്റ്റിക്ക് മാലിന്യങ്ങളും നിറഞ്ഞു കിടക്കുന്നു. കൂടാതെ വ്യവസായശാലകളിലേയും, വർക്ക്ഷോപ്പിലേയും എണ്ണയും ഗ്രീസും കലർന്ന മാലിന്യങ്ങൾ, കക്കൂസ് മാലിന്യങ്ങൾ (Escherichia Coli Bacteria, Coloform bacteria) കലർന്ന ഏറത്തു ചിറയിൽ നിന്നൊഴുകിവരുന്ന വെള്ളവും അമ്പലച്ചിറയിൽ എത്തുന്നുണ്ട്. അതിനാൽ പായൽ ഒട്ടും തന്നെ ഇല്ലാത്ത കുളമാണിത്. ഈ മാലിന്യങ്ങളുടെ ആധിക്യത്താൽ വളരെ കുറച്ച് മാത്രമെ ജൈവവൈവിധ്യം കുളത്തിൽ ഉള്ളു.

## 4.2. അമ്പലക്കുളം



*അമ്പലചിറയ്ക്ക് മധ്യത്തിലുള്ള സ്തംഭം*

അമ്പലച്ചിറയെ രണ്ടായി ഭാഗിച്ച് വേർതിരിച്ച് കെട്ടിയെടുത്തതാണ് അമ്പലക്കുളം. ക്ഷേത്രദർശനത്തിനു വരുന്നവർ സ്നാനം ചെയ്യുന്ന കുളമാണിത്. ഈ കുളത്തിൽ അമ്പലച്ചിറയിൽ നിന്നുള്ള കക്കൂസ്മാലിന്യങ്ങൾ കലർന്ന വെള്ളത്തിന്റെ ഊറ്റ് ഇറങ്ങുന്നതിനാൽ മാലിന്യം കലർന്ന വെള്ളമാണ് ഭക്തർ ശുദ്ധിവരുത്തുവാനായി ഉപയോഗിക്കുന്നത്. ഇതു തന്നെ ഒരു വിരോധാഭാസമാണ്. അതിനാൽ അമ്പലച്ചിറയിൽ മാലിന്യം കലരാതെ നോക്കണമെന്നുമള്ളത് ക്ഷേത്രാധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

# 5. കോവൂർ ചിറ ആവാസവ്യവസ്ഥ

### (Kovoor Chira Ecosystem)




ഉപഗ്രഹമാപ്പിൽ അടയാളപ്പെടുത്തിയിരിക്കുന്നപോലെ മുതുകുളത്തിൻകുഴിവയൽ, കോവൂർകുളം, ഊറ്റുകുളം, പട്ടരുകുളം, പറന്തിവയൽ എന്നിവ ഉൾപ്പെടുന്നതാണ് ഉമയനല്ലൂർ ഏലാ കോവൂർ ചിറ ആവാസവ്യവസ്ഥ.

ചുവടേ ചേർത്തിരിക്കുന്ന സർവ്വേ നമ്പരും വിസ്തീർണ്ണവും ആണ് വില്ലേജിൽ നിന്നും വിവരാവകാശനിയമ പ്രകാരം ലഭിച്ചിരിക്കുന്നത്.

(സർവ്വേ നമ്പർ 466/17 വിസ്തീർണ്ണം 70.60 ആർസ്, സർവ്വേ നമ്പർ 466/17, 466/25 വിസ്തീർണ്ണം 01.02 ആർസ്, സർവ്വേ നമ്പർ 466/26 വിസ്തീർണ്ണം 01.40 ആർസ്). കൈയേറ്റങ്ങൾ ഏറെയുള്ളതിനാൽ കൃത്യമായി റവന്യൂ ഡിപ്പാർട്ട്മെന്റ് റീസർവ്വേ ചെയ്ത് സർവ്വേ നമ്പരുകൾ നിജപ്പെടുത്തേണ്ടതാണ്.

ഉമയനല്ലൂർ ഏലായിലെ മൂന്നാമത്തെ തലച്ചിറയാണ് കോവൂർച്ചിറ. രണ്ട് ഏക്കറിനുമുകളിൽ വിസ്തൃതിയുള്ള ഒരു തലിച്ചിറയാണിത്. ചിറയുടെ അടുത്ത് ഉണ്ടായിരുന്ന ജന്മിത്തറവാടായിരുന്നു കോവൂർ തറവാട്. നെൽവയലുകൾ സ്വന്താമായുണ്ടായിരുന്ന ഈ തറവാട്ടുപേരിൽനിന്നാണു ചിറയ്ക്ക് കോവൂർച്ചിറ എന്ന് പേരുവരാൻ കാരണം. കോവൂർച്ചിറയിൽ സംഭരിക്കപ്പെടുന്ന ജലം കോവൂർ ചിറ – ഉമയനല്ലൂർ ഏലാ തോടിലൂടെ ഒഴുകി ഉമയനല്ലൂർ ഏലായിലേക്ക് എത്തിചേരുന്നു. ഉമയനല്ലൂർ ഏലായിലേക്ക് വെള്ളം എത്തിക്കുന്നതിനായി പ്രകൃതി ഒരുക്കിയതാണ് കോവൂർച്ചിറ.

മുതുകുളത്തിൻകുഴിവയൽ, പറന്തി വയൽ എന്നീവയലുകളിൽ നിന്നുള്ള വെള്ളവും കോവൂർകുളം, ഊറ്റ്കുളം എന്നീ ജലസ്രോതസുകളും ചേർന്നാണ് കോവൂർച്ചിറയെ ജലസമൃദ്ധമാക്കിയിരുന്നത്. എന്നാൽ ഇപ്പോൾ പറന്തിവയലും മുതുകുളത്തിൽ കുഴിവയലും അവിടെ നിന്നു വെള്ളം ഒഴുകിവന്നിരുന്ന കൈതോടുകളും നികത്തപ്പെട്ടിരിക്കുന്നു. കടുത്ത വേനലിലും ജലസമൃദ്ധമായിരുന്ന കോവൂർച്ചിറ മാലിന്യം മൂടി നാശത്തിന്റെ വക്കിലാണ്. ചിറയിലെ ജലം സംഭരിച്ച് നിർത്താൻ സൗകര്യങ്ങൾ ഇല്ല. മണ്ണ് അടിഞ്ഞും പായലും പുല്ലും വളർന്നും നീരൊഴുക്ക് നിലച്ച അവസ്ഥയിലാണ്. പതിറ്റാുകളായി കോവൂർച്ചിറയിൽ കെട്ടികിടക്കുന്ന മലിനജലം സമീപത്തെ കിണറുകളിലേക്ക് ഊറ്റായി ഇറങ്ങി ജനങ്ങളുടെ അവകാശമായ ശുദ്ധജല ലഭ്യതയെ ഇല്ലാതാക്കുന്നു. ശുചിയാക്കുന്നതിനോടടൊപ്പം അടിഞ്ഞുകിടക്കുന്ന മണ്ണും മാലിന്യങ്ങളും മാറ്റി ചിറയെ പൂർവ്വസ്ഥിതിയിലെത്തിച്ച്, മാലിന്യം ഒഴുകിവരാത്തരീതിയിൽ ജൈവവേലിനിർമ്മിച്ച് സംരക്ഷിച്ച് നിലനിർത്തേണ്ടതാണ്. അതിനുള്ള നടപടികൾ എത്രയും പെട്ടെന്ന് എടുക്കേണ്ടിയിരിക്കുന്നു.

## 5.1. മുതുകുളത്തിൽ കുഴി



*മുതുകുളത്തൻ കുഴിയിൽ നിന്നും പറന്തി വയലിലേയ്ക്ക് വരുന്ന തോട്*

ഈ വയലും വീണ്ടെടുക്കാൻ പറ്റാത്തവിധത്തിൽ നികത്തി ആളുകൾ താമസിക്കുന്നു. വയലിലെ തോട് മാത്രം അവശേഷിക്കുന്നു. തോടിലൂടെ വെള്ളം ഒഴുകി കോവൂർച്ചിറയിൽ എത്തുന്നു.

## 5.2. കോവൂർകുളം



*കോവൂർ തറവാട് വക കോവൂർ കുളം സംരക്ഷിച്ച് നിലനിർത്തിയിരിക്കുന്നു.*



*കോവൂർ കുളത്തിൽ നിന്നും കോവൂർ ചിറയിലേയ്ക്കുള്ള ചാൽ*



*കോവൂർ കുളത്തിൽ നിന്നും വരുന്ന ചാൽ മതിലിനടിയിലൂടെ ചിറയിൽ പതിക്കുന്നു.*

പണ്ടുകാലം മുതൽക്കേ കോവൂർ തറവാട് വകയായാണു കോവൂർകുളം നിലനിന്നിരുന്നത്. അതിനാൽതന്നെ ഇതൊരു സ്വകാര്യസ്വത്താണ്. കോവൂർക്കുളം നികത്താതെ അവർ സൂക്ഷിച്ചിരിക്കുന്നു, കോവൂർകുളത്തിൽ നിന്നും കോവൂർച്ചറിയിലേക്ക് ഒരു ചെറിയ കൈത്തോട് നിലനിർത്തി, അതിന്റെ നീരൊഴുക്ക് തടയാതെ നിലനിർത്തിയിരിക്കുന്നത് കോവൂർ കുടുംബമാണ്. ഈ ശുഷ്കാന്തി ശ്ലാഘനീയമായ മാതൃകയാണ്. ആയതിനാൽ ഇത് പഞ്ചായത്തിനും (എഞ്ചിനീയറിംഗ് വിഭാഗം ഉദ്യോഗസ്ഥർ) മാതൃകയാക്കാവുന്നതാണ്. ഉമയനല്ലൂർ ഏലായിലും അതിന്റെ ആവാസവ്യവസ്ഥയിൽ ഉൾപ്പെടുന്ന കുളം, ചിറ സംവിധാനം തിരികേ കൊണ്ടുവരണം. അതുമാത്രവുമല്ല പഞ്ചായത്തിന് കോവൂർകുളവും അതിന്റെ നീരൊഴുക്കും പരിപാലിച്ചുവരുന്ന ഈ കുടുംബത്തിന് മതിയായ പ്രോത്സാഹനം നൽകുന്നതിനേക്കുറിച്ചു ചിന്തിക്കാവുന്നതാണ്. ഈ ചിന്തയോടെ വേണം പഞ്ചായത്ത് മറ്റ് സ്വകാര്യകുളങ്ങളുടെ സംരക്ഷണം ഏറ്റെടുക്കാൻ.

## 5.3. ഊറ്റുകുളം

കോവൂർചിറയിലേക്ക് വെള്ളമെത്തുന്ന തൊട്ടടുത്തുള്ള കുളമാണ് ഊറ്റ് കുളം. കോവൂർച്ചിറയ്ക്ക് തൊട്ട് തെക്ക് സ്ഥിതിചെയ്യുന്ന പമ്പ്ഹൗസ് ശരിക്കും ഊറ്റുകുളത്തിലാണ് നിൽക്കുന്നത്. പമ്പ്ഹൗസ്സിന്റെ നിർമ്മിതിയ്ക്കായി ഭാഗികമായി നികത്തപ്പെട്ട



ഊറ്റുകുളം



ഊറ്റുകുളത്തിൽ നിന്നും കോവൂർ ചിറയിലേയ്ക്കുള്ള തോട് നികന്നന നിലയിൽ

ഊറ്റുകുളം വളരെ ശുഷ്കിച്ച അവസ്ഥയിലാണ് ഇന്നുള്ളത്. ഊറ്റു കുളത്തിൽ നിന്നും കോവൂർച്ചിറയിലേയ്ക്കുള്ള തോടും ഏതാണ്ട് നികത്തപ്പെട്ട അവസ്ഥയിലാണ്. അതു വഴി ഊറ്റുകുളത്തിൽ നിന്നും കോവൂർച്ചിറയിലേയ്ക്കുള്ള നീരൊഴുക്ക് തടയപ്പെട്ട അവസ്ഥയിലാണ്. മുതിർന്ന കർഷകൻ ശ്രീ ശിവാനന്ദന്റെ ഭാഷ കടമെടുക്കുകയാണെങ്കിൽ 'കോവൂർച്ചിറയുടെ നിലനിൽപ്പിനു ഏറ്റവും അത്യന്താപേക്ഷിതമാണ് ഊറ്റുകുളവും കോവൂർച്ചിറയുമായി ഉള്ള ചാൽ വഴിയുള്ള ബന്ധം '

## 5.4. പട്ടരുകുളം



ചുരുങ്ങിത്തീർന്ന പട്ടരുകുളം സംരക്ഷിക്കപ്പെട്ട അവസ്ഥയിൽ



പട്ടരുകുളത്തിൽ നിന്ന് വയലിലേക്കുള്ള തോട് കോൺക്രീറ്റ് റോഡാക്കിയ നിലയിൽ

ഉമയനല്ലൂർ ഏലായിലേക്ക് വെള്ളം എത്തുന്ന മറ്റൊരു കുളമാണ് പട്ടരുകുളം. ഏകദേശം 10 സെന്റ് വിസ്തൃതി ഉണ്ടായിരുന്ന ഈ കുളത്തിൽനിന്നും ഒരു തോടിലൂടെ വെള്ളം ഒഴുകി ഉമയനല്ലൂർ വയലിൽ എത്തിയിരുന്നു. ഇപ്പോൾ ഇത് 2 സെന്റ് വിസ്തൃതിപോലും ഇല്ലാത്ത കുളമാക്കി നികത്തിയിരിക്കുന്നു. ഈ കുളമിപ്പോൾ തോന്നലിൽ അമ്പലത്തിന്റെ ആറാട്ടുകുളമാണ്. വയലിലേക്ക് വെള്ളം ഒഴുകിയിരുന്ന തോട് നികത്തി കോൺക്രീറ്റ് റോഡാക്കിയിരിക്കുന്നു. അതിനാൽ പട്ടരുകുളത്തിൽ നിന്നും ഉമയനല്ലൂർ ഏലായിലേയ്ക്കുള്ള നീരൊഴുക്ക് പുനഃസ്ഥാപിക്കാൻ സാധിക്കാത്തവിധം അപ്രത്യക്ഷമായിരിക്കുന്നു.

## 5.5. പറന്തിവയൽ

നെൽവയലായിരുന്ന പറന്തിവയൽ നികത്തി വീടുകൾ നിർമ്മിച്ചിരിക്കുന്നതിനാൽ വയൽ വീണ്ടെടുക്കാൻ പറ്റാത്ത വിധം നഷ്ടപെട്ടിരിക്കുന്നു. ഒരുകാലഘട്ടത്തിൽ



പറന്തിവയൽ നികത്തിയ നിലയിൽ



മാലിന്യം കെട്ടിക്കിടന്നുണ്ടാകുന്ന ത്വക് രോഗങ്ങൾ



കണ്ടച്ചിറ മുക്കിൽ നിന്നും വരുന്ന തോട് കുത്തുകുഴി അമ്പലത്തിന്റെ പരിസരത്ത് അവസാനിക്കുന്ന നിലയിൽ

സമൃദ്ധമായി കൃഷിയുണ്ടായിരിന്ന വയലാണിത്. എന്നാൽ ഇന്നു വയൽ പൂർണമായും വീണ്ടെടുക്കാൻ പറ്റാത്ത വിധം നികത്തപ്പെട്ടിരിക്കുന്നു. കൊട്ടിയത്ത് കലുങ്കു മുക്കിൽ നിന്നും ഒരു കൈത്തോട് ആരംഭിച്ച് അതിലൂടെ വെള്ളം പറന്തിവയലിൽ എത്തുന്നു. പറന്തിവയലിൽ നിന്നു കോവൂർചിറയിലേക്ക് വെള്ളം ഒഴുകി എത്തുന്ന തോട് പല സ്ഥലത്തും നികത്തപ്പെട്ടിരിക്കുന്നു. അതുകൊണ്ടുതന്നെ ഈ പ്രദേശങ്ങളിൽ വർഷകാലങ്ങളിൽ വെള്ളപ്പൊക്കവും ദുരിതങ്ങളും ഉണ്ടാകുന്നു. കൊട്ടിയത്ത് കലുങ്കു മുക്കിൽ നിന്നു പറന്തിവയലിൽ എത്തുന്ന വെള്ളത്തിൽ രാസപദാർത്ഥങ്ങൾ അടങ്ങിയിരിക്കുന്നു. ഈ വെള്ളം ഒഴുകിപ്പോകാൻ കഴിയാതെ കുത്തുകുഴി അമ്പലത്തിന്റെ പരിസരത്തുതന്നെ കെട്ടികിടക്കുന്നു. ആയതിനാൽ കുട്ടികളിലും മുതിർന്നവരിലും പലവിധത്തിലുള്ള ത്വക്ക് രോഗങ്ങൾ ഉണ്ടാകുന്നതിന് കാരണമാവുകയും ചെയ്യുന്നു. കൂടാതെ വയലിൽത്തന്നെ നിർമ്മിച്ചിരിക്കുന്ന സെപ്റ്റിക്ക് ടാങ്കുകൾ വർഷകാലത്ത് നിറഞ്ഞുകവിഞ്ഞൊഴുകി മാലിന്യം വയലിൽ മൊത്തം പടരുകയും ആളുകൾക്ക് മഞ്ഞപ്പിത്തം ഉണ്ടാവുകയും ചെയ്യുന്നു. അതിനാൽ ഈ തോട് ആവശ്യമായരീതിയിൽ പുനഃസൃഷ്ടിക്കേണ്ടിയിരിക്കുന്നു.

# 6. ഉമയനല്ലൂർ ഏലാ ആവാസവ്യവസ്ഥ

## (Umayanalloor Ela Ecosystem)




ഉപഗ്രഹമാപ്പിൽ അടയാളപ്പെടുത്തിയിരിക്കുന്നപോലെ കാര്യത്തുകുളം(മൃഗാശുപത്രി കുളം), കുറ്റിക്കാട്ട് കുളം, കാണ്ടശ്ശേരികുളം, ആലക്കുളം (ആറാട്ട് കുളം) (മണ്ണാണി കുളം), ആറാട്ടുകുളം, അടവുതേനുഅമ്മക്കുളം, കീഴ്ച്ചേരിക്കുളം, മണ്ണാണിക്കുളം, കളീയ്ക്കൽകുളം, ഈഴരകുളം, മറ്റപള്ളി വടക്കുംഭാഗം കുളം, കോവിപുറം കുളം, വെളുത്തോടം കുളം, മറ്റപള്ളിതെക്കേ കുളം എന്നിവ ഉൾപ്പെടുന്നതാണ് ഉമയനല്ലൂർ ഏലാ ആവാസവ്യവസ്ഥ.

ഭാരതത്തിലെ തന്നെ ഏറ്റവും ഫലവത്തായ പ്രകൃതിദത്ത (കൃത്രിമ) കൃഷി സംവിധാനങ്ങളാണ് പൂർവ്വികർ ഉമയനല്ലൂർ ഏലായുടെ ചുറ്റിലുള്ള കുളങ്ങളിലൂടെ വിഭാവന ചെയ്തിരുന്നത്. അതിലൂടെ സമൂഹത്തിന്റെ ഭക്ഷ്യസുരക്ഷയും ജലസുരക്ഷയും ഉറപ്പാക്കിയിരുന്നു. ശ്രീ ഉമയനല്ലൂർ ബാലസുബ്രഹ്മണ്യക്ഷേത്രത്തിന്റെ ആചാരനുഷ്ഠാനങ്ങളിൽ, കാർഷിക സംസ്ക്കാരവുമായുള്ള ഒരഭേദ്യബന്ധമാണ് ഈ ഏലായുടെ പൈതൃകം. കൃഷിയും സംസ്ക്കാരവും എല്ലാം കൂടിച്ചേർന്ന ഈ സംസ്കാരമാണ് നാടിന്റെ നന്മ നില നിർത്തിപ്പോരുന്നത്. ഉമയനല്ലൂർ ഏലായുടെ സംസ്ക്കാരികവും ഭൂമിശാസ്ത്രപരവുമായ പ്രാധാന്യം മനസിലാക്കി, അതിനെ സമഗ്രമായ ഒരു പരിസ്ഥിതി യൂണിറ്റായി വിലയിരുത്തുന്നതിനുപകരം ജനകീയാസൂത്രണത്തിന്റെ മറവിൽ വാർഡുകൾ തിരിച്ചുള്ള വികസനപദ്ധികൾ ഏലായുടെ തന്നെ നാശത്തിനും കൈയ്യേറ്റത്തിനും കാരണമായി.

ഏലായുടെ നാലുവശങ്ങളിലും സ്ഥിതി ചെയ്യുന്ന ഭൂരിപക്ഷം കുളങ്ങളും അന്യാധീനപ്പെട്ടുകൊണ്ടിരിക്കുന്നു. പഞ്ചായത്തിനുപോലും കുളങ്ങളുടെ കൃത്യമായ കണക്കുകളോ, ഈ കുളങ്ങൾ നിലനിർത്തുന്നതിനുള്ള നടപടികളോ പദ്ധതികളോ ഇല്ല. ഈ കുളങ്ങളുടെ അതിർത്തികൾ നിർണ്ണയിച്ച്, കയ്യേറ്റങ്ങൾ തിരിച്ചുപിടിട്ട്, വെള്ളം സംഭരിച്ച് നിർത്തി നീരൊഴുക്ക് വീണ്ടും വയലിലേക്ക് എത്തിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടത് ജലദൗർലഭ്യം ഏറ്റവും രൂക്ഷമായ ഈ കാലഘട്ടത്തിന്റെ ആവശ്യവും അത്യാവശ്യവും ആണ്.

## ഉമയനല്ലൂർ എലായുടെ തെക്കുഭാഗത്തുള്ള കുളങ്ങൾ

### 6.1. കാര്യത്തുകുളം (മൃഗാശുപത്രി കുളം)



*കാര്യത്ത് കുളത്തിന്റെ ബാക്കിപത്രമായി ഒരു കൊച്ച് ടാങ്ക് മാത്രം*



*കാര്യത്ത് കുളം നികത്തി മൃഗാശുപത്രി നിർമ്മിച്ച നിലയിൽ*



*കാര്യത്ത് കുളത്തിന്റെ ടാങ്ക് ശോചനീയാവസ്ഥയിൽ*



*കാര്യത്ത് കുളം നികത്തിയുണ്ടായ ബ്ലൂസ്റ്റാർ സ്കൂളിലേക്കുള്ള റോഡ്*



*ബ്ലൂസ്റ്റാർ സ്കൂളിൽ നിന്നും തൊഴിലുറപ്പ് പദ്ധതി ഉപയോഗിച്ച് നടുവിലക്കരക്കുള്ള പഞ്ചായത്ത് റോഡ് നിർമ്മാണം തടസ്സപ്പെട്ട നിലയിൽ*

കാര്യത്ത് കുളം പഞ്ചായത്ത് തന്നെ മുൻകൈ എടുത്ത് നികത്തി മൃഗാശുപത്രി നിർമ്മിച്ചിരിക്കുന്നു. പകരം മൃഗാശുപത്രി കോമ്പൗണ്ടിനടുത്തായി ഒരു ചെറിയകുളം ടാങ്ക് പോലെ നിർമ്മിച്ചിരിക്കുന്നു. കാര്യത്ത് കുളത്തിൽ നിന്നും വയലിലേയ്ക്ക് ഒഴുകിയിരുന്ന തോടാണ് തൊട്ടടുത്ത സ്കൂളിലേയ്ക്കുള്ള (ബ്ലൂസ്റ്റാർ) റോഡാക്കിമാറ്റിയിരിക്കുന്നത്.

## 6.2. കുറ്റിക്കാട്ട് കുളം

ചുവടേ കൊടുത്തിരിക്കുന്ന സർവ്വേ നമ്പരും വിസ്തീർണ്ണവും ആണ് വില്ലേജിൽ നിന്നും വിവരാവകാശ നിയമപ്രകാരം ലഭിച്ചിരിക്കുന്നത്.

(സർവ്വേ നമ്പർ 94/11 വിസ്തീർണ്ണം 07.57 ആർസ്)



*കുറ്റിക്കാട് കുളം*



*കുറ്റിക്കാട് കുളത്തിൽ നിന്നും ഉമയനല്ലൂർ ഏലായിലേക്കുള്ള തോട്*



*തോട് വയലിലേയ്ക്കിറങ്ങുന്ന സ്ഥലത്ത് ഡിപ്ലോമാറ്റ് കുടിവെള്ള ഫാക്ടറി സ്ഥിതി ചെയ്യുന്നനു.*

കുറ്റിക്കാട്ട് കുളം നല്ലതുപോലെ കെട്ടിനിലനിർത്തിയിരിക്കുന്നു. പരിസരവാസികൾ ഏറെക്കുറേ ഇത് വൃത്തിയായി സൂക്ഷിക്കുന്നതിൽ ശ്രദ്ധാലുക്കളാണ് എന്നാണ് കാണാൻ കഴിഞ്ഞത്. കുറ്റിക്കാട്ട്കുളം വർഷകാലത്ത് നിറഞ്ഞു കവിയുമ്പോൾ പടിഞ്ഞാറുവശത്തുകൂടി നീരൊഴുക്ക് വയലിലേക്ക് പോകാനുള്ള കല്ലുകെട്ടിയ തോട് ജീർണ്ണിച്ച അവസ്ഥയിൽ കാണപ്പെടുന്നു. ഈ തോട്ടിലൂടെ ഒഴുകിവരുന്ന വെള്ളം കുറ്റിക്കാട്ട് അമ്പലത്തിനു മുൻവശത്തുകൂടി ഒഴുകി വൃന്ദാവൻ പെറ്റ്സ് എന്ന കുടിവെള്ള ഫാക്ടറിയുടെ മുന്നിലൂടെ ഉമയനല്ലൂർ ഏലായിൽ എത്തുന്നു. വൃന്ദാവൻ പെറ്റ്സ് എന്ന പേരിൽ പ്രവർത്തിക്കുന്ന കുടിവെള്ള ഫാക്ടറി ഭൂഗർഭവെള്ളം ഊറ്റി തുടങ്ങിയതിനു ശേഷം കുറ്റിക്കാട്ട് കുളം പായലും എക്കലും നിറഞ്ഞ് നാശത്തിന്റെ വക്കിലാണ്. കുളം സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 6.3. കാണ്ടശ്ശേരികുളം

ചുവടെ ചേർത്തിരിക്കുന്ന സർവ്വേ നമ്പരും വിസ്തീർണവും ആണ് വില്ലേജിൽ നിന്നും വിവരാവകാശനിയമ പ്രകാരം ലഭിച്ചിരിക്കുന്നത്.

(സർവ്വേ നമ്പർ 81/3 വിസ്തീർണ്ണം 06.30 ആർസ്)



*കാണ്ടശ്ശേരി കുളം*



*കാണ്ടശ്ശേരി കുളത്തിൽ പഞ്ചായത്ത് നിർമ്മിച്ച കിണർ*



*ഓര് ജലം കിണറ്റിൽ*
*( നികുതിദായകരുടെ പണം പാഴാക്കുന്ന പ്രവൃത്തി)*

കെട്ടി പരിപാലിക്കാതെ തനതുരീതിയിൽ ഇപ്പോഴും നിലനിൽക്കുന്ന കുളമായിട്ടാണ് കാണ്ടശ്ശേരികുളത്തെ കാണാൻ കഴിഞ്ഞത്. പായലും എക്കലും നിറഞ്ഞ് സമ്പുഷ്ടമായ ജൈവാവസ്ഥ കാണ്ടശ്ശേരിക്കുളത്തിൽ ഉണ്ടെന്ന് ഹെൽപ്പ് ഫൗണ്ടേഷന്റെ പഠന സംഘത്തിനു ബോധ്യമായിട്ടുണ്ട്. കുളത്തിനുള്ളിൽ തന്നെ പഞ്ചായത്ത് കിണർ നിർമ്മിച്ചതായി കാണപ്പെടുന്നു. ഇതിന്റെ വൈരുദ്ധ്യം മാത്രമല്ല ഇതിന് അനുമതി നൽകിയ അധികൃതരുടെ നടപടി എന്തിന്റെ അടിസ്ഥാനത്തിലാണെന്നും മനസിലാകുന്നില്ല. എല്ലാത്തിനു മുപരി ഈ കിണറിലെ വെള്ളം ഉപയോഗ്യശൂന്യമാണ്. നികുതിദായകന്റെ പണം ധൂർത്തടിയ്ക്കുന്നതിന്റെ ഉത്തമോദാഹരണം കൂടിയാണ് കാണ്ടശ്ശേരി കുളത്തിലെ ഈ കിണർ.

ഈ അടുത്തകാലത്തായി മാലിന്യം ഈ കുളത്തേയും കയ്യടക്കി തുടങ്ങിയിരിക്കുന്നു. ഇത് വൃത്തിയാക്കേണ്ടത് അത്യാവശ്യം ആണ്. പ്രത്യക്ഷമായും പരോക്ഷമായും രൂക്ഷമായ ജലക്ഷാമം നേരിടാൻ ഈ കുളം സഹായിക്കുന്നു, കാണ്ടശ്ശേരി കുളത്തിനു ഏലായുമായുള്ള ബന്ധം ഇപ്പോഴും നിലനിൽക്കുന്നു. കൈതക്കോര, വരാൽ, കു

റുവ, മുഷി (നാടൻ), എരൽ തുടങ്ങിയ ഔഷധമൂല്യമുള്ള മത്സ്യങ്ങൾ ഈ കുളത്തിൽ ഉണ്ടെന്നാണു പറയപ്പെടുന്നത്. ശാസ്ത്രീയമായി പരിചരിച്ചാൽ ശുദ്ധജലമത്സ്യത്തിന്റെ കലവറ തന്നെ ഇവിടെ സൃഷ്ടിയ്ക്കാൻ സാധിക്കും. എന്ത് ബുദ്ധിമുട്ടിയാലും ചെല വുണ്ടായാലും ഈ കുളം അതിന്റെ തനതായ രീതിയിൽതന്നെ നിലനിർത്തി സംരക്ഷിക്കു ന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് സമീപവാസികൾ പറയുന്നത്.

# ഉമയനല്ലൂർ എലായുടെ പടിഞ്ഞാറു ഭാഗത്തുള്ള കുളങ്ങൾ

## 6.4. ആലക്കുളം (ആറാട്ട് കുളം) മണ്ണാണികുളം



മണ്ണാണി കുളം
അമ്പലത്തിന്റെ ആറാട്ട് കുളം



ആറാട്ട് കുളം (മണ്ണാണികുളം)ത്തിൽ നിന്നുള്ള തോട്
കോൺക്രീറ്റ് റോഡാക്കിയ നിലയിൽ

മണ്ണാണികുളത്തിന്റെ ആറാട്ട് കുളമാണ് ആലക്കുളം. മണ്ണാണികുളത്തിനു മുകളി ലായി വീടുകളുടെ നടുവിൽ പാതയോരത്തായാണ് ഈ കുളം സ്ഥിതിചെയ്യുന്നത്. ഈ ആറാട്ടുകുളത്തിനു വയലുമായി ഒരു ബന്ധവുമില്ല എന്നതുപോലെ തന്നെ മണ്ണാണിക്കു ളവുമായുള്ള ബന്ധവും തിരിച്ചറിയാൻ പറ്റുന്നില്ല. ഈ കുളത്തിന്റെ തോടായിരിക്കാം റോഡാക്കി മാറ്റിയിരിക്കുന്നത്. ഒറ്റപ്പെട്ടുനിൽക്കുന്ന, കെട്ടിയടച്ച് വൃത്തിയായി സൂക്ഷി ച്ചിരിക്കുന്ന ഒരു കുളമായാണ് ആലക്കുളത്തെ പഠനസംഘത്തിനു കാണാൻ സാധിച്ചത്.

## 6.5. ആറാട്ടുകുളം

ചുവടെ ചേർത്തിരിക്കുന്ന സർവ്വേ നമ്പരും വിസ്തീർണ്ണവും ആണ് വില്ലേജിൽ നിന്നും വിവരാവകാശനിയമ പ്രകാരം ലഭിച്ചിരിക്കുന്നത്. (സർവ്വേ നമ്പർ 74/2 വിസ്തീർണ്ണം 29.30 ആർസ്)



ഉമയനല്ലൂർ ബാലസുബ്രഹ്മണ്യക്ഷേത്രത്തിന്റെ ആറാട്ടുകുളമാണിത്. ചുറ്റും കെട്ടിയിട്ടുണ്ടെങ്കിലും കുളത്തിനകത്ത് ദേവസ്വം, ശുദ്ധി കാത്തുസൂക്ഷിക്കാനായി പ്രത്യേകം കെട്ടിത്തിരിച്ചിരിക്കുന്നു. ദേവസ്വം ആറാട്ടുകുളം വേർതിരിക്കാതെ മൊത്തമായി നില നിർത്തിയിരുന്നെങ്കിൽ കുളം മുഴുവൻ ശുചിയും വൃത്തിയുമായി നിലനിൽക്കുമായിരുന്നു. പ്രത്യേകം തിരിച്ചപ്പോൾ അമ്പലത്തിന്റെ കുളമായി ഉപയോഗിക്കുന്ന ഭാഗം മാത്രം സൂക്ഷിയ്ക്കുകയും ബാക്കി കുളത്തിന്റെ ഭാഗം മാലിന്യം കൊണ്ട് നിറയുകയും ചെയ്തിരിക്കുന്നു.



*ആറാട്ട് ചടങ്ങുകൾക്കായി കുളത്തിനുള്ളിൽ പ്രത്യേകം കെട്ടിത്തിരിച്ച കുളം*



*ആറാട്ടുകുളം കൈയേറിയ നിലയിൽ*

ആറാട്ടുകുളത്തിൽ നിന്നും ഒരു തോട് വന്ന്, ഉമയനല്ലൂർ ഏലായിലെ തോടുകൾ സംയോജിച്ച് ഒഴുകി വരുന്നതുമായി ചേർന്ന് മുന്നോട്ട് ഒഴുകി കൂട്ടിക്കടയിലൂടെ കല്ലറാം തോട്ടിൽ വന്നു ചേർന്നു കാരിക്കുഴിവയലിലൂടെ പരവൂർ കായലിൽ പതിക്കുന്നു. ആറാട്ട് കുളത്തിന്റെ ഒരു ഭാഗം വേർതിരിച്ച് സൂക്ഷിച്ചിരിക്കുന്നതുപോലെ ആറാട്ടുകുളം മുഴുവൻ വൃത്തിയാക്കി സൂക്ഷിക്കണമെന്നാണു സമീപവാസികളായ സ്ത്രീകളുടെ അഭിപ്രായം. കുളത്തിന്റെ പല ഭാഗങ്ങളിലും കയ്യേറ്റം നടന്നിട്ടുണ്ട്.

## 6.6. അടവുതേനുഅമ്മക്കുളം.

സ്വകാര്യ വ്യക്തിയുടെ പുരയിടത്തിലുള്ള ഒരു കുളമാണിത്. ഏകദേശം നികന്നു തീരാറായി എങ്കിലും ഇപ്പോഴുംചെറിയതോതിൽ നിലനിൽക്കുന്നു. കോവൂർ കുളം എങ്ങനെ പരിപാലിച്ച് നിലനിർത്തിയിരിക്കുന്നുവോ അതുപോലെ തന്നെ ഈ കുളവും പരിപാലിച്ച് നിലനിർത്താൻ പഞ്ചായത്ത് അധികൃതർ പ്രോത്സാഹജനകമായ നടപടികൾ എടുത്താൽ എന്നേയ്ക്കുമായി നശിച്ചുപോകുന്നതിൽ നിന്നും പൂർണ്ണമായും ഈ കുളത്തെ സംരക്ഷിക്കാൻ സാധിക്കും എന്നു രേഖപ്പെടുത്തുന്നു. സ്വകാര്യവ്യക്തിയുടെ പുരയിടത്തിൽ ആയതിനാൽ ഫോട്ടോഗ്രാഫ് എടുക്കാൻ സാധിച്ചില്ല.

## 6.7. കീഴ്ച്ചേരിക്കുളം.

ഈ കുളം ഹെൽപ്പ് ഫൗണ്ടേഷന്റെ ശ്രദ്ധയിൽ പെടുത്തിയത് രാജ്കുമാർ എന്ന ഒരു യുവപരിസ്ഥിതി പ്രവർത്തകനാണ്. കീഴ്ച്ചേരി അമ്പലക്കാർ നിർമ്മിച്ച് നിലനിർത്തി കൊണ്ട് പോകുന്ന കുളമായിട്ടാണ് ഈ കുളത്തെ കാണാൻ കഴിഞ്ഞത്. ഈ കുളത്തിന്റെ മുന്നിൽ മണ്ണാണിക്കുളം തോട്ടിലേക്കുള്ള ചാൽ ഒറ്റപെട്ട നിലയിൽ ദൃശ്യമാണ്. അമ്പല അധികൃതർ ഈ കുളം കൃത്യമായി പരിരക്ഷിക്കുമ്പോഴും കുളവും ചാലുമായിട്ടുള്ള ബന്ധം വേർപ്പെടുത്തിയിരിക്കുന്നതായാണ് കാണാൻ സാധിക്കുന്നത്.



കീഴ്ച്ചേരി കുളം



കീഴിച്ചേരി കുളത്തിൽ നിന്നും മണ്ണാണിക്കുളം തോട്ടിലേക്കുള്ള ചാൽ

# ഉമയനല്ലൂർ എലായുടെ വടക്കേഭാഗത്തുള്ള കുളങ്ങൾ

## 6.8. മണ്ണാണിക്കുളം.



മണ്ണാണികുളം



മണ്ണാണി കുളത്തിൽ നിന്നുമുള്ള കോൺക്രീറ്റ് റോഡ് / തോട്

വെൺപാലക്കര-പുത്തൻപുര ക്ഷേത്രപരിസരത്തുള്ള കുളമാണിത്. പുത്തൻപുര ഭാഗത്തുനിന്നും വർഷകാലത്ത് വെള്ളം ഒഴുകി മണ്ണാണിക്കുളത്തിൽ എത്തുന്നു. മണ്ണാണിക്കുളത്തിൽ നിന്നും ഒരു കിലോമീറ്റർ വരുന്ന ഒരു തോട് ഒഴുകി ഉമയനല്ലൂർ പാടശേഖരത്തിൽ വന്നു പതിക്കുന്നു. ഈ തോടിനു മുകളിൽ വലിയ സ്ലാബുകൾ നിരത്തി ഗതാഗതയോഗ്യമായറോഡ് നിർമ്മിച്ചിരിക്കുന്നു. ഈ നിർമ്മിതി തോടിന്റെ പാരിസ്ഥിതിക മൂല്യം ഇല്ലാതാക്കുന്നു.

## 6.9. കളീയ്ക്കൽ കുളം

കുളത്തിനുള്ളിൽ തന്നെ പഞ്ചായത്ത് കിണർ നിർമ്മിച്ചതായികാണപ്പെടുന്നു. അത് മറിഞ്ഞ് പോയിരിക്കുകയാണ്. കുളത്തിൽ നിന്നും വയലിലേയ്ക്കുള്ള തോട് നികന്നു നടവഴിയായിരിക്കുന്നു. ഇവിടെ തുമ്പ് വെച്ച് വയലും കുളവുമായിട്ടുള്ള ബന്ധം പുനഃസ്ഥാപിക്കണം. പാറകൊണ്ടുള്ള കെട്ടിന്റെ അഭാവത്തിൽ ഇന്നും എറെക്കുറേ തനതായ അവാസവ്യവസ്ഥ നിലനിൽക്കുന്നു. ശാസ്ത്രീയമായി പരിചരിച്ചാൽ ശുദ്ധജല മത്സ്യത്തിന്റെ കലവറ സൃഷ്ടിക്കാൻ സാധിക്കും. ഈ കുളം അതിന്റെ തനതായ രീതിയിൽത്തന്നെ നിലനിർത്തി സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.



കളീയ്ക്കൽ കുളം



കളീയ്ക്കൽ കുളത്തിൽ പഞ്ചായത്ത്
കിണർ കുത്തിയ നിലയിൽ
(നികുതിദായകരുടെ പണം പാഴാക്കുന്നന പ്രവൃത്തി)

## 6.10. ഈഴരക്കുളം



ഈഴരക്കുളം



ഈഴരക്കുളത്തിന്റെ കരക്കുള്ള വഴിയമ്പലം



ഈഴരകുള വഴിയമ്പലത്തിന്റെ പുരാതനമായ
തച്ചുശാസ്ത്രവിദ്യ

ചുവടെ ചേർത്തിരിക്കുന്ന സർവ്വേ നമ്പരും വിസ്തീർണ്ണവും ആണ് വില്ലേജിൽ നിന്നും വിവരാവകാശനിയമ പ്രകാരം ലഭിച്ചിരിക്കുന്നത്.

(സർവ്വേ നമ്പർ 165/16 വിസ്തീർണ്ണം 09.10 ആർസ്)

പരിസരത്തെ കർഷകർ പറയുന്നത് ഒരേസമയം പത്ത് കാളകളെ കുളിപ്പിച്ച് വൃത്തിയാക്കാൻ സാധിക്കുമായിരുന്ന ഒരു കുളമായിരുന്നു ഈഴരക്കുളം എന്നാണ്. കുളത്തിന്റെ വശങ്ങൾ പാറ ഉപയോഗിച്ച് കെട്ടിയതിനു ശേഷം കന്നുകാലികളെ കുളിപ്പിക്കാനുള്ള സൗകര്യം നഷ്ടപ്പെട്ടു. ഈ കുളത്തിൽ നിന്നും വയലിലേക്ക് വെള്ളം ഒഴുകുവാനുള്ള സൗകര്യം ഇല്ല. സാമുഹ്യവിരുദ്ധർ ഏറ്റവും അധികം മദ്യപിക്കാനായി ഒത്തുകൂടുന്ന ഒരുപരിസരമാണ് ഈഴരക്കുളത്തിന്റേത്. അതിനാൽ മദ്യകുപ്പികളും പ്ലാസ്റ്റിക്കും മറ്റ് മാലിന്യങ്ങളും ഏറ്റവും അധികം നിക്ഷേപിക്കപ്പെട്ട ഒരു കുളമാണിത് എന്നുകൂടി പഞ്ചായത്ത് അധികൃതരുടെ ശ്രദ്ധക്കായി രേഖപ്പെടുത്തുന്നു. പായലും പ്ലാസ്റ്റിക്ക് കുപ്പികളും നിറഞ്ഞ് വളരെ ശോച്യാവസ്ഥയിലാണ് കുളം.

ഇതിന്റെമുൻ ഭാഗത്തുള്ള വയലിൽ മൂമ്പ് പൂകൃഷി ചെയ്തിരുന്നു എന്നാണ് ശ്രീ ഗോപാലകൃഷ്ണപിള്ള എന്ന കർഷകൻ സാക്ഷ്യപ്പെടുത്തുന്നത്. കുളത്തിനു സമീപമായി ഒരു വഴിയമ്പലമുണ്ട്. ഒറ്റച്ചട്ടത്തിൽ ഇരുപത്തിയൊന്നു കാലോടുകൂടിയ കൂരയാണ് ഇതിന്റെ സവിശേഷത. ഇത് സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ പഞ്ചായത്ത് പുരാവസ്തുവകുപ്പുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ടതാണ്.

## 6.11. മറ്റപള്ളി വടക്കുംഭാഗം കുളം

സ്വകാര്യവ്യക്തികളുടെ പുരയിടത്തിൽ ഉള്ള കുളമാണിത്. ഇതും നികന്നു പോയിരിക്കുന്നു. സ്വകാര്യകുളങ്ങൾ സംരക്ഷിച്ച് പരിപാലിക്കുന്നതിന് പഞ്ചായത്ത് മാതൃകാപരമായ തീരുമാനങ്ങൾ എടുത്ത് നടപ്പിലാക്കേിയിരിക്കുന്നു. സ്വകാര്യ വ്യക്തിയുടെ പുരയിടത്തിൽ ആയതിനാൽ ഫോട്ടോഗ്രാഫ് എടുക്കാൻ സാധിച്ചില്ല.

## 6.12. കോൺക്രീറ്റ് തോട്


*കാഞ്ഞാംകുഴിയിൽ നിന്നും വെള്ളം ഒഴുകി വരുന്ന കോൺക്രീറ്റ് തോട്*


*കോൺക്രീറ്റ് തോട് ഒഴുകി വന്ന് അമ്പലച്ചിറ തോട്ടിൽ അവസാനിക്കുന്നു.*

കാഞ്ഞാംകുഴിയിൽ നിന്നും വെള്ളം ഒഴുകി ഉമയനല്ലൂർ ഏലായിൽ പതിച്ചുകൊണ്ടിരുന്ന തോടിന്റെ മുകൾഭാഗം കോൺക്രീറ്റ് ചെയ്ത് റോഡാക്കിയിരിക്കുന്നു. ഈ തോടും വൃത്തിയാക്കാൻ സാധിക്കുമോയെന്നു സംശയമാണ്. സ്ലാബ് വന്നതുകാരണം അതിന്റെ മേൽപ്പോട്ടുള്ള കുളങ്ങൾ നികന്നതായും കയ്യേറ്റം ചെയ്യപ്പെട്ടതായും മുതിർന്ന കർഷകർ സാക്ഷ്യപ്പെടുത്തുന്നു. ഈ തോട് മൊത്തം മാലിന്യങ്ങൾ അടിഞ്ഞുകൂടി കിടക്കുന്നു.

പി.കെ.കെ. ബാവ എം.എൽ.എ ആയിരുന്ന കാലഘട്ടത്തിൽ എം.എൽ.എ ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ചതാണ് ഈ തോട് എന്നു സമീപവാസികൾ പറയുന്നു.

# ഉമയനല്ലൂർ എലായുടെ കിഴക്കേഭാഗത്തുള്ള കുളങ്ങൾ

## 6.13. കോവിപുറം കുളം




*കോവിപ്പുറം കുളം ഇപ്പോൾ മയ്യനാട് കൃഷിഭവൻ (മുൻവശം)*



*കോവിപ്പുറം കുളം ഇപ്പോൾ മയ്യനാട് കൃഷിഭവൻ (പിൻവശം)*

പഞ്ചായത്ത് തന്നെ മുൻകൈ എടുത്ത് നികത്തി കൃഷി ഭവൻ നിർമ്മിച്ചു. വേലി തന്നെ വിളവു തിന്നുന്ന അവസ്ഥയാണ് ഇത് സൂചിപ്പിക്കുന്നത്

## 6.14. വെളുത്തേടം കുളം



*വെളുത്തോടം കുളം*





*വെളുത്തോടം കുളം നികത്തുന്നതിനു മുന്നോടിയായി കുളത്തിലേക്കുള്ള വഴി നികത്തിയയെടുത്ത അവസ്ഥയിൽ*

കൃഷിഭവന് പുറകിലുള്ള കുളമാണിത്. ഈ കുളം നികത്തുന്നതിലേയ്ക്കായി കുളത്തിലേക്കുള്ള വഴി വാങ്ങി നികത്തിയ നിലയിൽ ആണ്. വെളുത്തേടം കുളത്തിൽ

നിന്നാംരംഭിക്കുന്ന ഒരു ചെറുതോട് അതിനു പടിഞ്ഞാറുവശം താമസിക്കുന്ന വ്യക്തിയുടെ പുരയിടത്തിൽ (വയൽ നികത്തിയത്) കടന്ന് ഏലായിലേക്ക് പതിക്കുന്നു. ഈ കുളം നികത്തുകയും കുളത്തിലേക്കുള്ള വഴി വാങ്ങിയെടുത്ത് അതു നിരപ്പാക്കുകയും ചെയ്തതിലൂടെ ഏതു നിമിഷവും ഈ കുളം എന്നെന്നേക്കുമായി ഇല്ലാതാകും എന്ന അവസ്ഥയാണ്. ആയതിനാൽ അടിയന്തിരമായി റവന്യൂ അധികൃതർ വേണ്ടുന്ന നടപടി സ്വീകരിക്കണമെന്നു രേഖപ്പെടുത്തുന്നു.

## 6.15. മറ്റപള്ളി തെക്കേ കുളം



ഉമയനല്ലൂർ വയലിന്റെ കിഴക്കുഭാഗത്തായി, ഉമയനല്ലൂർ ക്ഷേത്രത്തിനു തൊട്ടുമുൻപായി സ്ഥിതി ചെയ്യുന്നു. സുബ്രഹ്മണ്യസ്വാമിയുടെ തിരുമുറ്റത്തുതന്നെ ഈ കുളം കയ്യേറ്റഭീഷണിയിലാണ്. കുളവും ഏലായുമായുള്ള ബന്ധം ഏതു നിമിഷവും വിച്ഛേദിക്കപ്പെടാം. ഈ കുളത്തിന്റെ അവസ്ഥ ശോച്യവും നാശോന്മുഖവുമാണ്. ഇത് സംരക്ഷിക്കപ്പെടേണ്ടതാണ്. ആയതിനാൽ ബന്ധപ്പെട്ട അമ്പലകമ്മിറ്റി അധികൃതരും പാടശേഖര സമിതിയും അടിയന്തിരമായി ഇടപെട്ട് ഇതിനെ സംരക്ഷിക്കണമെന്ന് രേഖപ്പെടുത്തുന്നു.

# 7. ഉമയനല്ലൂർ ഏലാ കാരിക്കുഴി ഏലാ ബാന്ധവം

(Umayamallor Ela Wetlands Thodu Linkage through to Kazhikkuzhi Ela Wetlands)




ഉപഗ്രഹമാപ്പിൽ അടയാളപ്പെടുത്തിയിരിക്കുന്നപോലെ അമ്പലചിറ - ഉമയനല്ലൂർ ഏലാ തോട്, കോവൂർചിറ ഉമയനല്ലൂർ ഏലാ തോട്, വള്ളിയമ്പലം തോട്, മണ്ണാണി ക്കുളം തോട്, ആറാട്ട്കുളം തോട് എന്നിവ ഉൾപ്പെടുന്നതാണ് ഉമയനല്ലൂർ ഏലാ കാരി ക്കുഴി ഏലാ ബാന്ധവം.

ഉമയനല്ലൂർ പാടശേഖരം നിലനിൽക്കണമെങ്കിൽ പാടശേഖരം മുഴുവൻ പൂർണ്ണ മായി കൃഷിയോഗ്യമാക്കണം. പഞ്ചായത്ത് അധികൃതർ (എഞ്ചിനീയറിങ് ഡിപ്പാർട്ട്മെന്റ്) യാതൊരു കാരണവശാലും ഈ തോടുകൾ പാറകെട്ടി സംരക്ഷിക്കാനോ കോൺക്രീറ്റ് സ്ലാബ് ഇടാനോ ശ്രമിക്കരുത്. അങ്ങനെ വന്നാൽ ഉമയനല്ലൂർ ഏലാ പാടശേഖരത്തിന്റെ അവസാന ആണിയും മയ്യനാട് പഞ്ചായത്ത് അധികൃതർ അടിക്കുന്നതിന് തുല്യമാകും. ഇത്രയും പഴമയുള്ള സംസ്ക്കാരവും ഐതീഹ്യവും കൃഷിയും അനുബന്ധ ജീവിതരീ തികളും നിലനിർത്തേണ്ടത് മയ്യനാട് പഞ്ചായത്ത് അധികൃതരുടെ ഉത്തരവാദിത്തമാണ്. കൺസ്ട്രക്ഷൻ ലോബിയുടേയും റിയൽ എസ്റ്റേറ്റ് ബന്ധങ്ങളുടേയും പ്രലോഭനങ്ങൾക്ക് വശംവദരാവാതെ ഉമയനല്ലൂർ ഏലാ സംരക്ഷിക്കേണ്ടത് നാടിന്റെ നിലനിൽപ്പിന് അത്യ ന്താപേക്ഷിതമാണ്.

## 7.1. അമ്പലചിറ – ഉമയനല്ലൂർ ഏലാതോട്

അമ്പലച്ചിറയിൽ നിന്നും ഉമയനല്ലൂർ ഏലായിൽ വെള്ളമെത്തുന്ന തോടാണിത്. ഉമ യനല്ലൂർ ഏലായുടെ വടക്കേകരയിലൂടെ ഒഴുകി ആറാട്ടുകുളത്തിന്റെ കിഴക്കേഭാഗത്ത് എത്തുന്നു.

ഈ തോടിന്റെ പാറകെട്ട് നിർമിച്ചിരിക്കുന്ന വശങ്ങൾ പലയിടത്തും ഇടിഞ്ഞ് വീണ് പാറ തോട്ടിലും വയലിലുമായി കിടക്കുന്നു. ആയതിനാൽ ഈ ഭാഗങ്ങളിൽ തോട് വൃത്തി യാക്കലും കൃഷിചെയ്യലും വളരെ ക്ലേശകരമായി മാറിയിരിക്കുന്നു. ഈ പ്രദേശത്തെ



*അമ്പലചിറ - ഉമയനല്ലൂർ ഏല തോട്*

കർഷകർ പറയുന്നത് ഈ പാറകളെല്ലാം എടുത്തുമാറ്റി അവിടെ പഴയരീതിയിൽ മണ്ണു കൊണ്ടുള്ള ബണ്ടുകൾ നിർമിക്കണമെന്നാണ്. എന്നാൽ പാറയും സിമന്റും ഉപയോഗിച്ചുള്ള നിർമാണം നടന്നതോടുകൂടി ഈ പ്രക്രിയ നടക്കുന്നില്ല.

പാറ കെട്ടാത്തിടത്ത് മണ്ണ്കൊണ്ട് ബണ്ട് നിർമ്മിച്ച അരകിലോമീറ്ററോളം ഭാഗം സുശക്തമായി നിലനിൽക്കുന്നു. ഈ മാതൃക ഉമയനല്ലൂർ ഏലായിലെ എല്ലാ തോടുകളിലും നിർബന്ധമായും പിന്തുടരണമെന്നു പ്രത്യേകം ആവശ്യപ്പെടുന്നു.

## 7.2. കോവൂർച്ചിറ – ഉമയനല്ലൂർ ഏലാ തോട്



കോവൂർച്ചിറയിൽ നിന്നും ഉമയനല്ലൂർ ഏലായിൽ വെള്ളമെത്തുന്ന തോടാണിത്. ഉമയനല്ലൂർ ഏലായുടെ തെക്കേകരയിലൂടെ ഒഴുകി ആറാട്ടുകുളത്തിന്റെ കിഴക്കേഭാഗത്ത് എത്തുന്നു. അമ്പലച്ചിറതോടിന്റെ അവസ്ഥതന്നെയാണ് ഈ തോടിനും. തോടിന്റെ വശങ്ങൾ നിർമ്മിച്ചിരിക്കുന്ന പാറ ഇളകി തോട്ടിൽ വീണ് കിടക്കുന്നത് കാരണം കർഷകർക്ക്

തോടു വൃത്തിയാക്കുവാൻ കഴിയുന്നില്ല. മണ്ണുകൊണ്ടുള്ള ബണ്ട് ഉണ്ടായിരിന്ന കാലത്ത് വർഷത്തിലൊരിക്കൽ കർഷകർ തോട്ടിൽ അടിഞ്ഞുകൂടുന്ന ചെളിയും എക്കലും കോരി ബണ്ട് ബലപ്പെടുത്തുകയും തോട് വൃത്തിയാക്കി വെള്ളം സുഗമമായി ഒഴുകുന്നതിന് സാഹചര്യം ഒരുക്കുകയും ചെയ്യുമായിരുന്നു.

## 7.3. വള്ളിയമ്പലം തോട്



ഉമയനല്ലൂർ ഏലായുടെ മദ്ധ്യഭാഗത്തായി സ്ഥിതിചെയ്യുന്ന വള്ളിയമ്പലത്തിന്റെ തെക്കുഭാഗത്തുള്ള ഏക്കറുകണക്കിനുവരുന്ന പാടശേഖരത്ത് വർഷകാലങ്ങളിൽ വെള്ളം കെട്ടിനിൽക്കുന്നതു കാരണം അവിടെ പലപ്പോഴും കൃഷിചെയ്യാൻ കഴിഞ്ഞിരുന്നില്ല. ഇങ്ങനെ കെട്ടിനിൽക്കുന്ന വെള്ളം ഒഴുകിപോകാൻ നിർമ്മിച്ച തോടാണിത്. വെള്ളം കെട്ടിനിൽക്കുന്നതു കാരണം കൃഷിചെയ്യാൻ സാധിക്കില്ല. ആയതിനാൽ വള്ളിയമ്പലം തോട് ആരംഭിക്കുന്ന സ്ഥാനത്തൊരു കുളം കുത്തുക, മണ്ണ് മൂടി അടഞ്ഞ് കിടക്കുന്ന തോട് മണ്ണ് മാറ്റി വൃത്തിയാക്കുക. അങ്ങനെ ചെയ്താൽ വള്ളിയമ്പലത്തിനു ചുറ്റുമുള്ള വെള്ളം കുളത്തിലെത്തുകയും ആവശ്യാനുസരണം വെള്ളത്തിന്റെ ഗതിനിയന്ത്രിച്ച് കൃഷിയോഗ്യമാക്കി മാറ്റുകയും ചെയ്യാം.

## 7.4. മണ്ണാണിക്കുളം തോട്

(മാളിക കട - മണ്ണാണി കുളം - ഉമയനല്ലൂർ ഏലാ തോട്)

മണ്ണാണിക്കുളത്തിൽ നിന്നും ഒരുകിലോമീറ്റർ വരുന്ന ഒരുതോട് ഒഴുകി ഉമയനല്ലൂർ പാടശേഖരത്തിൽ വന്നു പതിക്കുന്നു. ഈ തോടിന്റെ ഇരുകരകളും ജനവാസകേന്ദ്രങ്ങളാണ്. അതിനാൽതന്നെ യാത്ര സുഗമമാക്കാൻ തോടിനു മുകളിൽ വലിയ സ്ലാബുകൾ നിരത്തി ഗതാഗതയോഗ്യമായ റോഡ് നിർമിച്ചിരിക്കുന്നു. ഈ നിർമ്മിതി തോടിന്റെ പാരിസ്ഥിതികമൂല്യം ഇല്ലാതാക്കുന്നു.





മണ്ണാണിക്കുളം തോട്

## 7.5. ആറാട്ട്കുളം തോട്

### (ഉമയനല്ലൂർ ഏലാ – ആറാട്ട് കുളം – കാരിക്കുഴി ഏലാതോട്)



ആറാട്ട് കുളത്തിൽ നിന്നും ആറാട്ട് തോട് ഉത്ഭവിക്കുന്നു



ആറാട്ട് കുളം തോടിന്റെ ശോചനീയാവസ്ഥ

മണ്ണാണിക്കുളത്തിൽ നിന്നും ഒരു തോട് ഒഴുകി ഏലായുടെ വടക്കേകരയിലൂടെ ഒഴുകുന്ന അമ്പലച്ചിറ ഏലാതോടിൽ വന്നു ചേർന്ന് മുന്നോട്ടൊഴുകി ഏലായുടെ തെക്കേക്കരയിലൂടെ ഒഴുകുന്ന കോവൂർ ചിറയിൽ നിന്നുള്ള തോടുമായി ചേർന്ന് ആറാട്ടുകുളത്തിന്റെ കിഴക്കുവശത്ത് വന്ന് ആറാട്ടുകുളത്തിൽ നിന്നുള്ള തോടുമായി ചേർന്ന് മുന്നോട്ട് ഒഴുകി കല്ലറാംതോടു വഴി കാരിക്കുഴി ഏലായിലെ കൈതപ്പുഴ വഴി ടി.എസ് കനാലിൽ എത്തുന്നു.

ആറാട്ടുകുളം തോടിന്റെ വീതി കുറഞ്ഞ് ഒരു ചാലായി രൂപപ്പെട്ടിരിക്കുന്നു. തോടിൽ അടിഞ്ഞുകൂടിയിരിക്കുന്ന മണ്ണുംഎക്കലും കോരിമാറ്റി തോടിന്റെ വീതി കൂട്ടേണ്ടിയിരിക്കുന്നു. ഏലാ പൂർണ്ണമായും കൃഷിയോഗ്യമല്ലാതാവുന്നതിന്റെ മുഖ്യകാരണങ്ങളിൽ ഒന്ന് വയലിലേക്കുള്ള വെള്ളത്തിന്റെ ഗതി ബണ്ട് കീറി നിയന്ത്രിക്കുന്ന പ്രക്രിയ സാധ്യമല്ലാത്തതാണ്.

# 8. ഉമയനല്ലൂർ ഏലായും
# ശ്രീ ബാലസുബ്രഹ്മണ്യസ്വാമിക്ഷേത്രവും



ഉമയ-നന്റ-ഊർ ഉമയനല്ലൂർ ആവുകയായിരുന്നു. ഉമയനൻ അധിവസിക്കുന്ന സ്ഥലമെന്ന അർത്ഥത്തിലാണ് ഉമയനല്ലൂർ എന്ന സ്ഥലനാമം ഉണ്ടായത്. രണ്ടായിരം വർഷത്തിലേറെ പഴക്കമുള്ളതും 8-ാം നൂറ്റാണ്ടിന്റെ അവസാനകാലഘട്ടത്തിൽ ജഗദ് ഗുരു ആദിശങ്കരാചാര്യ സ്വാമികൾ പ്രതിഷ്ഠ നടത്തിയതുമായ ക്ഷേത്രമാണിത്. സുബ്രഹ്മണ്യചൈതന്യത്തിൽ ബാലഭാവത്തിന് ശക്തി കൂടുതൽ ഉള്ളതുകൊണ്ടാണ് ആചാര്യ സ്വാമികൾ ബാലസുബ്രഹ്മണ്യ പ്രതിഷ്ഠ നടത്തിയത്. പണ്ട് കാലം തൊട്ടുതന്നെ ഈ ക്ഷേത്രം വളരെ പ്രസിദ്ധമായിരുന്നു. വേണാടിന്റെ ആദ്യരാജാവായിരുന്ന അയ്യനടികൾ തിരുവടികൾ തൊട്ട് എ.ഡി 1252-ൽ വേണാട് ഭരിച്ചിരുന്ന ഉമാദേവിത്തമ്പുരാട്ടിയും പതിയായ ജയസിംഹനും വരെയുള്ള വേണാടിന്റെ പിൽക്കാല ഭരണാധികാരികളെല്ലാം തന്നെ ഈ ക്ഷേത്രത്തിൽ സന്ദർശനം നടത്തുകയും സഹായങ്ങൾ നൽകുകയും ചെയ്തിരുന്നു. അതുപോലെ തന്നെ വേണാടിന്റെയും ദേശിംഗനാടിന്റെയും സൈന്യങ്ങൾ തമ്മിൽ ഘോരയുദ്ധം നടത്തിയ ഉമയനല്ലൂർ പടനിലം, ക്ഷേത്രത്തിൽ നിന്ന് നോക്കിയാൽ കാണാവുന്ന അകലത്തിലാണ് സ്ഥിതിചെയ്യുന്നത്.



*വള്ളിയമ്പലം*



*ബാലസുബ്രഹ്മണ്യസ്വാമി ക്ഷേത്രത്തിൽ നിന്നും വള്ളിയമ്പലത്തിലേക്കുള്ള ദർശനം വയൽ കൈയേറിയതിനാൽ മറഞ്ഞ നിലയിൽ*

കൊല്ലം താലൂക്കിലെ പത്തു കരകൾ ഉൾപ്പെട്ടതും നെടുമ്പന പകുതിയിൽ മുട്ടയ്ക്കാവ് എന്ന പ്രദേശവും ചേർന്നതാണ് ഉമയനല്ലൂർ ദേശം. കൊല്ലവർഷം 981-ലെ റവന്യൂ

കണ്ടെഴുത്ത് റിക്കാർഡുകൾ, സർക്കാർ ആയക്കെട്ട്, റവന്യൂ സെറ്റിൽമെന്റ് റിക്കാർഡുകൾ നാഗയ്യയുടെ സ്റ്റേറ്റ് മാനുവൽ എന്നിവയിലും പിൽക്കാലത്ത് എഴുതപ്പെട്ട സദസ്യതിലകൻ ടി.കെ.വേലുപ്പിള്ളയുടെ തിരുവിതാംകൂർ സ്റ്റേറ്റ് മാനുവൽ എന്ന ഗ്രന്ഥത്തിലും ഉമയനല്ലൂരിനെ പരാമർശിക്കുന്നുണ്ട്. കൊല്ലവർഷം 931-ൽ സർക്കാർ റവന്യൂ മാനുവൽ അനുസരിച്ച് ഉമയനല്ലൂർ, മുട്ടയ്ക്കാവ് എന്നീ പ്രദേശങ്ങളടങ്ങിയ പ്രദേശത്തെ ഉമയനല്ലൂർ സങ്കേതം എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. അനിഴം തിരുനാൾ മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ കാലത്ത് പ്രസ്തുത ദേശം അധികാരമൊഴിവും കരമൊഴുവുമായിട്ടുള്ള സമ്പൂർണ്ണമായ ഒരു സ്വതന്ത്ര ദേശമായി (Absolute Freehold) അകവൂർ, ഉമൻപള്ളി എന്നീ രണ്ട് മനകളിലെ നമ്പൂതിരിപ്പാടന്മാർക്ക് ഊരാണ്മ നൽകി സർക്കാരിൽ നിന്നും സമ്പൂർണ്ണമായും തിരുവിതാംകൂർ സംസ്ഥാനത്ത് ഇതുപോലുള്ള പതിനാല് സ്വതന്ത്രദേശങ്ങൾ (Absolute freehold) കാണപ്പെടുന്നു.

*These absolute freeholds are tax free and also free from governmental interference in all matters of revenue administration*

ഈ നിലയിൽ പ്രവർത്തിച്ചിരുന്ന ഉമയനല്ലൂർ ദേശത്തിൽ സർക്കാർ ഭൂമി ഉണ്ടായിരുന്നില്ല. ഈ ദേശത്തിലുള്ള ഭൂമി മൂന്ന് ഇനങ്ങളിൽ ഉള്ളതായിരുന്നു.

1. ഉമയനല്ലൂർ ദേവസ്വം വക
2. അകവൂർ ദേവസ്വം വക
3. ഊമൺപള്ളി ദേവസ്വം വക

ഇവയിൽ ഉമയനല്ലൂർ ദേവസ്വം വകയായുള്ള വിശാലമായ പുരയിടങ്ങളും പാടങ്ങളും ഉൽപ്പെടെയുള്ള വസ്തുക്കൾ ഉമയനല്ലൂർ ശ്രീ ബാലസുബ്രഹ്മണ്യസ്വാമിയുടെ വകയാണ്. മറ്റ് രണ്ട് ബ്രഹ്മസ്വങ്ങളുടേയും വകയായുള്ള സ്വത്തുക്കളുടെ നികുതിയിനത്തിലും മറ്റുമുള്ള ആദായങ്ങൾ മേൽപ്പറഞ്ഞ അകവൂർ, ഊമൻപള്ളി എന്നീ രണ്ട് മനകൾക്കും അവകാശപ്പെട്ടതായിരുന്നു. എന്നാൽ പിന്നീട് 1985-ൽ ക്ഷേത്രത്തിന്റേയും ദേവസ്വത്തിന്റേയും ഉടമസ്ഥത ദേവസ്വം ബോർഡ് ഏറ്റെടുത്തു.

## വാർഷിക ഉത്സവം

മീനമാസത്തിലെ അവിട്ടം തിരുനാൾ കൊടിയേറി കാർത്തികതിരുനാൾ ആറോട്ടോടുകൂടി അവസാനിക്കുന്ന എട്ട് ദിനങ്ങളും ഈ പ്രദേശത്തെ ഗ്രാമീണ ജനതയുടെ ഒന്നാകെയുള്ള ആഘോഷദിനങ്ങളായാണ് ഇന്നും നിലകൊള്ളുന്നത്. മൂന്നുവശങ്ങളും വിശാലമായ പാടങ്ങളും അവയെ ചേർത്തിണക്കുന്ന മൂന്ന് വലിയ ചിറകളും എട്ട് കുളങ്ങളും ഇരുപത്തിനാല് വരമ്പുകളും ചേർന്നമനോഹരമായിരുന്ന നടുവിലത്തെ കരയിലാണ് പടിഞ്ഞാറോട്ട് ദർശനമായി ക്ഷേത്രം സ്ഥിതിചെയ്യുന്നത്. കേരളക്കരയിൽ ഭഗവാന്റെ ദർശനപ്രീതിയിലേക്കുള്ള ഏക ക്ഷേത്രമാണിത്. താരകാസുരനിഗ്രഹത്തിന് ഏഴു ദിവസം പ്രായമായ ഭഗവാൻ പടിഞ്ഞാറോട്ട് അഭിമുഖനായിരുന്നു. ഇതുപോലെ പടിഞ്ഞാറോട്ട് ദർശനമുള്ളത് പളനിക്ഷേത്രത്തിൽ മാത്രമാണ്. അഞ്ച് എടുപ്പു കുതിരകൾ, മറ്റ് കെട്ടുകാഴ്ചകൾ ക്ഷേത്രകലകൾ ഉൾപ്പെടെയുള്ള വലിയ കലാപരിപാടികൾ

എന്നിവ എല്ലാ വർഷങ്ങളിലും നടന്നു കൊണ്ടിരിക്കുകയാണ്. ഏതാണ്ട് രണ്ട് കിലോമീറ്റർ ദൂരം ഉമയനല്ലൂർ ഏലായിലൂടെ ഈ എടുപ്പ് കുതിരകളെ ആഘോഷപൂർവ്വം എടുത്തുകൊണ്ടുവരുന്നത് അസുലഭചാരുതയാർന്ന ദൃശ്യമാണ്. നടുവിലക്കര, തെക്കുംകര, ആയിരം തെങ്ങ്താഴത്ത്, പിണയ്ക്കൽ, വടക്കുംകരകിഴക്ക്, വടക്കുംകരപടിഞ്ഞാറ് എന്നീ ആറ് ചേരികളാണ് ക്ഷേത്രോത്സവവുമായി ഇന്ന് ബന്ധം പുലർത്തുന്നത്.

## ആനവാൽ പിടി

ഭാരതത്തിലെ മറ്റൊരു ക്ഷേത്രത്തിലും ഇത്തരമൊരു ആചാരം ഇല്ല തന്നെ സുബ്രഹ്മണ്യന്റേയും ഗണപതിയുടേയും ബാല്യകാല വിനോദങ്ങളെ ആദരപൂർവ്വം അനുസ്മരിക്കുന്ന ഒരു അപൂർവ്വ ചടങ്ങാണിത്. മീനത്തിലെ അശ്വതിതിരുനാൾ ദിവസം രാവിലെ എഴുന്നള്ളത്ത് കഴിഞ്ഞ് ആനയ്ക്ക് നിവേദ്യം നൽകിയ ശേഷം ആനക്കൊട്ടിലിൽ കൊണ്ടുവന്ന് ശ്രീകോവിലിനഭിമുഖമായി തൊഴുത് ശംഖ് വിളിച്ചതിന് ശേഷം തിരിഞ്ഞ് വിശാലമായ ഉമയനല്ലൂർ ഏലായിലൂടെ ഓടിക്കുകയും ഈ സമയം ആറ് കരയിൽ നിന്നുമുള്ള വ്രതമെടുത്ത രണ്ട് പേർ വീതം പന്ത്രണ്ട് പേർ ആനയുടെ പിന്നാലെ ഓടി വാലിൽ തൊട്ട് നമസ്ക്കരിക്കുകയും ചെയ്യുന്നു. അവസാനം ആന ഓടി പടിഞ്ഞാറു ഭാഗത്തുള്ള കാവിൽ എത്തിച്ചേരും ഇത് വളരെ രസകരവും സാഹസികവുമായ ഒരാചാരമാണ്. ഈ രംഗങ്ങൾ കാണുന്നതിന് വിദൂര സ്ഥലങ്ങളിൽ നിനനു പോലും ധാരാളം ആളുകൾ ക്ഷേത്രത്തിൽ എത്തിച്ചേരുന്നു.

## ഉമയനല്ലൂർ ഏലായുടെ പ്രസക്തി

പുരാതന പുണ്യക്ഷേത്രത്തിലെ എല്ലാ ആചാര അനുഷ്ഠാന ആഘോഷങ്ങളും വിശാലമായ ഉമയനല്ലൂർ ഏലായിലാണ് അരങ്ങേറുന്നത്. ക്ഷേത്രം സ്ഥിതി ചെയ്യുന്ന നടുവിലക്കരയുടെ മുന്നിലുള്ള വിശാലമായ ഏലായുടെ ഒത്ത നടുവിലാണ് വള്ളിയമ്പലം സ്ഥിതിചെയ്യുന്നത്. പ്രതിഷ്ഠകളേതും ഇല്ലാതെ വിളക്കുമാത്രം തെളിയ്ക്കപ്പെടുന്ന വള്ളിയമ്പലം ഒരു ദേവീസങ്കൽപ്പമാണ്. ഇതിനു ചുറ്റിനുമാണ് ആയിരങ്ങൾ പൊങ്കാലയർപ്പണത്തിനായെത്തുന്നത്. വള്ളിയമ്പലത്തിന്റെ പടിഞ്ഞാറുഭാഗത്തായി ആറാട്ടുകുളം സ്ഥിതി ചെയ്യുന്നു. ആറാട്ട് ദിവസം ക്ഷേത്രത്തിൽ നിന്നു പുറപ്പെടുന്ന ആറാട്ട് വിശാലമായ ഏലായിൽ ചുറ്റി ആറാട്ടുകുളത്തിൽ എത്തിയശേഷം അവിടെ നിന്നുവീണ്ടും ഈ ഏലായിൽക്കൂടിത്തന്നെ എല്ലാകരകളിലേക്കും പോകുന്നു. എല്ലാ കുതിരകൾക്കും ദർശനം നൽകിയ ശേഷം വീണ്ടും ആറാട്ടുകുളത്തിലെത്തുകയും പിന്നീട് വള്ളിയമ്പലത്തിന് വലത്തുവെച്ചതിന് ശേഷം ക്ഷേത്രത്തിലെത്തുകയും ചെയ്യുന്നു. ആറാട്ട് ക്ഷേത്രത്തിൽ എത്തുന്നതിനുമുമ്പുതന്നെ അഞ്ച് എടുപ്പുകുതിരകളും ഈ ഏലായിലൂടെ രണ്ട് കിലോമീറ്റർ ദൂരത്തോളം ചുറ്റി വള്ളിയമ്പലത്തിനെ വലം വെച്ച് ക്ഷേത്രത്തിലെത്തുന്നു. ക്ഷേത്രത്തിനു മുന്നിലായി ഏലായുടെ ആരംഭത്തിൽ പള്ളിവേട്ടക്കുന്ന് സ്ഥിതിചെയ്യുന്നു. സുബ്രഹ്മണ്യൻ അവിടെ പള്ളിവേട്ടക്കെത്തുന്നതിന്റെ ഓർമ്മയ്ക്കായുള്ള ചടങ്ങുകൾ ഇന്നും ഉത്സവസമയത്ത് അവിടെ അനുഷ്ഠിക്കപ്പെടുന്നുണ്ട്. ഉമയനല്ലൂർ ഏലായിലെ കൃഷിയുടെ വിളവെടുപ്പിനുശേഷമുള്ള കൃഷിക്കാരുടെ മെയ്ക്കരുത്ത് തെളിയിക്കാനുള്ള ഒരവസരമായിക്കൂടിയാണ് നാട്ടുകാർ ഈ കുതിരയെടുപ്പിനേയും മറ്റും കണ്ടിരുന്നത്.

ഇത്രയധികം ചരിത്രപ്രാധാന്യമുള്ളതും ദേവസാന്നിദ്ധ്യം അവകാശപ്പെടുന്നതുമായ ഈ ക്ഷേത്രത്തിന്റെ ഭൂമികയായ ഉമയനല്ലൂർ ഏലായുടെ ഇന്നത്തെ അവസ്ഥ തീർത്തും പരിതാപകരമാണ്. മൂന്ന് വശവും വിശാലമായ പാടങ്ങളുണ്ടായിരുന്ന നടുവിലക്കര യുടെ ഒരുവശത്തെ പാടം പൂർണ്ണമായും അപ്രത്യക്ഷമായിരിക്കുന്നു. ക്ഷേത്രത്തിൽ നിന്നു നോക്കിയാൽ നേരേ കാണാമായിരുന്ന പള്ളിവേട്ടക്കുന്നും, വള്ളിയമ്പലവും പാടം സംരക്ഷിക്കേണ്ടതിനായി നിയോഗിക്കപ്പെട്ടിരിക്കുന്ന പാടശേഖരസമിതിയുടെ ഭാരവാഹി കളാൽതന്നെ (പാടശേഖര സമിതിയുടെ പ്രസിഡന്റ്) പാടം നികത്തപ്പെട്ട് ദേവന് ദൃഷ്ടി ഗോചാരമല്ലാതായി തീർന്നിരിക്കുന്നു. കുളങ്ങളെല്ലാം നികത്തപ്പെട്ട് കോൺക്രീറ്റ് കെട്ടിട ങ്ങളും വരമ്പുകളെല്ലം സിമന്റിട്ട റോഡുകളുമായി മാറ്റിയിരിക്കുന്നു.

# 9. സംരക്ഷണ പരിപാലന നിർദ്ദേശങ്ങൾ
(Protection and Conservation Recommendation)

## 9.1. ജനറൽ

മയ്യനാടിന്റെ കാർഷികരംഗത്തിന്റെ വളർച്ച നിരാശജനകമാണ്. അക്ഷീണരായി സ്വന്തം കുടുംബം പുലർത്താൻ പണിയെടുക്കുന്ന ചെറികിട-നാമമാത്ര കർഷകരുടെ എണ്ണം ദിനം പ്രതി ചുരുങ്ങിവരുകയാണ്. കാരണം സുസ്ഥിരമായൊരു വരുമാനം കൃ ഷിയിലൂടെ കണ്ടെത്തി ജീവിതം സുഖകരമായി നയിക്കുന്ന കുടുംബങ്ങളുടെ എണ്ണം കുറഞ്ഞുവരുകയാണ്.

2008-ലെ നെൽവയൽതണ്ണീർത്തടസംരക്ഷണ നിയമത്തിന്റെ ലംഘനങ്ങൾ ഉമയ നല്ലൂർ ഏലായിൽ വളരെ വ്യാപകമാണെന്നാണ് കർഷകരിൽ നിന്നും മനസിലാക്കാൻ കഴിഞ്ഞത്. പ്രാദേശിക തലത്തിലും ഉന്നതങ്ങളിലുമായി വ്യവസ്ഥാപിതമായ രീതിയിൽ ചിട്ടയോടുകൂടിയ അഴിമതിയാണു നടക്കുന്നതെങ്കിലും വികേന്ദ്രീകരിച്ച് നടക്കുന്നതി നാൽ അഴിമതിയുടെ വ്യാപ്തിയും നഷ്ടവും അറിയുന്നില്ല. ത്രിതല പഞ്ചായത്ത് സംവി ധാനങ്ങളിലേക്ക് തിരഞ്ഞെടുക്കപ്പെടുന്ന ചില ജനപ്രതിനിധികളെങ്കിലും റിയൽ എസ്റ്റേറ്റ് മേഖലയുമായി കൈകോർക്കുന്നത് അഴിമതിക്ക് ആക്കം കൂട്ടുന്നു. വേലിതന്നെ വിള വു തിന്നുന്ന രീതിയിലുള്ള ഈ പ്രവർത്തനം ഗുരുതരമായ വീഴ്ചയും തിരഞ്ഞെടുത്ത ജനങ്ങളോടുള്ള അവഹേളനവുമാണ്. പ്രകൃതി വിഭവങ്ങളിൽ ക്രയവിക്രയം നടത്തുന്ന ഇത്തരം ആളുകളുടെ പ്രവർത്തനങ്ങളാണ് മയ്യനാടിന്റെ കുടിവെള്ളം മുട്ടുന്ന അവസ്ഥ യിൽ എത്തിച്ചതെന്ന് നിസംശ്ശയം പറയാം.

നമ്മുടെ കാർഷികരംഗം പുരോഗതിയിലേക്ക് നയിക്കുവാൻ, വികസനത്തിനായി ലഭ്യ മാകുന്ന ബഡ്ജറ്റ് വിഹിതത്തിന്റെ നാൽപ്പത് ശതമാനത്തിൽ കുറയാത്ത തുക കാർഷിക വികസനത്തിനായി ഉപയോഗിക്കണം. 1996-ൽ പ്ലാൻ ഫണ്ടിന്റെ നാൽപ്പത് ശതമാനം കൃഷി വികസന പദ്ധതികൾ നടപ്പിലാക്കുന്നതിന് നിർബന്ധമായും ചെലവാക്കിയിരുന്നു. പക്ഷെ 2015-16 ൽ കൃഷിക്ക് മയ്യനാട് പഞ്ചായത്ത് വകയിരുത്തിയത് പ്ലാൻ ഫണ്ടിന്റെ 10.40% മാത്രമായിരുന്നു. കൃഷി ലാഭകരമായ ഒരു തൊഴിലായി വികസിപ്പിക്കാൻ നികു തിപണം വിവേചന ബുദ്ധിയോടെ കാർഷിക പദ്ധതികളിൽ മുടക്കുന്നതിന് പഞ്ചായത്ത് സെക്രട്ടറിയും പഞ്ചായത്ത് സമിതിയും ജാഗ്രത കാട്ടണം.

## 9.2. പഞ്ചായത്ത്

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ മൂന്നാം പട്ടിക വകുപ്പ് 166 ഉപവകുപ്പ് (1) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ചുമതലകൾ നിർവചിക്കുന്നുണ്ട്. അവയിൽ

### (എ) അനിവാര്യ ചുമതലകൾ

1) പരമ്പരാഗത കുടിവെള്ള സ്രോതസുകൾ സംരക്ഷിക്കുക.
2) കുളങ്ങളും മറ്റ് ജലസംഭരണികളും സംരക്ഷിക്കുക.
3) ഗ്രാമപഞ്ചായത്തിന്റെ ചുമതലയിലുള്ള ജലമാർഗ്ഗങ്ങളും കനാലുകളും സംരക്ഷിക്കുക.
4) പേമാരി മൂലമുാകുന്ന വെള്ളം ഒഴുക്കി കളയുക.

### (ബി) പൊതുവായ ചുമതലകൾ

(ബി) 7. പരിസ്ഥിതി സംബന്ധിച്ച ബോധവൽക്കരണം നടത്തുകയും അതിന്റെ ഉന്നമനത്തിനായി പ്രദേശിക പ്രവർത്തനപരിപാടികൾക്ക് പ്രേരണ നൽകുകയും ചെയ്യുക.

### (സി) മേഖലാടിസ്ഥാനത്തിലുള്ള ചുമതലകൾ

### (സി) (1) കൃഷി

(1) തരിശുഭൂമിയിലും പ്രാന്തപ്രദേശങ്ങളിലും കൃഷി ചെയ്യിപ്പിക്കുക.
(2) ഭൂമിയുടെ പരമാവധി ഉപയോഗം ഉറപ്പുവരുത്തുക.
(3) മണ്ണ് സംരക്ഷണം.
(4) ജൈവവള ഉൽപാദനം.
(5) കൃഷിക്കാർക്കിടയിൽ സ്വാശ്രയസംഘം രൂപീകരിക്കുക.
(6) കൃഷിയിടങ്ങളുടെ യന്ത്രവൽക്കരണം.
(7) കൃഷിഭവനുകളുടെ നടത്തിപ്പ്.

### (സി) (3) ചെറുകിട ജലസേചനം

1. ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്തിനകത്ത് വരുന്ന എല്ലാ ചെറുകിട ജല സേചനപദ്ധതികളും പരിപാലിക്കുകയും നടപ്പിലാക്കുകയും ചെയ്യുക.
2. എല്ലാ സൂക്ഷ്മജലസേചന പദ്ധതികളും നടപ്പാക്കുകയും പരിപാലി ക്കുകയും ചെയ്യുക.
3. കനാലുകളുടെയും തോടുകളുടെയും സംരക്ഷണം പ്രവർത്തികമാക്കുക.

### (സി) (4) മത്സ്യബന്ധനം

1. കുളത്തിലെ മത്സ്യ സമ്പത്തിന്റെ വികസനവും ശുദ്ധജലത്തിലേയും ക്ഷാര ജലത്തിലേയും മീൻ വളർത്തലിനും പ്രോത് സാഹനം ചെയ്യുക.

## 9.3. മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പു പദ്ധതി

മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പു പദ്ധതിക്കായി കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിൻ 2014 ജനുവരി 30 ലെ എസ്.ഒ. 19(ഇ) നമ്പർ വിജ്ഞാനപ്ര കാരം വിഭാഗം (എ) പ്രകൃതി വിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതു പ്രവൃത്തികൾ.

1. കുടിവെള്ള സ്രോതസുകൾ, ഭൂഗർഭ ജലവിതാനം ഉയർത്തുന്നതിനുള്ള അടിയണകൾ, മൺതടയണകൾ, അണകൾ തുടങ്ങി ജലസംരക്ഷണത്തിനും ജലകൊയ്ത്തിനും സഹായകമായ നിർമ്മിതികൾ.
2. നീർത്തട പരിപാലന പ്രവൃത്തികൾ.
3. സൂക്ഷ്മ ചെറുകിട ജലസേചന പ്രവൃത്തികൾ, തോടുകൾ, കനാൽ എന്നിവയുടെ നിർമ്മാണം, പുനരുദ്ധാരണം, മെയന്റനൻസ് തുടങ്ങി നീർത്തട പരിപാലന പ്രവൃത്തികൾ.
4. പരമ്പരാഗത ജലസ്രോതസുകളായ കുളങ്ങളുടേയും ജലസ്രോതസുകളുടേയും ആഴം കൂട്ടലും പുനരുദ്ധാരണവും.
5. കുളങ്ങളുടെ അരികിലും കനാലിലിലും പൊതുഭൂമിയിലെ റോഡുകളുടെ സൈഡിലും കടലോരങ്ങളിലും മരം വെച്ചുപിടിപ്പിക്കലും പുനരുദ്ധാരണവും.
6. പൊതു ഭൂമിയിലെ വികസന പ്രവർത്തനം.
7. സർക്കാർ ഉത്തരവ് (സാധാ) 1550/15 ത സ്വ ഭ (ഡിഡി) വകുപ്പ് dt. 01/06/2015 തൊഴിലാളികളുടെ ഗ്രൂപ്പുകൾ രൂപീകരിച്ച് പാട്ടത്തിന് ഭൂമി എടുത്ത് കൃഷി ചെയ്യൽ (എം.മുരളി. (മുൻ എം.എൽ.എ) സമിതി ശുപാർശകൾ)

## 9.4. ചെറുകിട ജലസേചന വകുപ്പ്

1. പൊതുകുളങ്ങളുടെ നിർമ്മാണവും പുനരുദ്ധാരണവും.
2. പൊതുകനാലുകൾ, തോടുകൾ എന്നിവയുടെ പുനരുദ്ധാരണവും നിർമ്മാണവും.

## 9.5. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്

1. പാരിസ്ഥിതികമായും സാമ്പത്തികമായും നെൽപ്പാടങ്ങളുടെ രൂപാന്തരണം ഉണ്ടാകാതിരിക്കുവാൻ ജാഗ്രത പുലർത്തുക.
2. അരിയുൽപ്പാദനം വർദ്ധിപ്പിക്കാനുള്ള പ്രവർത്തനങ്ങൾക്ക് തരിശുനിലങ്ങളിലെ കൃഷിയുടെ വിസ്തൃതി വർദ്ധിപ്പിക്കാൻ പഞ്ചായത്ത് സമിതിയിൽ പ്രേരണ ചെലുത്തുക.
3. നെൽകൃഷിയുടെ വിസ്തൃതി കൂട്ടാനും നെല്ലിന്റെ ഉത്പാദനക്ഷമത കൂട്ടാനും ശാസ്ത്രീയമായി ജൈവകൃഷി പ്രോത്സാഹിപ്പിക്കുക.
4. നെൽകൃഷിയുടെ വ്യാപ്തികൂട്ടി കുടിവെള്ള ലഭ്യത ഉറപ്പാക്കാനുംകർഷകർക്ക് അറ്റാദായം കൂട്ടാനുള്ള പദ്ധതികൾ തയ്യാറാക്കുക.
5. ജൈവവളത്തിന്റെ ഉൽപാദനം വർദ്ധിപ്പിച്ച് ജൈവകൃഷി രീതി വ്യാപകമാക്കുക.
6. മൂല്യവർദ്ധിത ഉൽപന്നങ്ങൾ കാർഷിക വിഭവങ്ങളിൽ നിന്നും ഉണ്ടാക്കുക.
7. ആത്മ, അഗ്രികൺസോർഷ്യം എന്നീ പദ്ധതികളുമായി സംയോജിപ്പിച്ച് ഭക്ഷ്യ സംസ്ക്കരണ വ്യവസായ സാദ്ധ്യതകൾ ഉപയോഗപ്പെടുത്തുക.

## 9.6. റവന്യൂ വകുപ്പ്

1. കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണനിയമം 2008, കേരള ഭൂവിനിയോഗനിയമം 1986 എന്നിവ കർശനമായി പരിപാലിക്കു

ന്നതിനുള്ള മുൻകരുതൽ സ്വീകരിക്കണം. കൃഷിഭവനിലെ കൃഷി ഓഫീസർ കൺവീനറായ പ്രാദേശിക നിരീക്ഷണ കമ്മിറ്റിയുടെ തീരുമാനപ്രകാരം താൽകാലിക ഡേറ്റാബാങ്കിലെ നെൽവയലുകൾ നികത്താനുള്ള തീരുമാനങ്ങൾ, റവന്യൂ ഡിവിഷണൽ ഓഫീസറുടെ അനുവാദം ലഭിച്ച ശേഷം മാത്രമേ പഞ്ചായത്ത് സെക്രട്ടറി അനുവദിച്ചു നൽകാവൂ, പ്രത്യേകിച്ച് പട്ടികജാതി കുടുംബങ്ങൾക്ക് വീടുവക്കുന്നതിനുള്ള സഹായം.

2. അനധികൃതമായി നിലം നികത്തുന്ന വിവരങ്ങൾ വാർഡുകളിലെ അയൽസഭ നിർവാഹകസമിതി റിപ്പോർട്ട് ചെയ്യുകയും ഇക്കാര്യം ബന്ധപ്പെട്ട വാർഡുസഭയിലെ വികസന സമിതി ചെയർമാൻ പഞ്ചായത്ത് സെക്രട്ടറിക്കും വില്ലേജ് ഓഫീസർക്കും വിവരം എഴുതി നൽകി സ്റ്റോപ്പ് മെമ്മോ നൽകുന്നത് ഉറപ്പാക്കുകയും വേണം. വില്ലേജ് ഓഫീസർ നടപടി സ്വീകരിച്ചില്ലെങ്കിൽ റവന്യൂ ഡിവിഷണൽ ഓഫീസർക്ക് പരാതി നൽകി നിലത്തിലേയും തോടിലേയും നീരൊഴുക്ക് പുനസ്ഥാപിക്കുന്നതിനുള്ള നടപടി എടുപ്പിക്കേണ്ടതാണ്. പഞ്ചായത്തിന്റേയും സർക്കാരിന്റേയും അധീനതയിൽ ഉള്ള കുളങ്ങളും തോടുകളും പുറമ്പോക്കും കൈയേറിയ വ്യക്തികളേയും സംഘടനകളേയും നിയമപരമായി ഒഴിപ്പിക്കുവാനുള്ള നടപടി പഞ്ചായത്ത് സെക്രട്ടറി സ്വീകരിക്കേണ്ടതാണ്.

3. കുളങ്ങളിൽ നിന്നും വയലുകളിൽ നിന്നും ഒഴുകി വരുന്ന വെള്ളം ഒഴുകിപ്പോകാനുള്ള തോടുകൾ മൂടി റോഡ് ഉണ്ടാക്കുന്നതിന് തീരുമാനം എടുക്കുന്ന പഞ്ചായത്ത് ഭരണസമിതി (പഞ്ചായത്ത് സെക്രട്ടറി) എന്നിവർക്കെതിരെ നെൽവയൽ - തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം കേസ് ചാർജ്ജ് ചെയ്യുവാൻ ആർ.ഡി.ഒ.യ്ക്കും ബന്ധപ്പെട്ട പോലീസ് സബ് ഇൻസ്പെക്ടർക്കും പരാതി നൽകുന്നതിന് എൻ.ജി.ഒകളും പൗരന്മാരും തയ്യാറായാൽ മാത്രമേ നിലവിലുള്ള നെൽക്കൃഷിയുടെ വിസ്തീർണ്ണം കുറയാതിരിക്കുന്നതിനും വേനൽക്കാലത്ത് ശുദ്ധജല ലഭ്യത ഉറപ്പാക്കാനും ഉള്ള മുൻകരുതൽ എടുക്കാൻ കഴിയൂ.

## 9.7 ആരോഗ്യവകുപ്പ്

1. കുളങ്ങളിലേയ്ക്കും തോടുകളിലേയ്ക്കും ഹോട്ടലുകളിൽ നിന്നും വീടുകളിൽ നിന്നും അഴുക്ക് ജലവും കക്കൂസ് മാലിന്യവും ഒഴുക്കിവിടുന്ന പ്രവൃത്തികളാണ് വേനൽക്കാലത്ത് ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കുന്നതിനു മുഖ്യകാരണം. ഈ സാമൂഹ്യമായ ശുചിത്വമില്ലായ്മ ഇല്ലാതാക്കാൻ ജില്ലാ മെഡിക്കൽ ഓഫീസർ പബ്ലിക് ഹെൽത്ത് സെന്ററിലെ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ കർത്തവ്യങ്ങൾ പാലിക്കുന്നതിന് ഉദാസീനത കാട്ടാതെ ജാഗരൂകരാകാൻ നടപടി സ്വീകരിക്കണം.

2. അറവുശാലകളിൽ നിന്നും കോഴിവളർത്തൽ കേന്ദ്രങ്ങളിൽ നിന്നും ഉണ്ടാകുന്ന മാലിന്യങ്ങൾ വയലുകളിൽ തള്ളുന്നത് തടയാൻ ഹെൽത്ത് ഇൻസ്പെക്ടർമാർ, പഞ്ചായത്ത് സെക്രട്ടറിമാർ, പൊലീസ് ഇൻസ്പെക്ടർമാർ എന്നിവർക്ക് റിപ്പോർട്ട് നൽകി കേസ് എടുപ്പിക്കേതാണ്.

## 9.8 മലിനീകരണ നിയന്ത്രണ ബോർഡ്

കുളങ്ങളിലും ജലാശയങ്ങളിലും ഓടകളിലും തോടുകളിലും മാലിന്യങ്ങൾ കൊണ്ടിടുക, കക്കൂസ് മാലിന്യം ഒഴുക്കുക, വർക്ക്ഷോപ്പുകളിൽ നിന്നും ഡീസർ, ഓയിൽ, പ്ലാസ്റ്റിക്, കുപ്പികൾ എന്നിവ ഒഴുക്കി കുളങ്ങളിലേയ്ക്കും ജലം കുടിക്കാൻ കഴിയാത്ത തരത്തിൽ ഉപയോഗ്യശൂന്യമാക്കുന്നതിന് കാരണക്കാരായവരെ ശിക്ഷണ നടപടിക്ക് വിധേയരാക്കുന്നതിന് നടപടി സ്വീകരിക്കണം.

## 9.9 യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പിലാക്കേണ്ട നിർദ്ദേശങ്ങൾ

*(Specific Conservation Recommendations to be taken up on urgent basis)*

1. കൃഷിഭൂമി സംരക്ഷിക്കപ്പെടുകയും അത് കൃഷിക്കല്ലാതെ മറ്റാവശ്യങ്ങൾക്കായി ഉപയോഗിക്കപ്പെടുത്താതിരിക്കുകയും വേണം.
2. കൃഷിഭൂമിയുടെ ക്രയവിക്രയം കൃഷിക്കാർക്കും കൃഷി ആവശ്യങ്ങൾക്കും മാത്രമായി പരിമിതപ്പെടുത്തണം.
3. കുളങ്ങളുടെ സ്ഥലം കൈയേറിയവരിൽ നിന്നും തിരിച്ചെടുത്ത് കുളങ്ങളുടെ വിസ്തീർണ്ണം വർദ്ധിപ്പിക്കുന്നതിനും കുളങ്ങൾ പുനരുദ്ധരിക്കുന്നതിനും നടപടികൾ എടുക്കണം. പഞ്ചായത്ത് സെക്രട്ടറി, വില്ലേജ് ഓഫീസർ, അഡീഷണൽ തഹസീൽദാർ, കൃഷി ഓഫീസർ, പാടശേഖര നെല്ലുൽപാദക സമിതി, എക്സിക്യൂട്ടീവ് എഞ്ചിനിയർ, ചെറുകിട ജലസേചനം എന്നിവരുടെ കൂട്ടായ നടപടി ആവശ്യമാണ്.
4. ഉമയനല്ലൂർ ഏലായിൽ നിലം നികത്തലിനെതിരെ ആർ.ഡി.ഒ. നടപടി സ്വീകരിച്ച നിലങ്ങളിലിട്ട മണ്ണ് മാറ്റി നീരൊഴുക്ക് പുനഃസ്ഥാപിക്കുന്നതിന് ആർ.ഡി.ഒ, റവന്യൂ വകുപ്പ് നടപടി സ്വീകരിക്കണം.
5. കോവൂർച്ചിറയിൽ നിന്നാരംഭിക്കുന്ന തോട്, അമ്പലച്ചിറയിൽ നിന്നാരംഭിക്കുന്ന തോട്, വള്ളിയമ്പലം തോട്, ഇതിന്റെ വശങ്ങളിലുള്ള ബണ്ട് എന്നിവ പലയിടത്തും നിർമ്മാണവൈകല്യം മൂലം ഇടിഞ്ഞു കിടക്കുന്നു. ഒഴുക്കിന് തടസ്സമായി നിൽക്കുന്ന പാറകളെല്ലാം മാറ്റി തോടിൽ കൂടി വെള്ളം സുഗമമായി ഒഴുകുന്ന തരത്തിൽ മണ്ണ് കൊണ്ട് സൈഡ് ബണ്ടുകൾ നിർമ്മിച്ച് ജൈവ വേലി നിർമ്മിക്കുകയോ ഭൂവസ്ത്രം വിരിക്കുകയോ ചെയ്യണം.
6. ഉമയനല്ലൂർ ഏലായുടെ മദ്ധ്യഭാഗതത്തായി സ്ഥിതിചെയ്യുന്ന വള്ളിയമ്പലത്തിന്റെ തെക്കുഭാഗത്തായുള്ള ഏക്കറു കണക്കിനു വരുന്ന പാടശേഖരത്തെ വർഷ കാലങ്ങളിൽ വെള്ളം കെട്ടിക്കിടക്കുന്നതു കാരണം അവിടെ പലപ്പോഴും കൃഷി ചെയ്യാൻ സാധിക്കാറില്ല. അതിനാൽ വള്ളിയമ്പലം തോട് ആരംഭിക്കുന്ന സ്ഥലത്തൊരു കുളം കുത്തുന്നത് പ്രയോജനകരമായിരിക്കും.
7. ഓടകൾ, തോടുകൾ എന്നിവയിൽ ഡീസൽ, ഓയിൽ, സെപ്റ്റിക് ടാങ്ക് മാലിന്യം, വീടുകളിൽ നിന്നുള്ള മാലിന്യം എന്നിവ കലർത്തി ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കുന്നത് പരിഹരിക്കണം. പഞ്ചായത്ത് സെക്രട്ടറി, കൊല്ലം ജില്ലാ മെഡിക്കൽ ഓഫീസർ, ഹെൽത്ത് ഇൻസ്പെക്ടർമാർ, പോലീസ് സബ് ഇൻസ്പെക്ടർ, കൊട്ടിയം, എൻവയോൺമെന്റ് എഞ്ചി

നിയർ, മലിനീകരണ നിയന്ത്രണ ബോർഡ് കൊല്ലം, ആർ.ഡി.ഒ., ജില്ലാ സാനിട്ടേഷൻ മിഷൻ ഓഫീസർ എന്നിവരുടെ സംയുക്ത നടപടികൾ ആവശ്യമാണ്.

8. സർക്കാരിന്റേയും പഞ്ചായത്തിന്റേയും അധീനതയിലുള്ള കുളങ്ങളും തോടുകളും പുറമ്പോക്കും കൈയേറിയ വ്യക്തികളേയും സംഘടനകളേയും നിയമപരമായി ഒഴിപ്പിക്കാനുള്ള നടപടി പഞ്ചായത്ത് സെക്രട്ടറി സ്വീകരിക്കേണ്ടതാണ്.
9. കാലാകാലങ്ങളായുള്ള മാലിന്യങ്ങളാൽ നികന്നുപോയ ഉമയനല്ലൂർ ഏലായിലെ തലച്ചിറകളെ മാലിന്യം നീക്കി പൂർവ്വസ്ഥിതിയിലെത്തിച്ച് ജലസംഭരണശേഷി നിലനിർത്തണം.
10. പാടശേഖര നെല്ലുല്പാദന സമിതി നെൽക്കൃഷിയിൽ വിരിപ്പ്, മുണ്ടകൻ, പുഞ്ച എന്നീ വിളകൾ പരമാവധി ഏക്കറിൽ കൃഷി ചെയ്യാനുള്ള ശ്രമങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ മയ്യനാട് കൃഷിഭവനിലെ കൃഷി ഓഫീസറുടെ സാങ്കേതിക സഹായത്തോടെ നടത്തേണ്ടതാണ്.
11. പ്രദേശത്തിനു യോജിക്കുന്ന വിത്തു തെരഞ്ഞെടുത്ത് മണ്ണറിഞ്ഞ് വളം ചെയ്യൽ ശാസ്ത്രീയ മണ്ണു പരിശോധന നടത്തി ഓരോ പാടത്തിനും ഹെൽത്ത് കാർഡ് തയ്യാറാക്കി ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് അലംഭാവം കൂടാതെ കൃഷി ഓഫീസർ നടപടി സ്വീകരിക്കണം.
12. ഒന്നാം നെൽവിളക്കൃഷി പരമാവധി ചെയ്യുന്നതിനായി നീർത്തട അടിസ്ഥാനത്തിൽ ഏറ്റെടുക്കേണ്ട പണികൾ മുഖത്തല ബ്ലോക്ക് നീർത്തട അധിഷ്ഠിത വികസന പ്ലാനിൽ പരാമർശിച്ചിട്ടുള്ള പണികൾ MGNREGS യിൽ അംഗീകാരം വാങ്ങുന്നതിന് ബന്ധപ്പെട്ട ഗ്രാമവികസനസമിതി അംഗീകരിച്ച ഗ്രാമവികസന സമിതിയുടെ തീരുമാനത്തിൽ നടപ്പിലാക്കുവാൻ പഞ്ചായത്ത് സെക്രട്ടറി നടപടി സ്വീകരിക്കണം. ഇത് സമഗ്ര പ്രോജക്ടായി വിഭാവന ചെയ്ത് പ്രധാനമന്ത്രി കൃഷി സഞ്ചായ് വികാസ് യോജന, ചെറുകിട ജലസേചനം, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ, എം.എൽ.എ., എം.പിമാരുടെ പ്രാദേശിക വികസന ഫണ്ട് എന്നിവ സംയോജിപ്പിച്ച് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി കൃഷി അസിസ്റ്റന്റ് ഡയറക്ടർ എടുക്കണം.
13. മയ്യനാട് പഞ്ചായത്തിന്റെ പ്ലാൻ ഫണ്ടിന്റെ 40 ശതമാനം തുക കാർഷിക വികസനത്തിനായി മാറ്റി വയ്ക്കുന്നതിൽ നെൽക്കൃഷി വികസനത്തിനായി പ്രത്യേക പരിഗണന നൽകേതാണ്.
14. മയ്യനാട് പഞ്ചായത്ത് തൊഴിലുറപ്പു തൊഴിലാളികളെ ഉപയോഗിച്ച് ബ്ലൂസ്റ്റാർ നഴ്സറിക്ക് വടക്ക് വശം നിലത്തിൽ മണ്ണിട്ട് മുന്നൂറ് മീറ്റർ റോഡ് നിർമ്മാണം ആരംഭിച്ചു. മണ്ണ് നീക്കം ചെയ്യാൻ ആർ.ഡി.ഒ. പഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിരുന്നു. നെൽവയൽ തണ്ണീർത്തട സംരക്ഷണനിയമം ലംഘിച്ച പഞ്ചായത്ത് സെക്രട്ടറിക്ക് എതിരെ നടപടി സ്വീകരിച്ച് മാതൃക കാട്ടുന്നത് ഇനി ഒരു വ്യക്തിയും വയൽ നികത്തുന്നതിന് മുതിരാതിരിക്കുന്നതിന് ഇടയാക്കും.
15. മൂന്നാം വിളയായി നെൽക്കൃഷി ചെയ്യാൻ കഴിയാത്ത പാടങ്ങളിൽ വേനൽക്കാല പച്ചക്കറി കൃഷി ചെയ്യുവാൻ നടപടി സ്വീകരിക്കുക.

16. സ്വകാര്യ കുളങ്ങളും ക്ഷേത്രകുളങ്ങളും പുനരുദ്ധാരണ പണികളോ മെയിന്റനൻസോ ചെയ്യാൻ സർക്കാർ ഫണ്ട് ഉപയോഗപ്പെടുത്തണമെങ്കിൽ ടി വ്യക്തികളോ ദേവസ്വം ബോർഡോ ക്ഷേത്രോപദേശകസമിതിയോ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുമായോ ഫണ്ട് അലോട്ട് ചെയ്യുന്ന വകുപ്പ് ഉദ്യോ ഗസ്ഥനുമായോ ടി കുളം പൊതു ആവശ്യത്തിന് ഉപയോഗിക്കുന്നതിന് പൂർണ്ണ സമ്മതമാണെന്ന് ഒരു ഉടമ്പടി സ്റ്റാമ്പ് പേപ്പറിൽ എഴുതി കൈയോടെ നൽകേണ്ടതാണ്.
17. ഉമയനല്ലൂർ ഏലായുടെ ഭൂവിവര രേഖകൾ കൃത്യതയോടെ തയ്യാറാക്കുകയും ഡിജിറ്റലൈസ് ചെയ്യുകയും വേണം.
18. കുളങ്ങൾ, തോടുകൾ തുടങ്ങിയ ജലസ്രോതസ്സുകൾ മലിനീകരിക്കുന്ന വർക്കെതിരെ ശക്തമായ നിയമനടപടികൾ സ്വീകരിക്കുക.
19. ഏലായ്ക്ക് ചുറ്റുമുള്ള കുളങ്ങളിൽ നിന്നും വയലിലേയ്ക്കുള്ള നീരൊഴുക്ക് കോൺക്രീറ്റ് റോഡുകൾ നിർമ്മിച്ച് തടസ്സപ്പെടുത്തിയ നിലയിലാണ്. വയലി ലേക്ക് കുളങ്ങളുമായുള്ള നീരൊഴുക്ക് പുനഃസ്ഥാപിക്കാനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.
20. എല്ലാ വർഷവും തോടുകൾ വൃത്തിയാക്കുകുയും അടിഞ്ഞ് കൂടിയ മണ്ണും ചെളിയും കോരിമാറ്റി വെള്ളത്തിന്റെ ഒഴുക്ക് സുഗമമാക്കുകയും വേണം
21. കുളങ്ങളിൽ ശുദ്ധജല മത്സ്യകൃഷി നടത്തണം. ഇതിന് ഫിഷറീസ് ഡിപ്പാർട്ട്മെന്റിന്റെ സഹായം തേടാവുന്നതാണ്.

# 10. റഫറൻസ്

## 1. മയ്യനാട് ഗ്രാമപഞ്ചായത്ത്

മയ്യനാട് ഗ്രാമപഞ്ചായത്തിൽ നിന്നും വിവരാവകാശ നിയമപ്രകാരം കിട്ടിയ കുളങ്ങ ളുടേയും ഏലായേയും സംബന്ധിക്കുന്ന ഡേറ്റാ അപൂർണ്ണമാണ്. അതിനാൽ ഉപയോഗ പ്രദമല്ല.

## 2. കൃഷി ഓഫീസ്

കൃഷി ഓഫീസറുമായി ഹെൽപ്പ് ഫൗണ്ടേഷൻ പഠനസംഘം നടത്തിയ ചർച്ചകളുടെയും മീറ്റിംഗുകളുടെയും അനന്തരഫലമായി ലഭിച്ച ഉമയനല്ലൂർ ഏലായെ സംബന്ധിക്കുന്ന ഡേറ്റയാണ് ഈ റിപ്പോർട്ടിൽ ഉള്ളത്.

## 3. വില്ലേജ് ഓഫീസ്

വില്ലേജ് ഓഫീസിൽ നിന്നും വിവരാവകാശ നിയമപ്രകാരം നൽകിയ മറുപടി അനു സരിച്ച് ഡേറ്റക്ക് കൂടുതൽ തുക നൽകേതുള്ളതിനാൽ ഡേറ്റാ എടുക്കാൻ സാധിച്ചിട്ടില്ല.

## 4. പാടശേഖര സമിതി

പാടശേഖരസമിതിയിൽ നിന്നും കാര്യമാത്ര പ്രസക്തിയുള്ള രേഖകൾ ഒന്നും തന്നെ ലഭിക്കുകയുായില്ല.

# 11. ഐശ്വര്യത്തിലേക്കുള്ള രാജപാത ഒരുക്കുന്നു.

ഏതാണ്ട് രണ്ടായിരം വർഷം മനുഷ്യൻ തുടർച്ചയായി മണ്ണിൽ അദ്ധ്വാനത്തിന്റെ വിയർപ്പൊഴുക്കിയാലാണ് ഒരു പാടശേഖരം നെൽകൃഷിക്കായി ഉരുത്തിരിയുന്നതെന്നതാണ് ശാസ്ത്രസത്യം. ഉമയനല്ലൂർ പാടശേഖരത്തിൽ മൂന്ന്പൂവ് കൃഷി ചെയ്ത് വന്നിരുന്ന ഒരു നല്ല കാലമുണ്ടായിരുന്നു. പക്ഷെ മുഴുവൻ സമയം കൃഷി ചെയ്യാറുള്ള കർഷകസമൂഹത്തിൽ നിന്ന് സ്വന്തം പാടശേഖരങ്ങളിൽ തൊഴിലാളികളെക്കൊണ്ട് കൂലിയ്ക്ക് കൃഷി ചെയ്യേണ്ട സാഹചര്യത്തിലേക്ക് വന്നപ്പോൾ കൃഷി ലാഭകരമല്ലാതാവുകയും നിലങ്ങൾ തരിശ്ശിടുന്ന പ്രവണത കൂടികൂടി വരുകയും ചെയ്തു.

നെൽകൃഷിയിൽ തൊഴിലാളികൾക്കുള്ള കൂലി കുറഞ്ഞപ്പോൾ മറ്റ് തൊഴിലുകളിലേയ്ക്ക് തിരിഞ്ഞതിനാൽ കർഷക തൊഴിലാളികളുടെ കുറവ്, സമയബന്ധിതമായി കൃഷിചെയ്തില്ലെങ്കിൽ നെൽകൃഷിയിലുണ്ടാകുന്ന നഷ്ടം, യുവ തലമുറയ്ക്ക് കൃഷിയിലുണ്ടാകുന്ന താൽപര്യമില്ലായ്മ, തുടർച്ചയായുള്ള രാസവളപ്രയോഗംമൂലം വയലിലെ മണ്ണിന്റെ ഉൽപാദനക്ഷമത കുറഞ്ഞതും, പാടങ്ങളിലെ ജലസേചനത്തിനുള്ള കുളങ്ങൾ വ്യാപകമായി നികത്തിയതും, കനാലുകളും തോടുകളും നികത്തി നീരൊഴുക്ക് ഇല്ലാതാക്കി കോൺക്രീറ്റ് റോഡുകൾ നിർമ്മിച്ച് കൃഷി ഇല്ലാതാക്കുന്ന പ്രവണത വ്യാപകമാക്കുന്നതിനിടയാക്കി.

നിലങ്ങളുടെ വരമ്പുകൾ വർഷം തോറും കൃഷിചെയ്യാത്തത്കൊണ്ട് ഇടിഞ്ഞ് പോവുകയും ഒന്നാം വിളക്കാലത്ത് ഇടവപാതി മഴക്കാലത്തുള്ള വെള്ളപാച്ചിലിൽ ബണ്ടുകൾ ഇടിഞ്ഞ് പാടശേഖരങ്ങളിൽ വെള്ളപൊക്കം, ഉണ്ടാകുന്നതിനാൽ ഒന്നാംവിള നെൽകൃഷി പാടെ അന്യം നിന്നു പോയി.

ഇപ്പോൾ രണ്ടാം വിളയായ മുണ്ടകൻ കൃഷിമാത്രമാണ് ഈ ഏലായിൽ സർക്കാർ സബ്സിഡിയെ മാത്രം ആശ്രയിച്ച് കൃഷി ചെയ്ത് വരുന്നത്. വടക്കാംചേരി, മോഡൽ കൃഷിചെയ്യുന്നതിന് ശ്രമം നടത്തിയെങ്കിലും അത് തുടർന്നുകൊണ്ട് പോകാതെ ഭൂരിഭാഗം നിലങ്ങളും തരിശ്ശിട്ട് നെൽകൃഷിയെ അവഗണിക്കുന്ന അവസ്ഥ ഉണ്ടായപ്പോൾ നെൽപാടങ്ങൾ നികത്തി വൻവിലയ്ക്ക് വിൽപന നടത്തി, കോൺക്രീറ്റ് കെട്ടിടങ്ങൾ നിർമ്മിച്ച് വിൽക്കുന്ന ഭൂമാഫിയ ജനപ്രതിനിധികളുടെ ഒത്താശയോടെ ഷോപ്പിംഗ് മാളുകളുടെ നിർമ്മാണത്തിനായി ശ്രമം ശക്തമാക്കിയതോടെ എൻ.ജി.ഒകളുടെ സംയുകത സഹകരണത്തിൽ, നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം ജില്ലാകളക്ടറോട് ഉമയനല്ലൂർ ഏല സംരക്ഷിക്കുന്ന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുവാൻ ആവശ്യം ഉന്നയിക്കുകയും ചെയ്തു. പക്ഷെ ഭൂമാഫിയ അംഗങ്ങളുടെ നേതൃത്വത്തിൽ ആലുമ്മൂട് മേവറം എം.എൽ.എ റോഡിന്റെ വയൽ ഇറക്കം മുതൽ ഏലാ അവസാനിക്കുന്ന ഭാഗം വരെ റോഡിന്റെ രണ്ട് സൈഡിലും അറവുശാലകളിൽ നിന്നും കൊണ്ടുവരുന്ന മാലിന്യങ്ങൾ ദിവസവും നിക്ഷേപിക്കുന്നതിന്റെ ഫലമായി പരിസരമലിനീകരണം ഉണ്ടാകുന്നു. ഈ അനാരോഗ്യകരമായ അവസ്ഥയിൽ നെൽകൃഷി ചെയ്യുന്ന കർഷകരെ മാനസികമായി നെൽകൃഷി ചെയ്യാതിരിക്കുന്നതിനുള്ള സാഹചര്യം ഉണ്ടാക്കുന്ന അടവാണിത്. സർക്കാരിന്റേയും ത്രിതല പഞ്ചായത്തിന്റെയും സബ്സിഡി ഉള്ളതികൊണ്ട് മാത്രമാണ് ഉമയനല്ലൂർ ഏലായിൽ കൃഷി പൂർണ്ണമായും നിർത്തിവെയ്ക്കാതിരുന്നത്. 70 ഹെക്ടറിൽ മുണ്ടകൻ നെൽകൃഷി ചെയ്യുന്നതിന് 120 കർഷകരാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. അവർക്ക് പന്ത്രണ്ട് ലക്ഷം രൂപ സബ്സിഡി അനുവദിക്കുകയും ചെയ്തു. മുണ്ടകൻ വിളമാത്രമാണ് കൃഷി. ഗ്രൂപ്പടിസ്ഥാനത്തിൽ വയലിലെ മണ്ണിന്റെ ഗുണമറിഞ്ഞ് ജൈവരീതിയിൽ വളപ്രയോഗവും കീടരോഗ നിയന്ത്രണങ്ങളും പ്രയോഗിക്കുന്നതിൽ ശാസ്ത്രീയ കാഴ്ച്ചപാട് കുറവാണ്. ആയതിനാൽ

നെല്ലുൽപാദനം ശരാശരിയിലും താഴെയാണ് ലഭിക്കുന്നത്.

ഇവിടത്തെ കൃഷിയുടെ ന്യൂനത കൂട്ടായ പൊതുഞാറ്റടി ശാസ്ത്രീയമായി ചെയ്തിരുന്നില്ല എന്നതാണ്. നിലം ഒരുക്കുന്നതിന് ആവശ്യമായ ട്രാക്ടർ കൃത്യ സമയത്ത് ലഭിക്കാത്തതു കൊണ്ട് പാടശേഖരം മുഴുവൻ നെൽച്ചെടി നട്ടുവന്നപ്പോൾ മൂപ്പ്കൂടിയ ഞാറും ഉപയോഗിക്കേണ്ടിവന്നു. കൃത്യ സമയത്ത് മേൽ വളവും ജൈവരീതിയിലുള്ള കീടരോഗസംരക്ഷണ പ്രവർത്തനങ്ങളും നടത്താനായിട്ട് കഴിഞ്ഞില്ല. ലഭ്യമായിരുന്ന കൊയ്ത്ത് മെതിയന്ത്രം ഉപയോഗിച്ച് എല്ലാ പാടശേഖരങ്ങളിലേയും നെല്ല് കൊയ്യുന്നതിന് വയലിൽ ഈർപ്പം ഉള്ളതു കൊണ്ട് സാധിച്ചില്ല. അതിനാൽ ഏതാനും കർഷകർക്ക് കൂലിചെലവ് കൂടിയതുകൊണ്ട് കൃഷി ലാഭകരമല്ലാത്ത അവസ്ഥവന്നു. പ്രാദേശികമായി കർഷകതൊഴിലാളികൾ ഇല്ലാത്തതിനാൽ ബംഗാളികളേയും മറ്റസ്ഥലത്തെ സ്ത്രീ കർഷകതൊഴിലാളികളേയും കർഷകർക്ക് ആശ്രയിക്കേണ്ടിവന്നു.

കുടിവെള്ള ക്ഷാമം നേരിടുന്ന അവസരത്തിൽ കല്ലട ഇറിഗേഷൻ കനാലുകളിൽ കൂടിജലം തുറന്നുവിടുന്നതുകൊണ്ട് കുളങ്ങൾ കവിഞ്ഞ് ഒഴുകി പാടശേഖരം മുഴുവൻ ജലംകെട്ടി നിൽക്കുമ്പോൾ വിരിപ്പ് കൃഷിക്ക് പൊടിവിത ചെയ്യാനുള്ള സൗകര്യം ഇല്ലാത്തതുകൊണ്ടും ഇടവപാതികാലത്തെ മഴമൂലം കുളങ്ങളും തോടുകളും കരകവിഞ്ഞൊഴുകുന്ന പാടശേഖരം വെള്ളപ്പൊക്കകെടുതിയിലാകുന്ന സാഹചര്യം ഉള്ളതും കൊണ്ടാണ് ഉമയനല്ലൂർ ഏലായിൽ ഒന്നാംവിള കൃഷിചെയ്യാൻ പറ്റാത്തത്. കല്ലുകെട്ടിയ ബണ്ടുകളും കനാലുകളും പൊട്ടികിടക്കുന്നതിനാൽ ജലനിർഗമന ആഗമന സൗകര്യം കൃത്യമായി ചെയ്യാൻ കഴിയാത്തതുകൊണ്ട് മുണ്ടകൻ വിളക്ക് കൃഷിനാശം സംഭവിക്കുന്നത് 30% ത്തോളം വരും.

വെള്ളം നിയന്ത്രിക്കാനുള്ള സാഹചര്യം ഇല്ലാത്തതിനാൽ കളയെടുപ്പും മരുന്നടിയും പേരിനുമാത്രമേ നടത്താറുള്ളൂ. ആയത് കൊണ്ട് മുണ്ടകൻ കൃഷിയിൽ നിന്നും പരമാവധി 2.50 മെട്രിക്ക് ടൺ മാത്രമേ വിളവ് ലഭിക്കുകയുള്ളൂ.

ഇടത്തരക്കാരായ കർഷകരും പാവപ്പെട്ട കർഷകതൊഴിലാളികളും കൂടുതൽ ആശ്രയിച്ചിരുന്നത് നെൽകൃഷിയെ ആയിരുന്നു. ഏലായുടെ പുറം ബണ്ടുകൾ വർഷം തോറും ബലപ്പിക്കുന്നതിന് ആവശ്യത്തിന് കർഷക തൊഴിലാളികൾ ഉണ്ടായിരുന്ന കാലത്ത് ഒന്നാം വിളയായ വിരിപ്പൂ, വിഷുവിന് ശേഷം പൂട്ടി കട്ടയുടച്ച് പൊടിവിത നടത്തി കൃഷി ചെയ്തിരുന്നു. ഇടവപാതിക്കാലത്തുണ്ടാകുന്ന അധിക ജലം തോടുകളിലും ഉപതോടുകളിലും കൂടി കാരിക്കുഴി വയലിലേക്ക് ഒഴുക്കി കളയാൻ കഴിഞ്ഞിരുന്നതിനാൽ മഴവെള്ളപ്പാച്ചിലിൽ ബണ്ടുകൾ പൊട്ടി ഞാറുകൾ ഒലിച്ചുപോവുകയും വയലുകൾ മണ്ണ്കയറി മൂടുകയും ചെയ്യുകയില്ലായിരുന്നു.

വികസന പ്രവർത്തനങ്ങളുടെ പേരിൽ ഉദ്യോഗസ്ഥരും ജനപ്രതിനിധികളും ഏലായിലെ പുറം ബണ്ടുകളും കല്ല്കൊണ്ട് ബലപ്പെടുത്തുന്ന പണികൾ നടത്തിയെങ്കിലും കാലാകാലങ്ങളിൽ ബണ്ടുകൾ പൊട്ടുന്നത് കൃത്യസമയത്ത് റിപ്പയർ ചെയ്യണമെന്ന കർഷകരുടെ മുറവിളി ചെവിക്കൊള്ളാൻ ഭരണകർത്താക്കൾ തയ്യാറാകാത്തത്കൊണ്ട് കാലക്രമേണ പുറം ബണ്ടുകളും കല്ല് കെട്ടിയ കനാൽ ബണ്ടുകളും പൊട്ടിയതിനാൽ മഴക്കാലത്തുണ്ടാകുന്ന വെള്ളപ്പൊക്കം വയലുകളിലെ നെൽകൃഷിക്ക് നാശമുണ്ടാക്കുന്ന സ്ഥിതിയിലായി. കൃഷി നാശമുണ്ടാകുമ്പോൾ പുതുതായി ഞാറ്റടിയുണ്ടാക്കി കൃഷിയിറക്കാൻ മേൽത്തരം നെൽവിത്ത് കിട്ടാനുള്ള പ്രയാസം കൊണ്ട് 30% നെൽകൃഷിയ്ക്ക് നാശം സംഭവിക്കുന്ന ഈ സാഹചര്യം ശാശ്വതമായി മാറ്റുന്നതിനുള്ള പശ്ചാത്തല സൗകര്യമൊരുക്കാൻ കൃഷി, ജല

സേചനം, തദ്ദേശസ്വയം ഭരണ വകുപ്പുകൾ തയ്യാറാകാത്തതിനാൽ ഭീമമായ നഷ്ടം ഉണ്ടാകുമെന്നത് അനുഭവസാക്ഷ്യമാണ്. വേനൽക്കാലത്ത് കിണറുകളിലെ വെള്ളം വറ്റുമ്പോൾ കല്ലട ജലസേചന പദ്ധതിയിൽ മഴക്കാലത്ത് ലഭിക്കുന്ന അധിക ജലം വേണ്ട വിധം സംഭരിക്കുന്നതിന് ആവശ്യത്തിന് കുളങ്ങൾ പാടശേഖരത്തിന്റെ അരികുകളിൽ ഇല്ലാത്തതിനാൽ മഴക്കാലത്ത് ലഭിക്കുന്ന ജലം കായലിൽ ചെന്ന് ചേരുന്നത് വളരെ വേഗത്തിലാണ്. മുണ്ടകൻ വിളക്ക് മഴകുറഞ്ഞാൽ, ഏലായിൽ ആവശ്യത്തിന് വെള്ളം കിട്ടാത്തതുകൊണ്ട് നെല്ലുൽപ്പാദനം കുറയും. വെള്ളത്തിന്റെ അധിക ലഭ്യതയും ദൗർലഭ്യവും മണ്ണിന്റെ വളക്കൂറില്ലായ്മയുംകൊണ്ട് നെൽകൃഷിയുടെ ഉൽപാദനക്ഷമതയ്ക്ക് കുറവുണ്ടായതിനാൽ ചെറുകിട കർഷകർക്ക് നെൽകൃഷി കൊണ്ട് ജീവിതവൃത്തി ചെയ്യാൻ പ്രയാസം ഉണ്ടായി. കൂടുതൽ വരുമാനം ലഭിക്കുന്ന മറ്റ് കൂലിപ്പണി അന്വേഷിച്ച് പോയതോടെ കർഷകർ കൃഷിയെ പാടെ ഉപേക്ഷിച്ചു.

നിലം തരിശ്ശിടാൻ തുടങ്ങിയപ്പോൾ, തുച്ഛമായ വിലയ്ക്ക് നിലം വാങ്ങി മണ്ണിട്ട് തണ്ണീർതടങ്ങൾ നികത്തി വയലിലെ നീരൊഴുക്ക് ഇല്ലാതാക്കി കെട്ടിടങ്ങൾ കെട്ടിവിൽക്കുന്ന പരിസ്ഥിതിയ്ക്ക് ആഘാതം സൃഷ്ടിക്കുന്ന പ്രവർത്തനങ്ങൾ ഭൂമാഫിയസംഘങ്ങളുടെ നിത്യവരുമാന സ്രോതസായി മാറി. നെൽവയൽ സംരക്ഷണ നിയമലംഘനത്തിൽ കൂട്ടാളികളായവരിൽ പുത്തൻപണക്കാരും, പഞ്ചായത്ത് മെമ്പർമാരും, ഗ്രാമപഞ്ചായത്ത്, റവന്യൂ ഉദ്യോഗസ്ഥന്മാരും ഉൾപ്പെട്ടപ്പോൾ നിലം നികത്തലും വീട് വെയ്പ്പും വീടിന് രജിസ്റ്ററിൽപ്പെടാത്ത നമ്പർ നൽകലും ഒരു ഹീറോയിസമായിമാറി.

ഉമയനല്ലൂർ പാടശേഖരം മുഴുവനും കാലക്രമേണ വിറ്റൊഴിഞ്ഞു മാറാനുള്ള മാനസികാവസ്ഥയിൽ നിന്നും ഒരു വിഭാഗം കർഷകർ പിന്മാറിയത് ത്രിതല പഞ്ചായത്തുകളിൽ നിന്നും സർക്കാരിൽ നിന്നും നെൽകൃഷിക്ക് സഹായധനം ലഭിക്കുന്നതിന് കർഷകരുടെ കൂട്ടായ്മ പാടശേഖരസമിതി രൂപീകരിച്ചപ്പോഴാണ്. നിലം നികത്തുന്നതിനും വികസനത്തിന്റെ പുതിയ നക്ഷത്രങ്ങളായ ഷോപ്പിംഗ് മാളുകളും രമ്യഹർമ്മ്യങ്ങളും ഉമയനല്ലൂർ പാടശേഖരങ്ങൾ നികത്തി നിർമ്മിക്കാനുള്ള അജണ്ട പ്രാവർത്തികമാക്കാൻ ഗ്രാമപഞ്ചായത്ത് സമിതിയിലെ സാമൂഹിക ബോധമില്ലാത്ത ചില അംഗങ്ങളുടെ അടിപ്പണി പരാജയപ്പെട്ടത് ഉമയനല്ലൂർ ക്ഷേത്രോപദേശകസമിതി, രജിസ്റ്റർ ചെയ്ത് സാമൂഹിക രംഗത്ത് പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകൾ മൂന്ന് വർഷം മുമ്പ് നടത്തിയ വില്ലേജ് ഓഫീസ് ഉപരോധവും നിലം നികത്തിയ മയ്യനാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉൾപ്പെടെയുള്ള നെൽവയൽ-തണ്ണീർത്തടനിയമം ലംഘിച്ച 12 പേർക്ക് എതിരെ ഹൈക്കോടതിയിൽ കേസ് നൽകിയത് കൊണ്ടാണ്.

2015-16ൽ സർക്കാർ 12 ലക്ഷം രൂപ 69 ഹെക്ടർ സ്ഥലത്തെ നെൽക്കൃഷി ചെയ്ത 103 കർഷകർക്ക് സഹായധനം നൽകി. ഈ വർഷം 29 മെട്രിക് ടൺ നെല്ല് സിവിൽ സപ്ലൈസ് വകുപ്പിൽ ലെവിയായി നൽകിയെങ്കിലും നാളിതുവരെ അതിന്റെവില കർഷകർക്ക് വിതരണം ചെയ്തിട്ടില്ല. ഈ വർഷത്തെ കൃഷിയിൽ 2622 തൊഴിൽ ദിനങ്ങൾ കർഷകർക്ക് ലഭിക്കുകയും 50 കുടുംബശ്രീ അംഗങ്ങൾക്കും തൊഴിൽ ലഭിക്കുകയും ചെയ്തു. മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയിൽ മുഖത്തല ബ്ലോക്ക് നീർത്തടാധിഷ്ഠിത പ്രോജക്ടിൽ അംഗീകരിച്ച പണികൾ മാത്രമേ ചെയ്യാൻ പാടുള്ളൂ എന്ന സർക്കാർ ഉത്തരവ് പാലിക്കാതെ റോഡിലെ കളകൾ ചെത്തുന്ന പണി സർക്കാർ നിരോധിച്ചിട്ടുള്ളതാണെങ്കിലും അത്തരം ജോലികൾ ചെയ്ത് നിയമലംഘനം നടത്തിയ രീതിയാണ് മയ്യനാട് ഗ്രാമപഞ്ചായത്ത് അനുവർത്തിച്ചത്. 172.5 ടൺ നെല്ലും 120 ടൺ വൈക്കോലും ഉൽപാദിപ്പിക്കുവാൻ കഴിഞ്ഞു. മൂന്നാം വിളയായി പച്ചക്കറി, പയർ, മധുരകിഴങ്ങ് എന്നീ വിളകൾ ജലദൗർലഭ്യം മൂലം കൃഷി

യിറക്കാൻ കഴിഞ്ഞില്ല.

## ഐശ്വര്യത്തിലേക്കുള്ള കർമ്മപദ്ധതി

തണ്ണീർത്തടങ്ങൾ സംരക്ഷിക്കുകയും തരിശ്ശിട്ട നിലങ്ങളിൽ നെൽക്കൃഷി ചെയ്യുന്നതും നമ്മുടെ സംസ്കാരത്തിന്റെ അടിത്തറ സംരക്ഷിക്കുന്നതിന് തുല്യമാണ്. നെൽപ്പാടങ്ങൾ കേവലം മണ്ണും കളയും മാത്രമല്ല തവളയും മീനും, നീർക്കോലിയും പുല്ലും, പുൽച്ചാടിയും ചേർന്ന ആവാസവ്യവസ്ഥയുടെ പാരിസ്ഥിതിക ഗുണങ്ങൾ നൽകുന്നതാണ്. കൂടാതെ വർഷം മുഴുവൻ നെൽക്കൃഷി ചെയ്യുമ്പോൾ നിലങ്ങളിൽ തങ്ങിനിൽക്കുന്ന ജലശേഖരം ഭൂഗർഭ ജലത്തിന്റെ തോത് ഉയർത്തി വരൾച്ചയുടെ കെടുതിയിൽ നിന്നും രക്ഷപ്പെടുത്തുന്നതിനും പരിസ്ഥിതി സന്തുലിതമാക്കാനും നീർച്ചാലുകളുടെ എണ്ണം വർദ്ധിപ്പിക്കാനും വളരുന്ന പിഞ്ചു കുഞ്ഞുങ്ങൾക്ക് ദാഹജലം ആവോളം ലഭിക്കുന്നതിനും നമ്മുടെ ഭക്ഷ്യസുരക്ഷ ഉറപ്പാക്കാനും അനിവാര്യമാണ്. നെൽക്കൃഷി നിലനിർത്താനുള്ള ശ്രമങ്ങൾ ജനങ്ങളുടെ പട്ടിണിയകറ്റുന്നതിനും ജനങ്ങളുടെ നിലനിൽപ്പിന്റെ അവസാനകണ്ണികൾ അറ്റുപോകാതിരിക്കുന്നതിനുള്ള വിളക്കിച്ചേർക്കൽ കാർഷിക സംസ്കാരത്തിന്റെ സംരക്ഷയ്ക്കുള്ള കർമ്മപഥമാണ്.

വിഭവ സമാഹകരണങ്ങളും സേവനങ്ങളും സമന്വയിപ്പിച്ച് സുസ്ഥിര കർഷക വികസനം ഉറപ്പാക്കാനുള്ള സംഘാടക ശേഷി ആർജ്ജിക്കുവാൻ കർഷകരും കർഷകതൊഴിലാളികളും കൂടാതെ ജനപ്രതിനിധികളും ഉദ്യോഗസ്ഥാനുദ്യോഗസ്ഥനും ഒത്തൊരുമയോടെ പ്രവർത്തിക്കണം. കൂടാതെ സഹകരണ സ്ഥാപനങ്ങൾ സന്നദ്ധ സംഘടനകൾ, കാർഷിക മൃഗസംരക്ഷണ സർവ്വകലാശാലകൾ, ഗവേഷണ സ്ഥാപനങ്ങൾ, കോർപ്പറേറ്റ് ഏജൻസികൾ എന്നിവയുടെ ഏകോപനത്തിൽ ഉരുത്തിരിയുന്ന കൂട്ടായ്മയുടെ സംഘടിത പ്രസ്ഥാനത്തിനായി ഒരു സംവിധാനം വിഭാവന ചെയ്യുകയാണ്.

ഉമയനല്ലൂർ പാടശേഖരത്തിലെ നെൽക്കൃഷി സുസ്ഥിരമായി വികസിക്കുന്നതിന് കർകരുടെ പങ്കാളിത്തം ഉറപ്പാക്കണം. കൃഷിയെ സ്നേഹിക്കുന്ന കുടുംബശ്രീ പ്രവർത്തകരെ യന്ത്രവൽകൃത കൃഷി ചെയ്യാൻ പരിശീലനത്തിലൂടെ പ്രാപ്തമാക്കുന്ന വനിതകളുടെ കൂട്ടായ്മ ഹരിത മഹിളാ ജൈവസേന (ഗ്രീൻസ്ക്വാഡ്) രൂപീകരിച്ച് പ്രവർത്തിക്കുന്ന ഒരു കാർഷിക കമ്പനിയുടെ രൂപീകരണമാണ് വിഭാവനം ചെയ്യുന്നത്. കൃഷിയുമായി ബന്ധപ്പെടുന്ന വകുപ്പുകൾ, ഏജൻസികൾ, പൊതുമേഖലാസ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ, ദേശസാൽക്കൃത ബാങ്കുകൾ, സർക്കാർ സ്ഥാപനങ്ങൾ, എൻ.ജി.ഒകൾ എന്നിവയുടെ പ്രതിനിധികളെ ഉൾപ്പെടുത്തിയുള്ള ആസൂത്രിത നിർവ്വഹണനിരീക്ഷണയൂണിറ്റിന്റെ കീഴിൽ കാർഷിക വികസന പ്രോജക്ട് മാനേജ്മെന്റ് സെൽ രൂപീകരിക്കപ്പെടുവാനാണ് ഉദ്ദേശിക്കുന്നത്.

ഉമയനല്ലൂർ ഏലായിലെ നെല്ല്, പച്ചക്കറി, എള്ള്, മധുരകിഴങ്ങ് എന്നിവ ജൈവ രീതിയിൽ കൃഷി ചെയ്യുക. അസംസ്കൃത കാർഷിക വിഭവങ്ങൾ ഉപയോഗിച്ച് മൂല്യവർദ്ധിത കാർഷികോത്പന്നങ്ങൾ ഉത്പാദിപ്പിക്കുന്ന ചെറുകിട വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുക. അതിനായി മുദ്ര വായ്പകൾ ഉപയോഗപ്പെടുത്തുക. അവിടെ ഉത്പാദിപ്പിക്കപ്പെടാവുന്ന സംസ്കൃത ഉത്പന്നങ്ങൾക്ക് വിപണി കണ്ടെത്തി കർഷകരുടെ സാമ്പത്തിക ഉന്നമനം ഉറപ്പാക്കുന്നതിന് ലക്ഷ്യമിടുന്ന പ്രോജക്ട് ആസൂത്രണം ചെയ്ത് അഞ്ച് വർഷം കൊണ്ട് നടപ്പിലാക്കാനുള്ള സുസ്ഥിര വികസന നയമാണ് വിഭാവന ചെയ്യുന്നത്.

## പ്രോജക്ടിൽ പങ്കാളികളാകേണ്ട സർക്കാർ വകുപ്പുകളും പൊതുമേഖലാ സ്ഥാപനങ്ങളും മറ്റ് ഏജൻസികളും.

### കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്

1. കൃഷിഭവൻ, മയ്യനാട്
2. ജില്ലാ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്
3. മണ്ണ് പരിശോധനാ ലാബ്, കൊല്ലം
4. ചടയമംഗലം നീർത്തടാധിഷ്ഠിത പരിശീലന കേന്ദ്രം
5. കൊല്ലം ജില്ല ആത്മ വിഭാഗം
6. കൊല്ലം ജില്ല വെജിറ്റബിൾ ആന്റെ ഹോർട്ടികൾച്ചർ പ്രമോഷൻ കൗൺസിൽ
7. ഹോർട്ടികൾച്ചർ ഡവലപ്മെന്റ് കോർപ്പറേഷൻ
8. കൊല്ലം ജില്ലാ അഗ്രികൾച്ചറൽ എഞ്ചിനിയറിംഗ് ഓഫീസ്
9. കേരളാ ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ റീജിയണൽ സെന്റർ, കൊല്ലം
10. കാർഷിക സർവ്വകലാശാല - റീജിയണൽ സെന്റർ, സദാനന്ദപുരം, കൊട്ടാരക്കര
11. കേരള സ്റ്റേറ്റ് അഗ്രികൾച്ചറൽ കൺസോർഷ്യം
12. ഗ്രാമപഞ്ചായത്ത്, മയ്യനാട്
13. ബ്ലോക്ക് പഞ്ചായത്ത്, മുഖത്തല
14. ജില്ലാ പഞ്ചായത്ത്, കൊല്ലം

### തദ്ദേശ സ്വയംഭരണ വകുപ്പ്

1. ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണർ, എം.ജി.എൻ.ആർ.ഇ.ജി.എസ്., ഗ്രാമവികസന വകുപ്പ്, കൊല്ലം
2. കുടുംബശ്രീ മിഷൻ, കൊല്ലം

### റവന്യൂവകുപ്പ്

1. റവന്യൂ ഡിവിഷണൽ ഓഫീസർ
2. അഡീഷണൽ തഹസീൽദാർ, കൊല്ലം
3. വില്ലേജ് ഓഫീസർ, മയ്യനാട്

### സഹകരണ സ്ഥാപനങ്ങൾ

1. മയ്യനാട് സർവ്വീസ് സഹകരണബാങ്ക്

2, മയ്യനാട് റീജിയണൽ സഹകരണ ബാങ്ക്

3. മയ്യനാട് അർബൻ സഹകരണ ബാങ്ക്
4. വാഴപ്പള്ളി സർവ്വീസ് സഹകരണ ബാങ്ക്
5. കൊല്ലം ലാന്റ് ഡവലപ്മെന്റ് ബാങ്ക്

### ദേശസാൽക്കൃത ബാങ്കുകൾ

1. ഇൻഡ്യൻ ബാങ്ക്, മയ്യനാട്
2. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ
3. നബാർഡ്, കൊല്ലം ജില്ല

### ഷെഡ്യൂൾഡ് ബാങ്ക്

1. ഫെഡറൽ ബാങ്ക്, കൂട്ടിക്കട

### വ്യവസായ വകുപ്പ്

1. വ്യവസായ വികസന ഓഫീസർ (ചെറുകിട വിഭാഗം) എൻ.ജി. ഒ. കൺസോർഷ്യം

### കാർഷിക വികസനം ലക്ഷ്യമിട്ട് പ്രവർത്തിച്ചു വരുന്ന സന്നദ്ധ സംഘടനകളുടെ കൂട്ടായ്മ

1. ഹെൽപ്പ് ഫൗണ്ടേഷൻ
2. ജനശക്തി
3. മയ്യനാട് സംഗമം, തിരുവനന്തപുരം
4. മാനവസേവ
5. സഞ്ജീവനി

## ഹരിത മഹിളാ ജൈവസേന

ദേശീയ കാർഷിക രംഗത്ത് നവോത്ഥാനം ലക്ഷ്യയമിട്ട് ഗ്രാമീണ ഉപജീവനമിഷന്റെ ഭാഗമായി സ്ത്രീ ശക്തീകരണം തത്വത്തിലൊതുക്കികളയാതെ പ്രാവർത്തികമാക്കാൻ കേന്ദ്രസർക്കാർ പുതിയ പദ്ധതിയായ മഹിളാ കിസാൻ ശാക്തീകരണ പരിയോജന (എം.കെ.എസ്.പി) 2011-ൽ തൃശ്ശൂർ, പാലക്കാട്, മലപ്പുറം ജില്ലകളിൽ ആരംഭിച്ചത് പൈലറ്റ് പദ്ധതിയായിട്ടായിരുന്നു. യന്ത്രവൽകൃത നെൽ കൃഷി സംവിധാനങ്ങൾ തിരഞ്ഞെടുക്കപ്പെട്ട തൊഴിലുറപ്പ് സ്ത്രീ തൊഴിലാളികൾക്ക് പ്രത്യേക പരിശീലനം നൽകി ബ്ലോക്ക് പഞ്ചായത്ത് അടിസ്ഥാനത്തിൽ ലേബർ ബാങ്കുകൾ രൂപീകരിച്ചു. ഈ വികസന മാതൃക മറ്റ് ജില്ലകളിലും ആവർത്തിക്കപ്പെടാൻ യോജിച്ച പദ്ധതിയാണ്. മഹിളാജൈവസേനയുടെ സേവനം തകർന്നുകൊണ്ടിരിക്കുന്ന നെൽകൃഷിയിലെ കർഷക തൊഴിലാളികളുടെ ക്ഷാമം ഇല്ലാതാക്കി ഗ്രാമീണ ഐശ്വര്യം സുരക്ഷിതമാക്കുന്ന മഹത്തായ സംരഭത്തിന്റെ മാതൃകയിൽ, ഉമയനല്ലൂർ പാടശേഖരത്തിലെ നെൽകൃഷിയും മറ്റ് ഉപവിളകളും ശാസ്ത്രീയമായി കൃഷി ചെയ്യാനും ഗ്രൂപ്പടിസ്ഥാനത്തിൽ കന്നുകാലി വളർത്തലിൽ പശുക്കളേയും തൊഴുത്തും പവർ പമ്പുപയോഗിച്ച് കഴുകാനും കറവയന്ത്രങ്ങളുപയോഗിച്ച് കൃത്യ സമയങ്ങളിൽ പാൽ കറന്ന് ശുദ്ധമായ പാലിന്റെ നറുമണം മാറാതെ വിതരണം ചെയ്യാൻ കുടുംബശ്രീ യൂണിറ്റുകളെ സഹായിക്കാനും മഹിളാ ജൈവ സേനാംഗങ്ങളുടെ സേവനം നൽകാനും പ്രോജക്റ്റ് ലക്ഷ്യമിടുന്നു. കാർഷിക വികസന, ക്ഷീരവികസന വകുപ്പുകളുടെ ഹൈടെക് കാർഷിക വികസന പ്രത്യേക പദ്ധതിയായി പൈലറ്റടിസ്ഥാനത്തിൽ ചെയ്യുവാനുള്ള സാമ്പത്തിക സാങ്കേതിക സേവനങ്ങൾ സർക്കാർ തലത്തിൽ 2015-ലെ കേരള കാർഷിക വികസനനയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി സമാഹരിക്കാമെന്നാണ് വിഭാവന ചെയ്യുന്നത്.

# അനുബന്ധം

## കേര-കാലി-മത്സ്യ ഗ്രാമം

ഉമയനല്ലൂർ ഏലായിലെ നെൽകൃഷിക്കാരുടെ വരുമാനം സ്ഥിരമായി ലഭിക്കുന്നതിന് ഉപ തൊഴിലുകളായി പശു, ആട്, കോഴി, തേനീച്ച എന്നിവ വളർത്തുന്നതിനുള്ള പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിന് മൃഗ സംരക്ഷണം, ക്ഷീര വികസനം, മത്സ്യ വികസനം എന്നീ വകുപ്പുകളുടെ പദ്ധതികളും സേവനങ്ങളും സംയോജിപ്പിച്ചുള്ള സമീകൃത കൃഷി നടത്തുവാൻ കർഷകരെ പ്രോത്സാഹിപ്പിക്കേണ്ടതാണ്. പുതിയ കാർഷിക മൃഗസംരക്ഷണ വികസന കാഴ്ചപ്പാട് കർഷകർക്കും യുവാക്കൾക്കും ഉണ്ടാക്കി മുഴുവൻ സമയ കൃഷിയും അനുബന്ധ വ്യവസായങ്ങളും നടത്തി ജീവനോപാധിയാക്കാൻ ജനങ്ങളെ പ്രാപ്തരാക്കണം.

മയ്യനാട് പഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളുടെയും ഉപജീവനം തെങ്ങ് കൃഷിയാണ്. കേന്ദ്ര നാളീകേര വികസന ബോർഡിന്റെ തെങ്ങ് പുനരുദ്ധാരണ പദ്ധതി നടപ്പിലാക്കി വരുന്ന പഞ്ചായത്താണ് മയ്യനാട്. പക്ഷെ തെങ്ങിനെ പ്രധാന കൃഷിയായി കണ്ടുള്ള

പരിചരണം നൽകാൻ തേങ്ങയുടെ വിപണിയിലെ താഴ്ന്നവിലയും ഉയർന്ന കൃഷിചെലവും മൂലം, കർഷകർ വിമുഖരാണ്. നാളീകേര വികസന ബോർഡിന്റെ നിർദ്ദേശ പ്രകാരം പ്രാഥമിക നാളികേര ഉൽപാദന സൊസൈറ്റി രൂപീകരണത്തിൽ ലക്ഷ്യം കൈവരിക്കാനുള്ള ശ്രമങ്ങൾക്ക് ആക്കം കൂട്ടിയാൽ നീര ഉൽപാദന യൂണിറ്റും നാളീകേരത്തിൽ നിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണ യൂണിറ്റുകളും സ്ഥാപിക്കുന്നതിന് നാളീകേര ബോർഡിന്റെ സാമ്പത്തിക സഹായം സ്വരൂപിക്കുവാൻ പ്രോജക്ട് ലക്ഷ്യമിടുന്നുണ്ട്. തെങ്ങിൻതോട്ടങ്ങളിൽ മിശ്രവിള കൃഷിയായി കരനെല്ല്, ഇഞ്ചി, മഞ്ഞൾ, കാച്ചിൽ, കൊക്കോ എന്നിവയുടെ കൃഷി നെൽകർഷകർക്ക് അധിക കാർഷികാദായം ലഭിക്കുവാൻ സഹായകരമാണ്. തെങ്ങിൻതോപ്പുകളിൽ ഡ്രിപ്പ് ഇറിഗേഷൻ സിസ്റ്റവും, ജലസേചനകുഴലുകളിൽ കൂടി ദ്രാവക രൂപത്തിലുള്ള ജീവാണു വളവും മണ്ണിരസത്ത വളവും നൽകുന്ന ആധുനിക കൃഷിരീതി ഉൽപാദന വർദ്ധനവിനെ സഹായിക്കും. കേന്ദ്രസർക്കാർ പദ്ധതികളായ രാഷ്ട്രീയ കൃഷിവികാസ് യോജന, പ്രധാനമന്ത്രി കൃഷി സഞ്ചായ് യോജന, നബാർഡിന്റെ ആർ എൽ ഡി എഫ് പദ്ധതി, സംസ്ഥാന സർക്കാരിന്റെ വികസന പദ്ധതികളുടെ സഹായം, നെൽവയൽ സംരക്ഷണത്തിന് സമന്വയിപ്പിക്കാവുന്നതാണ്.

## പശ്ചാത്തല മേഖല

ഉമയനല്ലൂർ ഏലായിൽ വിരിപ്പു മുണ്ടകൻ കൃഷി ചെയ്യണമെങ്കിൽ പൊട്ടിപ്പൊളിഞ്ഞ് കിടക്കുന്ന കനാൽ ബണ്ടുകളുടെയും തോടുകളുടെയും റിപ്പയറും ജലസേചനത്തിനായി നിർഗ്ഗമന-ആഗമന ഷട്ടറുകളും മറ്റ് മരാമത്ത് പ്രവർത്തനങ്ങളും നടത്തണം. 6 കിലോമീറ്റർ കനാലുകളും തോടുകളും ഉണ്ട്. ഇവയ്ക്ക് വേണ്ട മതിപ്പ് ചെലവ്

6 കിലോമീറ്റർ എ) കല്ല് കയ്യാല- ഏകദേശം 72 ലക്ഷം രൂപ

ബി) കല്ല് അടുക്കൽ - ഏകദേശം 75ലക്ഷം രൂപ

ഈ പാടശേഖരത്തിൽ പുനരുദ്ധാരണ പണികൾ കയർ ഭൂവസ്ത്രവും (ജിയോടെക്സ്റ്റൈൽസ്), മൺ ബണ്ടുകൾ, ഷട്ടറുകൾ നിർമ്മാണം ജൈവ രീതിയിൽ നടത്തുകയാണെങ്കിൽ ഏകദേശം 40 ലക്ഷത്തോളം രൂപയിൽ പണികൾ പൂർത്തീകരിക്കുവാൻ കഴിയും. മഴക്കാലത്തെ വെള്ളപ്പൊക്കം നിയന്ത്രിക്കുവാൻ കഴിയുകയും മഴക്കാലത്തെ അധികജലം സംഭരിക്കുന്നതിന് ഒരു കുളം നിർമ്മിക്കുന്നതിന് കോണ്ടൂർ സർവ്വേ പ്രകാരം സ്ഥലം നിർണ്ണയിക്കണം. ഈ കുളത്തിന്റെ സൈഡ് ബണ്ടുകൾ ജൈവ രീതിയിൽ നിർമ്മിച്ച് അവ സംരക്ഷിക്കുന്നതിനും കയർ ഭൂവസ്ത്രം പരമാവധി ഉപയോഗിക്കുന്നത് കയർമേഖലയിലെ തൊഴിലാളികൾക്ക് തൊഴിലവസരം വർദ്ധിപ്പിക്കുന്നതിനും ഇടയാക്കും. ഏകദേശം 25 ലക്ഷത്തോളം രൂപവകയിരുത്തേണ്ടതാണ്. നിലവിൽ മണ്ണ് വീണ് നികന്ന കോവൂർ ചിറയും പുല്ലാംകുഴി ചിറയും മണ്ണ് മാറ്റി ബണ്ടുകൾ ബലപ്പെടുത്തി പുനരുദ്ധരിച്ചാൽ ഒന്നും രണ്ടും വിളകൾ കൂടാതെ 20 ഹെക്ടർ പുഞ്ചയും കൃഷി ചെയ്യാൻ കഴിയുന്നതാണ്. നെൽവയൽ സംരക്ഷിക്കുന്നതിനായി ഈ പണികൾ ഏറ്റെടുത്തു നടത്തുവാൻ പ്രോജക്ട് വിഭാവനം ചെയ്യുന്നു. ഒരു ഗ്രാമീണ കാർഷിക മാർട്ട് ആരംഭിക്കുവാനും ലക്ഷ്യമിടുന്നു.

ഈ പ്രോജക്ടിന്റെ ആദ്യത്തെ രണ്ട് വർഷം കൊണ്ട് പുനരുദ്ധാരണ പണികൾ നടത്തിക്കഴിഞ്ഞാൽ മൂന്നാം വർഷം മുതൽ വിരിപ്പ്, മുണ്ടകൻ, നെൽക്കൃഷി 70 ഹെക്ടർ വീതവും മൂന്നാംവിള പുഞ്ചകൃഷി 15-20 ഹെക്ടറും കൃഷി ചെയ്യാനും കർഷകർക്ക് മുഴുവൻ സമയ കാർഷിക അനുബന്ധ തൊഴിലും മെച്ചപ്പെട്ട സാമ്പത്തിക നേട്ടവും ഉണ്ടാക്കുന്ന ഒരു പ്രോജക്ടാണ് വിഭാവനം ചെയ്യുന്നത്. (അനുബന്ധം താഴെ കൊടുത്തിരിക്കുന്നു), കൂടാതെ

## UMAYANALLOOR PADASEKHARAM- MANDAYS & PRODUCTIVITY CALCULATION

| Crop | Required Mandays/ ha | | Total Area (ha) | Total Mandays | Production | Paddy Straw Production | Cost of Production/ ha | Projected Total Area after strengthening works (ha) | Projected Production | Projected Yearly Income |
|---|---|---|---|---|---|---|---|---|---|---|
| Paddy- Viripp | 28 | 32 | 40 | 2400 | | | | 60 | 4.5 MT/hectare | INR 5,805,000 |
| Paddy- Mundakan | 28 | 38 | 70 | 4620 | 2.5 MT/hectare | 3MT/hectare | 32000 | 70 | 5 MT/hectare | INR 7,525,000 |
| Paddy- Summer | 30 | 38 | 10 | 680 | | | | 20 | 5 | INR 2,150,000 |
| Cow pea | 12 | 14 | 10 | 260 | 0.5 MT/hectare | | 20000 | 10 | MT/hectare | INR 250,000 |
| Sesamum | 10 | 14 | 10 | 240 | 0.5MT/hectare | | 20000 | 5 | 0.5MT/hect | INR 187,500 |
| Vegetable | 25 | 38 | 5 | 315 | 15MT/hectare | | 12000 | 15 | 15MT/hecta | INR 9,000,000 |
| Sweet potato | 20 | 35 | 2 | 110 | 30MT/hectare | | 50000 | 10 | 30MT/hecta | INR 6,000,000 |
| Sum Total | 153 | 209 | 147 | 8625 | | | | 190 | | INR 30,917,500 |

**Remarks: This excludes preparatory cultivation through Mechanical means**

Outer bund - 6000 m DR Packing 72 lakh

Outer bund - 6000 m RR 75 lakh

Construction of Two new ponds for holding surplus water

15 ഹെക്ടർ പച്ചക്കറി കൃഷിയും വൻ പയർ, എള്ള്, മധുരകിഴങ്ങ് എന്നിവയും വേനൽക്കാലത്ത് കൃഷി ചെയ്ത് പാടശേഖരം പൂർണ്ണമായി കാർഷികോത്പാദനത്തിനായി ഉപയോഗപ്പെടുത്താനാണ് പ്രോജക്ട് ലക്ഷ്യം. ഈ പദ്ധതി വിഭാവനം ചെയ്യുന്ന തലത്തിൽ പൂർത്തിയാക്കുകയാണെങ്കിൽ 5 വർഷം കൊണ്ട് 154587500 രൂപയുടെ കാർഷികോത്പന്നങ്ങൾ കർഷകർക്ക് ഉത്പാദിപ്പിക്കാൻ കഴിയും. കൂടാതെ മൂല്യാധിഷ്ഠിതമാക്കിയ ഉത്പന്നങ്ങൾ നിർമ്മിക്കുമ്പോൾ ചുരുങ്ങിയത് 20% വരുമാനം കൂടി കർഷകർക്ക് ലഭ്യമാകുന്നതാണ്. ഇത് കർഷകന്റെ മനസ്സും പത്തായവും നിറക്കുകയും കർഷക തൊഴിലാളിക്ക് വർഷം മുഴുവൻ കാർഷികവൃത്തി ചെയ്ത് ജീവിക്കുവാനുള്ള സാഹചര്യം ഉരുത്തിരിയുകയും ചെയ്യും.

**“ വല്ലം നിറ, ഇല്ലം നിറ.”**


Veluthoda Kulam
Kovipuram Kulam (Agricultural Office)
Mattappalli Kulam (Inside Private Compound)
kanchankuzhi Water (Concrete Slab)
Mannani Kulam
Kalliakkal Erakkam Kulam
Eerazhu Kulam
Adavathenu Amma Kulam
Ambala chira- Umayanalloor Ela Thoodu
Mannani Kulam Thoodu
Kara Cheery Kulam
Valli Ambalam Thoodu
koovur chira- Umayanalloor Ela Thoodu
Arrattu Kulam
Kandasseri Kulam
Kuttikkadu Kulam


Eeerathu Chira
koodiiruthu Vayal
Ambala Chira


Mannani Kulam Thoodu
Ambala chira- Umayanalloor Ela Thoodu
Merging Point Towards Kazhikuzhi Ela( Arratuu Kulam Thodu, Mannikulam Thodu, Ambala Chira Thodu, Kovur Chira Thodu)
Valli Amballam Thoodu
koovur chira- Umayanalloor Ela Thoodu



അനുഭവം,
അതാണ് സത്യം!
അനുഭവിച്ചറിയൂ, 916 പരിശുദ്ധ
സ്വർണ്ണാഭരണങ്ങളുടെ
ശരിയായ പണിക്കൂലി ഇളവും
ഉപഭോക്തൃ സേവനവും.
CELEBRATING 100 YEARS
916 BIS HALLMARKED
CHUNGATH
Jewellery
അനുഭവം, അതാണ് സത്യം!
M.G. Road,
ERNAKULAM
Ph : 0484-2369916
Ayurveda College Jn.,
THIRUVANANTHAPURAM
Ph : 0471-2464916
KOLLAM
Ph : 0474-2745214
KARUNAGAPPALLY
Ph : 0476 - 2632030
Valet Parking Available | OPEN ON SUNDAYS
HUES






THE CHAPTER®
COLLEGE FOR COMMERCE
ISO 9001:2008 CERTIFIED

Saraswathy Mandiram, Mundakkal, Near S N C Jn., Kollam-1. 0474 2741929, 2743949, 9447744029
www.thechapterkollam.com, thechaptercollege@gmail.com, f/thechapter

PLUS TWO COMMERCE | BCom | MCom | BANK TEST COACHING | Tally.ERP 9 ACADEMY | C-Dit COMPUTER COURSES

Printit! - PARIPPALLY - 944 644 51 51